# അത്തപ്പൂവുകൾ

സ്വാമി ബ്രഹ്മവ്രതൻ

Malayalam

ATTHAPPOOVUK[illegible]

[illegible]AYS

**Swamy Brahma Vruthen**

First Impression 1000 Copies

April 1971

Rights Reserved by the Publishers

**Sree Narasimha Vilasom Book Depot,**

THURAVOOR.

*Printed at Teediyar Printers, Cochin-1.*

3-00

# അത്തപ്പൂവുകൾ

ഉപന്യാസങ്ങൾ

Jawahar Balbhavan & Children's Library, KOTTAYAM.

5/3/91

## സ്വാമി ബ്രഹ്മവ്രതൻ

ശ്രീ നരസിംഹവിലാസം ബുക്ക് ഡിപ്പോ
തുറവൂർ :: കേരളം
3-00

## സ്വാമി ബ്രഹ്മവ്രതന്റെ കൃതികൾ

S. N. V. പ്രസിദ്ധംചെയ്തവ

നോവൽ

x അധികാരഭ്രാന്തന്മാർ
x എസ്തേർ എന്ന യഹൂദസുന്ദരി
x ദാറാ
നാട്ടിൽനിന്നു് നഗരത്തിലേക്കു്
x പേഷ്വായുടെ മുസ്ലിം റാണി
x വിഷജ്വാല

നാടകം

x അരുണോദയത്തിലെ അദ്ധരാത്രി
x കാററു വിതച്ചു കൊടുങ്കാററു കൊയ്തു
x ചിതോരത്തിലെ ചിതാഭസ്മം
പാൽപായസം

കവിത

ദിവ്യസ്മരണ

ഉപന്യാസം

അത്തപ്പൂവുകൾ

x സ്കൂൾ ലൈബ്രറിക്കു് അംഗീകാരമുള്ളവ.

# വിഷയവിവരം


| | |
|---|---|
| ഐതിഹ്യങ്ങളിൽനിന്നു് അത്തപ്പൂവുകളിലേക്കു് | 9 |
| ഭൗതികവാദം മനുഷ്യനെ അപഗ്രഥിക്കുമ്പോൾ | 19 |
| അഹിംസയുടെ തത്വശാസ്ത്രം | 31 |
| യുഗസ്രഷ്ടാവായ ആചാര്യൻ | 42 |
| വാഗ്മിത്വം ഭാരതീയദൃഷ്ടിയിൽ | 50 |
| യുക്തിവാദത്തിന്റെ യുദ്ധഭൂമിയിൽ | 57 |
| വ്യക്തിത്വസിദ്ധാന്തം | 70 |
| മാൻ, പ്രേമം, സ്വല്പം വിപ്ലവവും | 79 |
| സന്യാസികളും ഭ്രാന്തപ്പടയും | 87 |
| യുദ്ധം—യുദ്ധം | 96 |
| ഗാനരചന മലയാളത്തിൽ അന്നും ഇന്നും | 108 |
| അംഗുലീമാലൻ | 125 |
| പുനർജ്ജന്മം | 139 |

## ഐതിഹ്യങ്ങളിൽനിന്നു്
## അത്തപ്പൂവുകളിലേക്കു്

ശരൽക്കാലത്തിന്റെ ശാലീനമായ നിഷ്കലതയും വസന്തത്തിന്റെ വശീകരമായ മാദകതപവും കൈകോത്തു പിടിച്ചുകൊണ്ടു്, പുഷ്പങ്ങളെക്കൊണ്ടു പുഞ്ചിരിതൂകി ചിങ്ങമാസം ഒരു നവവധുവിനെപ്പോലെ വരുകയായി. അന്തരാന്തരാ, പനിനീർ തളിക്കുന്ന നനുനനുത്ത മഴയും, താലവൃന്ദം വീശുന്ന കുളിർകാററും പൊട്ടിവിടുന്ന വെയിൽവെളിച്ചവും നിശാസൗന്ദര്യത്തിനു് വെണ്മയേറിയ നൈലോൺ മൂടുപടമിടുന്ന നറുനിലാവുമൊക്കെ ആ മാസത്തിന്റെ സവിശേഷ വൈചിത്ര്യങ്ങളാണു്. ഒക്കെപ്പോടെ കേരളശ്രീ കോൾമയിർക്കൊണ്ടു നൃത്തംവയ്ക്കുന്ന ഒരു സുവർണ്ണകാലം! കേരളത്തിന്റെ പുതുവർഷപ്പിറപ്പും വിളവെടുപ്പുംകൂടിയാകുമ്പോൾ ആ കാലത്തിന്റെ സവിശേഷത പൂർണ്ണതപൂകുന്നു!

കാലത്തിന്റെ ദശാസന്ധികളെയും പരിവർത്തനങ്ങളെയും വെല്ലുവിളിച്ചു് അതിജീവിക്കുന്ന ഈ ഓണം എന്താണു്?

## ഓണത്തിൻെറ ഇതിഹാസം

പരമ്പരയായി ഓണം, പഴയൊരൈതിഹ്യത്തിന്റെ ഊട്ടം പാവുംകൊണ്ട് നെയ്തുവച്ചിരിക്കയാണ്. വിഷ്ണു വാമനനായി വന്ന് ധാർമ്മികനായ മഹാബലി ചക്രവർത്തിയെ വഞ്ചിച്ചു തോല്പിച്ച് പാതാളത്തിലാക്കി. വാമനൻ മഹാബലിക്ക് താൻ ഭരിച്ച കേരളത്തെ ആണ്ടിലൊരിക്കൽ വന്നു കണ്ടുകൊള്ളുവാൻ ദയവായി അനുവാദം കൊടുത്തു. ഈ ഇതിഹാസകഥയുടെ ദുർബ്ബലമായ അടിത്തറയിലാണ് ഓണം ഇന്നും നില്ക്കുന്നത്. ഈ അടിത്തറ ഒന്നു പരിശോധിക്കാനോ, ചികഞ്ഞൊന്നു നോക്കാനോ ചരിത്രകാരന്മാർതന്നെയും കാര്യമായി മെനക്കെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. ദൈവമായ വിഷ്ണു മഹാബലിക്കഥയിൽ ഏതു ലോകനീചനേക്കാളും അധഃപതിച്ചുപോയിരിക്കുന്നു. ആരാധ്യനായ ഒരു ദൈവത്തെ അങ്ങനെ അറിഞ്ഞുകൊണ്ട് പൗരാണികന്മാർ അധഃപതിപ്പിക്കാൻ വഴികാണുന്നില്ല. അപ്പോൾ പിന്നെ ആ കഥ കെട്ടിച്ചമച്ചവർക്കു പററിയ യുക്തിദാരിദ്ര്യമായിരിക്കുമതെന്നു സമാധാനിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു മഹാബലിക്കഥയുടെ മറനീക്കി ഓണത്തിൻെറ ഉള്ളിലേക്കു നോക്കേണ്ടിവരുന്നു, അസ്പഷ്ടങ്ങളായെങ്കിലും വല്ല ചരിത്രസത്യാംശങ്ങളും അവിടവിടെയെങ്കിലും കണ്ടെത്താനുണ്ടോ എന്ന്.

ക്രിസ്തുവർഷത്തിന്റെ ആരംഭദശകത്തിൽതന്നെ ഓണം കേരളീയർക്ക് ഒരു മഹോത്സവമായിരുന്നു. ചുരുങ്ങിയത് രണ്ടായിരം വർഷമെങ്കിലും പഴക്കമുണ്ടാകണം ഓണ

ത്തിനൊന്നാണു് ചരിത്രകാരന്മാരുടെ അഭിപ്രായം. അത്രയുംതന്നെ പഴക്കമുള്ള ഉത്സവങ്ങൾ ലോകത്തിലെ പല രാജ്യങ്ങളിലും ഉണ്ടായിരുന്നിട്ടുണ്ടു്. പുരാതന ഗ്രീസിലെ "സെറിക്കലിയാ"യും റോമാക്കാരുടെ "ജുവനേലിയാ"യും മററു പല പാശ്ചാത്യരാജ്യങ്ങളിലെ പുതുവത്സരാഘോഷങ്ങളും വസന്തോത്സവങ്ങളുമൊക്കെ ഇവിടെ ഉദാഹരണത്തിനെടുക്കാവുന്നതാണു്. ക്രിസ്ത്വബ്ദം രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന 'മാംകടി മരുതനാർ' എഴുതിയ 'മതുരൈ കാഞ്ചി' എന്ന കൃതിയിൽ അക്കാലം മധുരയിലും മററു തമിഴ്നാട്ടുകളിലും ഓണം ആഘോഷിച്ചിരുന്നതായി തെളിയിക്കുന്ന ഭാഗങ്ങളുണ്ടു്. 11-ാം ശതാബ്ദത്തിൽ കേരളത്തിൽ വന്ന 'ആൽബറൂണി' എന്ന സഞ്ചാരിയും 1154-ൽ വന്ന അൽ ഇദ്രാസി എന്ന സഞ്ചാരിയും 1159-ൽ വന്ന ബഞ്ചമിൻ എന്ന സഞ്ചാരിയും എഴുതിയിട്ടുള്ള കുറിപ്പുകളിൽനിന്നും കേരളത്തിൽ ഹിന്ദുക്കളും കൃസ്ത്യാനികളും മുസ്ലിംകളും യഹൂദരും ഒരുപോലെ ഓണം ആഘോഷിച്ചിരുന്നു എന്നു രേഖപ്പെടുത്തിയിട്ടുണ്ടു്. ബുദ്ധമത പ്രചാരത്തിൻെറ ഏതാണ്ടു് ആദ്യഘട്ടത്തിൽ കേരളത്തിൽ വന്ന അഗസ്ത്യാനന്ദൻ എന്ന ബുദ്ധഭിക്ഷുവും ഇതേവിധംതന്നെ ഓണത്തെക്കുറിച്ചുള്ള രേഖകൾ തരുന്നുണ്ടു്.

പ്രാചീനകാലത്തെ ഓണത്തെക്കുറിച്ചു് 'ബർത്തലേമ്യൂ' എന്ന ദേശസഞ്ചാരി കുറിച്ചുവച്ചിട്ടുള്ളതിൽ "ഓണക്കാലത്തു് തടവുകാർക്കു മാപ്പുനൽകിയിരുന്നതായും നാട്ടുവാഴികളും രാജാക്കന്മാരും പ്രഭുക്കളും, പാവപ്പെട്ടവരെ സ്നേഹപൂർവ്വം ക്ഷണിച്ചുവരുത്തി നിവേദ്യയും പുതു

വസ്ത്രങ്ങളും നല്കിയിരുന്നതായും, ഓണത്തല്ല്, വില്ലാൻ കളി, കേളികൊട്ട്, ചേക്കേവ്വ് (?) മുതലായ വിനോദങ്ങൾ ഓണാഘോഷത്തിൻെറ പ്രധാന ചടങ്ങുകളായിരുന്നതായും'' കാണുന്നു. യൂറോപ്യൻ സഞ്ചാരികളായ 'വിഷർ', 'ഫോർബസ്'' മുതലായവരും കേരളത്തിലെ ഓണത്തെക്കുറിച്ച് അത്ഭുതംകൂറി പലതും രേഖപ്പെടുത്തിട്ടുണ്ട്. ഒമ്പതാം നൂററാണ്ടിൻെറ ആദ്യപാദത്തിൽ ജീവിച്ചിരുന്ന 'പെരിയാഴ്വരു'ടെ 'തിരുമൊഴി'യിലെ ചില ഭാഗങ്ങൾ, പാണ്ടിനാട്ടിലും കേരളത്തിലെപ്പോലെ ഓണം കൊണ്ടാടിയിരുന്നു എന്നു വ്യക്തമാക്കുന്നു. പാണ്ടിനാട്ടുകളിലെ ഓണാഘോഷത്തിലും വിഭവസമൃദ്ധമായ സദ്യയും ഓണത്തല്ലുമൊക്കെയുണ്ടായിരുന്നു എന്നുള്ളതിനു വേറെയും തെളിവുകളുണ്ട്. തമിഴ്നാട്ടിലെ വൈഷ്ണവർ ഇന്നും ഓണം കൊണ്ടാടുന്നതു്, പഴയ കാലത്തെ പാണ്ടിനാട്ടിലെ ഓണപ്രാധാന്യത്തിൻെറ തേഞ്ഞുമാഞ്ഞ അവശിഷ്ടമായെണ്ണാവുന്നതാണു്.

ക്രൈസ്തവമതാനുയായികളുടെ ക്രിസ്തുമസ്സും ഈസ്റ്ററും, മുസ്ലീമിങ്ങളുടെ റംസാനും പെരുന്നാളുകളുമൊക്കെ തികച്ചും മതാനുബന്ധികളാണു്. ഹിന്ദുമതാനുയായികളെ സംബന്ധിച്ചിടത്തോളം അത്യുൽകൃഷ്ടവും പുരാതനവുമായ ഓണത്തിനു് മതപരമായി എന്തു പ്രസക്തിയാണുള്ളതു്? മഹാബലികഥ മാത്രമാണു്. അതുതന്നെ അത്ര വളരെയൊന്നും വിശ്വസനീയമല്ലാത്തവണ്ണം ബലഹീനവുമാണു്.

## ദേശീയമാണോ?

എന്നാൽ ഓണം ഒരു ദേശീയോത്സവമാണോ? വല്ല രാഷ്ട്രീയ ചരിത്രശകലങ്ങളും ഇരുളിൽ തപ്പിയാൽ കിട്ടുമോ?

പെരുമാൾ ഭരണകാലം കേരളചരിത്രത്തിന്റെ പഴയ ഏടുകളിൽ വളരെ പ്രാധാന്യമുള്ളതാണു്. പ്രതാപശാലികളും ഭരണകോവിദന്മാരുമായ പതിനെട്ടു പെരുമാക്കന്മാർ സ്വർഗ്ഗസമാനമായ ഇക്കേരളം ഭരിച്ചിരുന്നു. അതിൽ ചില പെരുമാക്കന്മാർ തിരുവഞ്ചിക്കുളത്തും മററു ചില പെരുമാക്കന്മാർ അതതു കാലത്തെ സൗകര്യം പ്രമാണിച്ചു് കേരളത്തിന്റെ ഇതരഭാഗങ്ങളിൽ രാജധാനിയാക്കി അങ്ങനെയുമാണു് കേരളം ഭരിച്ചിരുന്നതു്. അതിന്നു തെളിവുകളുണ്ടു്. അങ്ങനെ കേരളത്തിന്റെ മററു സ്ഥലങ്ങളിൽ രാജധാനി സ്ഥാപിച്ചു ഭരണം നടത്തിയിരുന്നവരിൽ ചിലരാണു് ഹരിശ്ചന്ദ്രപ്പെരുമാളും, ശ്രീ വല്ലഭപ്പെരുമാളും, മഹാബലിപ്പെരുമാളും. ഹരിശ്ചന്ദ്രപ്പെരുമാൾ വാണിരുന്നതു് തലശ്ശേരിക്കു കിഴക്കുള്ള പഴശിക്കടുത്തായിരുന്നു. 'ഹരിശ്ചന്ദ്രൻ കോട്ട' എന്ന സുപ്രസിദ്ധമായ കോട്ടയുടെ അവശിഷ്ടം, ധീരദേശാഭിമാനിയായി ചരിത്രത്തിൽ പ്രകീർത്തിക്കപ്പെടുന്ന കേരളവർമ്മ പഴശ്ശിരാജാ, ബ്രിട്ടീഷുകാരോടു വീറോടെ പടപൊരുതിയ പഴശിക്കാടുകളുടെ അന്തരാളത്തിൽ ഇന്നും കാണാം. പഴശി രാജാക്കന്മാർ ആ ഹരിശ്ചന്ദ്രപ്പെരുമാളിന്റെ ഗോത്രജന്മാരാണെന്നു് കൃമ്മീരവധം കഥകളിയുടെ കർത്താവായ കോട്ടയത്തു

(പഴയ) തമ്പുരാൻ ആ കൃതിയുടെ ആദ്യഭാഗത്ത് 'ഹരിശ്ചന്ദ്ര കലോൽഭവാനാം' എന്നു് ഒരു ശ്ലോകത്തിൽ രേഖപ്പെടുത്തീട്ടുമുണ്ട്.

ശ്രീവല്ലഭപ്പെരുമാളാകട്ടെ; ഉത്തരകേരളത്തിൽ കണ്ണൂരിനടുത്തുള്ള വളഭിപട്ടണത്താണു് വാണിരുന്നതു്. ആ പെരുമാളിന്റെ പേരിലുണ്ടായ വളഭി പട്ടണമാണു് ഇന്നത്തെ വളപട്ടണം.

മറെറാരു പ്രസിദ്ധനായ പെരുമാളാണു് മഹാബലിപ്പെരുമാൾ. അദ്ദേഹത്തിൻെറ ആസ്ഥാനമായിരുന്നു മഹാബലിപുരം. ആ മഹാനായ മഹാബലി വാണിരുന്നതു് ഇന്നത്തെ മാവേലിക്കരയായിരിക്കാമെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. മഹാബലിപ്പെരുമാൾ, ധാർമ്മികനും സമത്വചിന്തകനും, പ്രജാക്ഷേമപരമായി ഒരു തികഞ്ഞ സാമ്യവാദിയുമായിരുന്നു എന്നു വിചാരിക്കാം. അദ്ദേഹത്തിൻെറ അഭിരാമമായ ഭരണകാലത്തിൻെറ മധുരസ്മരണ, നൂററാണ്ടുകളിൽക്കൂടി പകർന്നുവന്നതല്ല കേരളത്തിലും അയൽദേശങ്ങളിലുമാചരിച്ചും ഇന്നു് കേരളത്തിൽ മാത്രം ആദരിച്ചും പോരുന്ന ഓണമെന്നു് എങ്ങനെ പറയാം? അങ്ങനെ വന്നുകൂടായ്കയില്ലെന്നു് ഈ ലേഖകൻ വിചാരിക്കുന്നു. അതിന്നു് ഉപോദ്ബലകമായി മറെറാരു പശ്ചാത്തലവും കണ്ടെത്താം. അതു് വേറൊരു ചിന്താസരണിയുമാണു്.

## ബുദ്ധമതപ്രഭവം

പൗരസ്ത്യഭൂമുഖം മുഴവനും ഇന്ത്യ വിശേഷിച്ചും

ബുദ്ധമതത്തിൻെറ അതിദീപ്തമായ ശീതളച്ഛായയിൽ ആയിരം വഷത്തോളം വിശ്രമമനുഭവിച്ചു എന്നു് ചരിത്രകാരന്മാർ നിർവ്വിവാദം സമ്മതിക്കുന്നു. ചരിത്രകാരനും കൂടിയായിരുന്ന മഹാനായ സി. വി. കുഞ്ഞിരാമൻെറ അഭിപ്രായത്തെ ആദരിച്ചു പറഞ്ഞാൽ, കേരളത്തിലെന്നല്ല, ഭാരതത്തിൽതന്നെ കാണുന്നതെല്ലാം ബുദ്ധമതത്തിൻെറ ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിലുള്ള അവശിഷ്ടങ്ങളാണു്. പെരുമാക്കന്മാരുടെ പ്രഭാപൂർണ്ണമായ ഭരണകാലത്തിനും ബുദ്ധധർമ്മത്തിൻെറ സുന്ദര രശ്മികന്ദളങ്ങളാണു് മിഴിവും മേന്മയും വളർത്തിയിരുന്നതു് എന്നിവിടെ സ്മരിക്കേണ്ടതുണ്ടു്. മഹാബലിപ്പെരുമാൾ വിശേഷിച്ചും, ഒരു ബൗദ്ധധർമ്മനിഷ്ഠനമായിരിക്കാം.

ബുദ്ധശിഷ്യന്മാർ, ശ്രമണന്മാർ എന്ന പേരിൽ അറിയപ്പെട്ടുന്നു. ബുദ്ധനെയും ശ്രമണൻ എന്നു വിളിക്കാറുണ്ടു്. ശ്രീ ബുദ്ധൻ വാണരുളുന്ന കാലത്തു് ഉത്തരഭാരതത്തിൽ, വഷകാലമായ ശ്രാവണമാസം വിനോദത്തിനും വിദ്യാഭ്യാസത്തിനും വിശ്രമത്തിനുമായി ശ്രമണന്മാർ ഉപയോഗിച്ചിരുന്നു. തഥാഗതൻെറ ധർമ്മാനുഷ്ഠാനവിശേഷത്തിൻെറ ഒരുത്സവകാലമെന്ന നിലയിലാണു് ആ മാസം പരിഗണിക്കപ്പെട്ടുപോന്നതു്. ഒരു പക്ഷേ ചിങ്ങമാസത്തിനു് ശ്രാവണമാസം എന്നു പേരു വന്നതുതന്നെ അങ്ങനെയാണെന്നു വിചാരിക്കുന്നതിലും അനുപപത്തിയില്ല. ശ്രാവണമാസത്തിലെ ശ്രവണദിവസം പവിത്രങ്ങളായ ബുദ്ധധർമ്മങ്ങളുടെ സവിശേഷമായ അനുഷ്ഠാനത്തിനുള്ള ഒരു സുദിനമായി പ്രചാ

രത്തിൽ വന്നു. 'മ'കാരവും 'വ'കാരവും അഭേദമായി പാലിയിലും മററും പ്രയോഗിച്ചുപോരുന്നതുകൊണ്ടു് ശ്രാമണമാസം ശ്രാവണമാസവും ശ്രമണ ദിവസം ശ്രവണ ദിവസവുമായിത്തീൻ എന്നതാണു് യാഥാത്ഥ്യം. അങ്ങിനെ 2500 കൊല്ലത്തിലധികം പഴക്കമുള്ള പാവനമായ ബൗദ്ധധർമ്മത്തോടു സംബന്ധപ്പെട്ട ഒന്നാണു് ഓണം എന്നു ന്യായമായി വിചാരിക്കേണ്ടിയിരിക്കുന്നു. ആ വിചാരത്തെ ശക്തിയായി പിന്താങ്ങുന്ന തെളിവുകളും ഇവിടെ സുലഭങ്ങളാണു്.

## ഓണവും മഞ്ഞനിറവും

ഓണത്തിനു മഞ്ഞനിറം പ്രധാനമാണു്. ഓണപ്പുടവ മഞ്ഞനിറത്തിലായിരിക്കണമെന്നു നിബ്ബന്ധമുണ്ടു്. മഞ്ഞപ്പുടവ ഭിക്ഷുക്കളുടേയും ബുദ്ധൻെറയും 'യൂണിഫാറ'മാണു്. ശ്രമണപദത്തിലേക്കു പ്രവേശിക്കുന്നവക്കു് മഞ്ഞപ്പൂവാട ഭഗവാൻ കൊടുക്കുന്ന ദിവസമാണു് ശ്രമണദിവസം. മാത്രമല്ല, എല്ലാ ഭിക്ഷുക്കൾക്കും അന്നു പുതിയ 'യൂണിഫാറം' നൽകുക പതിവായിരുന്നു. ആ വലിയ ചടങ്ങിൻെറ പ്രതീകഭാവമാണു് മഞ്ഞനിറത്തിലെ ഓണപ്പുടവ വഹിക്കുന്നതു്. മഞ്ഞപ്പൂക്കളായിരിക്കണം ഓണത്തിനു് കളമിടുന്നതിനും തലയിൽ ചൂടുന്നതിനും പ്രധാനമായി ഉപയോഗിക്കേണ്ടതു് എന്നു്, ഓണത്തിൻെറ ചിട്ടകളിൽ ഒരു പ്രധാന നിയമംതന്നെയുണ്ടു്. ചിന്താഹമാണതും. ഭഗവാൻ ബുദ്ധന്നു് പൂക്കളോടു വലിയ പ്രേമമായിരുന്നു. പാലിഭാഷയിലെ ബുദ്ധമതഗ്രന്ഥങ്ങളിൽ 'ധർമ്മപദം' എന്നൊരു പ്രമുഖ

ഗ്രന്ഥമുണ്ട്. അതിലെ ഒരദ്ധ്യായം 'പുഷ്പവർഗ്ഗം' എന്ന പേരിലാണു്. പുഷ്പങ്ങളെ നോക്കി മനുഷ്യനു് ധർമ്മ മാർഗ്ഗം ഉപദേശിക്കുകയാണു് അതിലെ പ്രതിപാദ്യം. ബുദ്ധദേവൻെറ പുഷ്പപ്രേമത്തിന്നു് ഒരു തെളിവുമാത്ര മാണതു്. മഞ്ഞപ്പൂക്കളോടായിരുന്നു അദ്ദേഹത്തിനു വളരെ താല്പര്യം. ഓണപ്പൂവെന്നറിയപ്പെടുന്ന ഒരുതരം മഞ്ഞപ്പൂക്കളെ ഓണക്കാലത്തു പലയിടത്തും കാണാം. അതു ബുദ്ധവിഹാരങ്ങളിൽനിന്നും നാട്ടിലേയ്ക്കു വന്ന താണു്. അതിന്നു് അഞ്ചു ദലങ്ങളാണുള്ളതു്. അവ ബുദ്ധധർമ്മത്തിലെ പഞ്ചശീലങ്ങളുടെ പ്രതീകമായി ബുദ്ധൻ സങ്കല്പിച്ചിരുന്നു. അഞ്ചു ദലങ്ങളും മഞ്ഞനിറ വുമുള്ളതിനാൽ ബുദ്ധദേവൻ ഈ ഓണപ്പൂക്കളേയും ചെമ്പകപ്പൂക്കളേയും വളരെ ഇഷ്ടപ്പെട്ടിരുന്നു. അങ്ങനെ പൂക്കൾക്ക—വിശേഷിച്ച് മഞ്ഞപ്പൂക്കൾക്കു് ബുദ്ധ നോടുള്ള ബന്ധത്തെപ്പററി ആലോചിക്കുമ്പോൾ, ഓണ ത്തിനു് ബുദ്ധധർമ്മത്തോടുള്ള ബന്ധത്തിൽ നാം എ ത്തിച്ചേരുന്നു. പ്രാചീനകാല ചരിത്രകാരന്മാർ രേഖ പ്പെടുത്തീട്ടുള്ളതിൽ മുഖ്യമായ ഒന്നു് ഓണത്തല്ലാണു്. അതും ഒരു ചിന്താവിഷയമാകേണ്ടതാണു്. ഓണച്ചട ങ്ങുകളിൽ, ഈ ഓണത്തല്ലു് ഒടുവിലൊടുവിൽ വന്നുചേ ന്നതാകണം. ബുദ്ധമതത്തിൻെറ സമ്പൂർണ്ണവികാസ ത്തിൻെറ പരിണാമദശയിൽ അതിനെ നിഷ്കാസനം ചെയ്യുവാൻ ഒട്ടേറെ അക്രമങ്ങളും ഹിംസകളും ഭാരത മൊട്ടാകെ നടന്നു. അതിൻെറ പട്ടികയിൽപെട്ടവയാ ണു്, ഭരണിപ്പാട്ടും, കുരുതിയും, ഓണത്തല്ലുമൊക്കെ. അവയെക്കുറിച്ചുതന്നെ ദീർഘമായിപ്പറയാനുണ്ടു്. അതു് ഇവിടെ പ്രസക്തമല്ലാത്തതുകൊണ്ടു് വിടുന്നു.

ഏതായാലും നമ്മുടെ ഓണത്തിനു് ബുദ്ധമതസ്ഥാപനകാലത്തോളംതന്നെ പഴക്കമുണ്ടാകണമെന്നും, അതു് കാലാന്തരത്തിൽ ഒരു ദേശീയോത്സവമായിപ്പരിണമിച്ചെങ്കിലും യഥാൎത്ഥത്തിൽ ഒരു ധൎമ്മോത്സവമായിരുന്നെന്നും അനുമിക്കേണ്ടിയിരിക്കുന്നു. 'മാനുഷരെല്ലോരുമൊന്നുപോലെ' ആണെന്നുള്ള സോഷ്യലിസത്തിന്റെ മൗലികസിദ്ധാന്തം, ഒരുത്സവത്തിന്റെ പഴകിയ സ്മരണകളിൽക്കൂടി ആണ്ടുതോറും അനുസ്മരിപ്പിക്കുന്ന ഓണം ചരിത്രകാരന്മാരുടെ അവഗാഢചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണു്.

# ഭൗതികവാദം മനുഷ്യനെ
# അപഗ്രഥിക്കുമ്പോൾ

ഈ നൂററാണ്ട് ഭൗതികശാസ്ത്രത്തിൻെറ അത്ഭുതകരമായ വികാസത്തിൽ ഊററംകൊള്ളുന്നു. ഏവറസ്റ്റിൽ കുത്തിയ മനുഷ്യൻെറ കാലുകൾ ചന്ദ്രഗോളത്തോളമെത്തിയപ്പോൾ ആ സംഭവം മനുഷ്യൻെറ ശാസ്ത്രവ്യവസായത്തിനു മകുടം ചാർത്തി. വരാൻപോകുന്ന നൂററാണ്ടുകളിലൂടെ ശാസ്ത്രം ഇനി എന്തെന്തു മഹാത്ഭുതങ്ങൾ ഇന്ദ്രജാലവശ്യതയോടെ കാണിക്കാനിരിക്കുന്നു!

മാനുഷികമായ ഈ ബുദ്ധിവ്യാപാരവിശേഷത്തെ നാം അഭിനന്ദിക്കുക! മനുഷ്യമഹത്വത്തിൽ അഭിമാനിക്കുക! അപ്പോഴും ഈ ശാസ്ത്രീയനേട്ടങ്ങൾ സംശയങ്ങളുടെ, ഭയങ്ങളുടെ, ആപച്ഛങ്കകളുടെ ചുഴികളിലുഴലുന്ന ആധുനികലോകത്തിൻെറ ഭാവിയെ നന്മയിലോ തിന്മയിലോ എത്തിക്കുന്നത്? ആ ചോദ്യത്തിൻെറ ഉത്തരം കാലത്തിൻെറ കൈകളിലിരിക്കുന്നു.

ബുദ്ധിപരവും മാനസികവുമായ മനുഷ്യൻെറ എല്ലാ വികാസപരിണാമങ്ങളുടെയും കേന്ദ്രബിന്ദു മനു

ഷ്യൻതന്നെ. അവിടെ ഒരു ചോദ്യത്തിൻെറ തലയുയരുന്നു. ഗോളഗോളാന്തരങ്ങളെക്കുറിച്ച് പഠിക്കാൻ വെമ്പൽകൊള്ളുന്ന ആധുനികമനുഷ്യൻ മനുഷ്യനെക്കുറിച്ച് പഠിച്ചോ? ഒന്നുകൂടി. ഭൗതികശാസ്ത്രത്തിൻെറ പണിപ്പുരകളിൽ എവിടെയെങ്കിലും അതു പഠിക്കാനുള്ള പരിപാടികളുണ്ടാക്കിയിട്ടുണ്ടോ? ഇന്ത്യയുടെ പഴയ ഉപനിഷത്തുകളിലൊന്നിൽ ഒരു കഥയുണ്ട്. വിദ്യാഭ്യാസത്തിനയയ്ക്കപ്പെട്ട മകൻ, എല്ലാം പഠിച്ച് ജ്ഞാനഗർവത്തോടെ അച്ഛൻെറ മുമ്പിൽ തിരിച്ചെത്തി. "നീ എല്ലാം പഠിച്ചോ?" അച്ഛൻ ചോദിച്ചു. മകൻ സാഹങ്കാരം പറഞ്ഞു: "എല്ലാം പഠിച്ചു." ശാന്തസ്വരത്തിൽ അച്ഛൻ ചോദിച്ചു:—"നിന്നെക്കുറിച്ചും?" സർവ്വജ്ഞാഭിമാനം മുററിനിന്ന മകന് ആ ചോദ്യംതന്നെ മനസ്സിലായില്ല. പക്ഷേ, ആ ചോദ്യം അവൻെറ ചിന്താമണ്ഡലത്തിൽ ശക്തിയോടെ ആഞ്ഞടിച്ചു. "അങ്ങിനെയുണ്ടോ ഒരു പാഠം? ആ പാഠം എന്തായിരിക്കും." അവൻ ജിജ്ഞാസുവായി. അച്ഛൻ അവനെ അവനാരാണെന്ന് പഠിപ്പിച്ചു. ഇതാണാക്കഥയുടെ ചുരുക്കം.

•

ആ പാഠം ക്രമപരിപാടിയുടെ ഉപജ്ഞാതാക്കളായ ഭാരതീയ ചിരന്തനചിന്തകന്മാർ ഭൗതികലോകത്തെ പരമാണുപര്യന്തം അപഗ്രഥിച്ചു പഠിച്ചതിനുശേഷം സയുക്തികം സിദ്ധാന്തിച്ചു. മനുഷ്യൻ വെറുമൊരു ഭൗതികപദാർത്ഥമല്ലെന്ന്. "മനുഷ്യൻ! ഹാ, എത്ര സുന്ദരമായൊരു പദം" എന്നു പറഞ്ഞ മാക്സിംഗോർക്കി ഏതർത്ഥത്തിലാണങ്ങിനെ പറഞ്ഞതെന്നറിഞ്ഞുകൂടാ.

ഏതർത്ഥത്തിലായാലും അവൻെറ ശരീരം വിഘടിപ്പിച്ച് കണ്ട പദാർത്ഥങ്ങളെച്ചൊല്ലിയാണാപ്പറഞ്ഞതെങ്കിൽ അദ്ദേഹത്തേക്കാൾ ആ വിഷയത്തിൽ ഉയന്ന ശാസ്ത്രജ്ഞന്മാരുണ്ടെന്നു പറയണം. നോത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റി ഓഫ് മെഡിക്കൽ സ്കൂളിലെ ഡാക്ടർ ഡൊനാൾഡ് ഫോർമാൻ 'സയൻസ് ഡൈജസ്റ്റ്' എന്ന പ്രസിദ്ധീകരണത്തിൽ ഈ അടുത്തകാലത്തെഴുതിയ ഒരു ലേഖനം അതിന്നുദാഹരണമാണ്. "ശരീരത്തിലടങ്ങിയിട്ടുള്ള രാസപദാർത്ഥങ്ങളുടെ തോതനുസരിച്ച് ഒരു മനുഷ്യൻെറ വില ഉദ്ദേശം 3.50 ഡോളർ (27 രൂപ) യാണെ"ന്ന് ഒരമേരിക്കൻ ഡോക്ടർ ചൂണ്ടിക്കാണിച്ചതുദ്ധരിച്ചുകൊണ്ട് ഡാ: ഫോർമാൻ പറയുന്നു—"ലോകത്തിലെ സാമ്പത്തികസ്ഥിതിയനുസരിച്ച് മനുഷ്യൻെറ വില അല്പാല്പം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. കഴിഞ്ഞ സാമ്പത്തികത്തകച്ചക്കാലത്ത് മനുഷ്യൻെറ വില വെറും 7 രൂ: 35 പൈസയായിരുന്നു. കാലം മാറുകയും എല്ലാ വസ്തുക്കൾക്കും വില കയറുകയും ചെയ്തതോടെ മനുഷ്യൻെറ വില വ്യത്യാസപ്പെട്ടു. ഇപ്പോഴത് 27 രൂപവരെയായിട്ടുണ്ട്. പ്രായപൂത്തിയായ ഒരു മനുഷ്യൻെറ ശരീരത്തിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങളുടെ വിലയാണിത്. ആ രാസപദാർത്ഥങ്ങളുടെ വിവരപ്പട്ടിക ഇതാ:

| | |
|---|---|
| ഓക്സിജൻ | 65% |
| കാർബൺ | 18% |
| ഹൈഡ്രജൻ | 10% |
| നൈട്രജൻ | 3% |

| | |
|---|---|
| കാത്സ്യം | 1.5% |
| ഫോസ്ഫറസ് | 1% |
| സ്വർണ്ണം വെള്ളി മററു ലോഹങ്ങൾ | 1.5% |

മനുഷ്യൻ എന്ന മനോഹരശബ്ദത്താൽ വിവക്ഷിക്കപ്പെടുന്ന അത്യത്ഭുത പ്രതിഭാസത്തെ ഈ ശാസ്ത്രവിശകലനത്തിനകത്തു കുടുക്കിനിറുത്താമോ? പദാർത്ഥം എന്നൊന്നില്ലെന്നു് ഊർജ്ജതന്ത്രം തെളിയിക്കുമ്പോൾ സയൻസ്, അതുണ്ടെന്നു് മാത്രമല്ല, അതു മാത്രമേയുള്ളു എന്നുവരെ സ്ഥാപിക്കാൻ ബദ്ധപ്പെട്ടിട്ടു് മന്ദമായി മടങ്ങിവന്നിരിക്കയാണു്. ഈ പദാർത്ഥവാദികളെ പരിഹസിച്ചുകൊണ്ടാണു് സുപ്രസിദ്ധ ചിന്തകനായ ആൾഡസ്ഹക്സിലി "മനുഷ്യൻ എന്നുവച്ചാൽ കരി, വെള്ളം, ഗന്ധകം ഇത്യാദി" എന്നു പറഞ്ഞതു്. ഈയിടെ പരമമടഞ്ഞ വിശ്വവിശ്രുത ഗണിതശാസ്ത്രജ്ഞനും ചിന്തകനും ദാർശനികനുമായ ബർട്രണ്ട്റസ്സലിന്റെ അമൂല്യമെന്നു് ജഗത്സമ്മതി നേടിയ 'പ്രിൻസിപ്പിയ മാത്തമാററിക്കാ' എന്ന ഗ്രന്ഥനിർമ്മാണത്തിൽ ഭാഗഭാഗിത്വം വഹിച്ചു് അദ്ദേഹത്തെ സഹായിച്ച വൈററ്ഹെഡ് എന്ന മഹാശാസ്ത്രജ്ഞൻ പറയുന്നു—'ജീവികളുടെ വ്യാപാരങ്ങൾക്കു് ലക്ഷ്യമൊന്നുമില്ല എന്നു തെളിയിക്കുവാൻ പല ശാസ്ത്രജ്ഞന്മാരും മനഃപൂർവ്വം പരിശ്രമിക്കുന്നു......തങ്ങളുടെ പ്രയത്നം ഉൾപ്പെടെയുള്ള സകല വ്യാപാരങ്ങളും നിരർത്ഥകങ്ങളാണെന്നു തെളിയിക്കണമെന്നുള്ള ഉദ്ദേശത്തോടെ പരിശ്രമിക്കുന്ന ഇക്കൂട്ടർ ഒരു പ്രത്യേക പഠനത്തിനു വിഷയമാകേണ്ടതാണു്...തലച്ചോറില്ലെങ്കിലും പ്രശ്നം ശേഷിക്കുന്നു. ("Even if heads be weak, the problem remains")

വികലവും വിചിത്രവുമായ സയൻസിൻെറ ഇളകിയ പൂഴിമണ്ണിൽ കെട്ടിപ്പൊക്കിയതാണു് മാർക്സിൻെറ ചലനാത്മകവും അസ്തിത്വനിഷേധപരവുമായ ഭൗതികവാദം. അദ്ദേഹത്തിനു് ശതവർഷങ്ങൾക്കുമുമ്പു്, ഒരു പക്ഷേ ആധുനികശാസ്ത്രം ഉടലെടുത്തു് ഉയിർക്കൊള്ളുംമുമ്പുതന്നെയുണ്ടു്, അന്ധവിശ്വാസങ്ങളെ എതിർക്കുന്ന 'റാഷനലിസം.' കാറൽ മാർക്സിൻെറ ഭൗതികമാത്രവാദത്തിൻെറ അടിത്തറ ഫ്രഞ്ച്തത്വചിന്തകനും ഗണിതശാസ്ത്രജ്ഞനുമായിരുന്ന 'ദെക്കാർത്തെ' (1596—1650) യുടെ റാഷനലിസമാണെന്നു കാണാം. ദെക്കാർത്തെ ഒരു പരിധിവരെ ഭൗതികവാദിയായിരുന്നു. പക്ഷേ, പദാർത്ഥവാദസിദ്ധാന്തത്തെ അംഗീകരിച്ച അദ്ദേഹം പദാർത്ഥത്തെ എന്നപോലെ ആത്മാവിനെയും അംഗീകരിച്ചിരുന്നു. ഒരു സ്വതന്ത്രചിന്താപദ്ധതിയുടെ രൂപശില്പിയായ മാർക്സു് തനിക്കുവേണ്ടി ദെക്കാർത്തെയുടെ പദാർത്ഥവാദത്തിന്റെ ആദ്യാദ്ധ്യായങ്ങൾ സ്വീകരിക്കയും ആത്മീയവാദത്തിൻെറ അന്ത്യാദ്ധ്യായങ്ങളെ ബോധപൂർവം ഉപേക്ഷിക്കയും ചെയ്തു. പദാർത്ഥനിഷേധാത്മകമായ സയൻസിൻെറ കാലഹരണപ്പെട്ട പഴയ ചില സിദ്ധാന്തങ്ങളെ പൊക്കിപ്പിടിച്ചുകൊണ്ടു് മാർക്സിയൻ ചിന്തകളുടെ അദ്ധ്യാവകാശികളായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന യുക്തിവാദികൾ ദെക്കാർത്തെയുടെ വാലിൽ തൂങ്ങിയ മാർക്സിൻെറ വാലിൽ തൂങ്ങുകയാണു്.

വളരെ പരിമിതവും അവ്യക്തവും ഏകമുഖവുമാണു് ആ യുക്തിവാദം. വെറും പ്രത്യക്ഷപ്രമാണമാണ

വരുടെ ആയുധം, പ്രത്യക്ഷം എത്ര നിസ്സാരമാണു്? പ്രവിശാലമായ ഈ പ്രപഞ്ചത്തെയും അതിന്റെ അടിസ്ഥാനത്തെയും രണ്ടു കൊച്ചുകണ്ണുകൊണ്ടളന്നു തിട്ടപ്പെടുത്തിക്കളയാമെന്ന വ്യാമോഹംതന്നെ എത്ര അയുക്തമാണു്! ഇന്ത്യയിലെ പുരാതനാചാര്യന്മാർ ആത്മാവിനെയും ആ ആധാരകേന്ദ്രത്തെ ചുററിപ്പററി ധർമ്മ(മതം)ത്തെയും സംസ്ഥാപനം ചെയ്തതു് തെളിവുററ, അഗാധമായ തനി യുക്തിയിലാണു്. *"അയുക്തികമായി തന്റെ അച്ഛൻ പറഞ്ഞാലും പുല്ലുപോലെ തള്ളിക്കളയുക, യുക്തിയുക്തമായി ഒരു ബാലൻ പറഞ്ഞാലും സ്വീകരിക്കുക" എന്നു ധീരമായി പ്രഖ്യാപനംചെയ്തു. പഴയ താടിക്കാരൻ വസിഷ്ഠൻ, വരിഷ്ഠനായ ഒരിന്ത്യാക്കാരനായിരുന്നു. ലോകം കണ്ടിട്ടുള്ള പ്രതിഭാകുബേരന്മാരിൽ അഗ്രേസരനായ ശ്രീശങ്കരാചാര്യരുടെ തീക്ഷ്ണതീക്ഷ്ണമായ യുക്തിവാദത്തെ നേരിടാൻ വിശ്വമേഖലയിൽ അന്നാരുണ്ടായിരുന്നു? ഇന്നാരുണ്ടു്? ഈ പ്രത്യക്ഷപ്രപഞ്ചം മിഥ്യയെന്നും ബ്രഹ്മംമാത്രം നിത്യമെന്നുമുള്ള അദ്വൈതസിദ്ധാന്തം ശ്രീശങ്കരൻ അചഞ്ചമായി സ്ഥാപിച്ചതു് ഒരർത്ഥത്തിൽ നിശിതമായ യുക്തിവാദംകൊണ്ടല്ലെങ്കിൽ മറെറന്തുകൊണ്ടാണു്?

---

* ഇന്ത്യയുടെ തത്വജ്ഞാനസാമ്രാജ്യത്തിലെ അനിഷേധ്യചക്രവർത്തിയായിരുന്നു വസിഷ്ഠൻ.

"യുക്തിയുക്തമുപാദേയം
വചനം ബാലകാദപി
അന്യത്തൃണമിവ ത്യാജ്യ-
മപ്യുക്തം പത്മജന്മനാ."

കേവലം അർത്ഥൈകപരമായ ഒരു തത്വസംഹിതയുടെ ആവിഷ്കരണത്തിനു് ഉദ്ദക്കാത്തയുടെ ബാലപാഠങ്ങളും, ശതവർഷംമുമ്പു് ബാല്യദശയിലിരുന്ന സയൻസിൻെറ നിഗമനപാഠങ്ങളുമാണു് മാർക്സു് അംഗീകരിച്ചതു്. ദുർബ്ബലപ്പെട്ട ദ്രവിച്ചുപോയ നാരായവേരിൽ നില്ക്കുന്ന ആ ഭൗതികവാദവൃക്ഷത്തിൻെറ ശുഷ്കശാഖകളിലാണു് ഇന്ത്യയുടെ ആത്മാവിനെ നിഷേധിക്കുന്ന യുക്തിവാദികൾ തുടങ്ങിയ ദിവാന്ധവർഗ്ഗം വിശ്രമിക്കുന്നതു്!

* 1890-ൽ എംഗൽസ്, അലക്സാണ്ടർ ജെ. ബ്ലോക്കിന്നെഴുതിയ ഒരു കത്തിൽ മാർക്സിയൻ വാദത്തിൻെറ കുററസമ്മതമുണ്ടു്: "ചെറുപ്പക്കാർ സാമ്പത്തികവശത്തിനു് അതർഹിക്കുന്നതിലധികം പ്രാധാന്യം നല്കുന്നതിനു് മാർക്സും ഞാനുംതന്നെയാണു് കുററക്കാർ."

ആത്മനിഷേധികൾ, സയൻസിനെ കൂട്ടുപിടിക്കാൻ ചെല്ലുമ്പോൾ, സയൻസിൻെറ ലോകത്തിലെ സമുന്നതശീർഷനായ എഡിംഗ്ടൺ പറയുന്നു— †"പ്രകൃതിവിജ്ഞാനീയത്തിനു് ഇതുവരെയും എത്തിനോക്കാൻ സാധിക്കാതെ മനുഷ്യാത്മാവു നില്ക്കുകയാണു്. നമ്മുടെ ചുററുമുള്ള സൃഷ്ടികളെപ്പററി നമുക്കുണ്ടാകുന്ന അത്ഭുതബോധം കലാപ്രകടനങ്ങൾ, ഈശ്വരഭക്തി ഇവയിലൂടെയെല്ലാം വളർന്നു് ആത്മാവിൻെറ വികാസത്തെ പ്രാപിച്ചു് അതിൻെറ സ്വഭാവത്തിൽ നിക്ഷിപ്തമായിട്ടുള്ള

---

* മാർക്സിൻെറ മൂലധനം 1876-ൽ.

† "The Nature of the Phycical World" Page 327-328

എന്തോ ഒന്നിൻെറ നിർവഹണം സാധിക്കുന്നു. അതു് നമ്മുടെ ബോധത്തോടുകൂടി സംജാതമാകുന്ന ഒരു ശക്തി വിശേഷമാണു്. അഥവാ വലിയൊരു ശക്തിയിൽ നിന്നും പുറപ്പെടുന്ന ഒരാന്തരവെളിച്ചമാണു്. ഇതു സമ്മതിക്കാതിരിക്കാൻ സയൻസിനു നിവൃത്തിയില്ല. കാരണം, പിടിച്ചടക്കാൻ സാധിക്കാത്ത ഒരു പ്രേരകശക്തി വിധേയമാകുന്നതുമൂലമാണു് ശാസ്ത്രാന്വേഷണംതന്നെ യുണ്ടാകുന്നതു്. സയൻസിൻെറ ബുദ്ധിപരമായ പരിശ്രമങ്ങളെ ആത്മാവിൻെറ നിശ്ശുദ്ധമായ വെളിച്ചം പുരോഭാഗത്തേയ്ക്കു നയിക്കുന്നു......" ഡീൻ ഇൻഗിനെപ്പോലെയുള്ള മസ്തിഷ്ക്കധനന്മാരുടെ ചിന്താബലത്തിന്റെ പിന്തുണയോടുകൂടി ജെയിംസ് ജീൻസ്, എഡിംഗ്ടൻ, വൈററ് ഹെഡ്, ജെ. എസ്., ഹാൽഡെയ്ൽ മുതലായ മഹാശാസ്ത്രജ്ഞന്മാരുടെ ഗ്രന്ഥങ്ങളിലൂടെ സയൻസിൻെറ ലോകത്തു് മതാവബോധം ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണു്. റസ്സൽ എഴുതി:— "എല്ലാ തത്വചിന്തകന്മാരുടെയും വാദങ്ങൾ ചെയ്യുന്നതില്പരിയായി, ഐൻസ്റ്റീന്റെ ആക്ഷേപികസിദ്ധാന്തം പദാർത്ഥത്തെ സംബന്ധിച്ച പാരമ്പര്യവിശ്വാസത്തെ തകർത്തുകളഞ്ഞിരിക്കുന്നു." 'സയൻസ് ഓഫ് താട്ട് റിവ്യൂ' എന്ന വിലയേറിയ പ്രസിദ്ധീകരണത്തിന്റെ എഡിററും, ഒരു പ്രസിദ്ധ ചിന്തകനുമായ ഹെൻറി തോമസ് ഹാംപ്ലിൻ ജീവിതത്തെപ്പററി എഴുതിയിടത്തു് ഈ വരികൾ കാണാം—"ജീവനു ജീവനിൽനിന്നു മാത്രമേ നിർമ്മിക്കാൻ കഴിയൂ. എല്ലാററിനും ജീവൻ നൽകുന്ന പരിപൂർണ്ണമായ ഒരു ജീവനുണ്ടു്. അതു് എത്ര

അത്ഭുതകരമാണ്! എത്ര നിഗൂഢമായ ഒരു രഹസ്യമാണ്! പരമാണുക്കൾ അദൃശ്യത്തിൽനിന്നും പുറപ്പെട്ടുകയും അദൃശ്യത്തിലേയ്ക്കു പിന്മടങ്ങുകയും ചെയ്യുന്നു...നാം വീണ്ടും ഈശ്വരബോധത്തിലേയ്ക്കു മടങ്ങേണ്ടിയിരിക്കുന്നു. പദാർത്ഥമല്ലെന്നു മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. നാം അനന്തതയിൽനിന്നും ആവിർഭവിച്ചവരും അനന്തതയിലേയ്ക്കു തിരിച്ചുപോകുന്നവരുമത്രെ.''

ആർഷഭാരതത്തിന്റെ അത്ഭുതകരമായ ആത്മീയതയിലേക്ക് സയൻസ് അടുത്തുകഴിഞ്ഞു എന്നു് പാശ്ചാത്യമനീഷികൾ ആശ്വാസംകൊള്ളുന്ന കാലഘട്ടമാണിതു്. വേദത്തിലും ഉപനിഷത്തുകളിലും ഗീതയിലും ദർശനശാസ്ത്രങ്ങളിലുമെല്ലാം മനുഷ്യനാരു് എന്ന ഗഹനമായ ചോദ്യത്തിനുത്തരം കണ്ടെത്തിയിരിക്കുന്നു. പക്ഷേ ഗീത പറയുംപോലെ,

> ''അഹങ്കാരവിമൂഢാത്മാ
> കർത്താഹമിതി മന്യതേ.''

(അഹങ്കാരംകൊണ്ടു് വിമൂഢാത്മാവായവൻ ഇവയുടെയെല്ലാം കർത്താവു് മനുഷ്യനാണെന്നു വിചാരിക്കുന്നു.)

ഇന്ത്യയുടെ എല്ലാ തത്വജ്ഞാനസ്രോതസ്സുകളും ആത്മാവിലാണു സങ്കേതമണയുന്നതു്. അതുകൊണ്ടു് ഉപനിഷത്തിലെ മുനി, മകനോടു് പറഞ്ഞു: 'ഞാൻ'— അഥവാ 'നീ'യിൽനിന്നാണു് ഇന്ത്യ പാഠം ആരംഭിക്കു

ന്നതു്. അതു ചെന്നു വിലയംപ്രാപിക്കുന്ന അമൃതസമുദ്രമത്രേ അദ്വൈതം. ഇത്രയേറെ സങ്കേതജഡിലവും, അതിനാൽ ദുർഗ്രഹവുമായ ഒരു സിദ്ധാന്തം വേറെയുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് അതു പഠിച്ചറിയാനുള്ളതെന്നതിനേക്കാൾ അനുഭവിച്ചറിയാനുള്ള ഒരു ദിവ്യപാഠമത്രേ. പ്രാചീനരായ നാരായണൻ പത്മഭൂവൻ, വസിഷ്ഠൻ, ശക്തി, പരാശരൻ, വ്യാസൻ, ശുകൻ, ഗൗഡപാദൻ എന്നീ അദ്വൈതാവേദികളുടെ സിദ്ധാന്തത്തിനു് ശുദ്ധവില്ലവിധാതൃത്വം വഹിച്ചതു് ജഗദ്ഗുരു ശങ്കരനാണു്.

ചൈതന്യപ്രസരത്തിന്റെ അഭാവംകൊണ്ടാകുന്ന ഒരു ഭ്രമംമാത്രമാണു് സകല ജഡാവിർഭാവങ്ങളും. ശുദ്ധചൈതന്യം പ്രസരിക്കുമ്പോൾമാത്രം ഇതു മറവുകൂടാതെ പൂർണ്ണമായി മനസ്സിലാകുന്നു. ഇങ്ങനെ ഇല്ലാത്ത ജഡധർമ്മങ്ങളെ ചൈതന്യത്തിൽ ഉണ്ടെന്നു ഭ്രമിക്കുന്നതിനെ വേദാന്തഭാഷയിൽ അദ്വൈതം എന്നു പറയുന്നു. ഇരുട്ട് ഇല്ലാത്തതാണു്; (ഉള്ളതല്ല) വെളിച്ചതിൻെറ അഭാവത്തിലെ അധ്യാസമാണു്. അധ്യസ്തമായ ജഡത്തെയും അധ്യാസത്തിനു് ആശ്രയമായ ചൈതന്യത്തെയും, ഇരുട്ടിനെയും പ്രകാശത്തേയുമെന്നപോലെ വ്യക്തമായി വകതിരിച്ചറിയുക എന്നതാണു് 'വിദ്യ' എന്ന പദംകൊണ്ടു് വേദാന്തഭാരതം ഉദ്ദേശിക്കുന്ന അർത്ഥം. അതാണു് വേദാന്തസൂത്രഭാഷ്യത്തിൽ ആചാര്യസ്വാമികൾ പറയുന്നതു്.

"അത്രൈവം സതി യത്ര യദവ്യാസഃ
തത് കൃതേന ദോഷേണ വാ, ഗുണേന വാ,
അണുമാത്രേണാപി സ ന ബധ്യതേ."

(യാതൊന്നിലാണോ തദ്വിപരീതമായ മറ്റൊന്ന് അധ്യസ്തമാകുന്നത് അത് അധ്യസ്തവസ്തുവിന്റെ ദോഷത്താലോ ഗുണത്താലോ അണുമാത്രംപോലും ബന്ധിക്കപ്പെടുന്നില്ല.)

'ഞാൻ' 'നീ' എന്ന വ്യവഹാരങ്ങൾക്കു വിഷയമായ മനുഷ്യൻ എന്ന പ്രതിഭാസത്തിൻെറ സാക്ഷാൽ സ്വരൂപവും സ്വഭാവവും ഭൗതികശാസ്ത്രത്തിൻെറ ഒരു പരീക്ഷണശാലയിലെ ടെസ്റ്റട്യൂബിലും ഒതുങ്ങുന്നതല്ല. 'അവൻ' രാസപദാർത്ഥങ്ങളായി വിഭജിക്കപ്പെടാവുന്നവനുമല്ല. ഭൗതികവാദത്തിൻെറ മനുഷ്യാപഗ്രഥനമെന്ന പരിഹാസപ്രക്രിയയ്ക്കു്, ആയിരം വർഷംമുമ്പ് മനുഷ്യൻ ആരാണു് എന്ന ചോദ്യത്തിനു് ആചാര്യശങ്കരൻ നല്കിയ ആയിരമായിരം മറുപടികളിൽ ഒന്നുമാത്രം ഉദ്ധരിക്കാം:—

*"ദ്വൈതം മയ്യഖിലം സമുത്ഥിതമിദം
മിഥ്യാ മനഃകല്പിതം
തോയം തോയവിവർജ്ജിതേ മരുതലേ
ഭ്രാന്ത്യൈവ സിദ്ധം നഹി.

---

* ശ്രീശങ്കരൻെറ പ്രൗഢാനുഭൂതി.

യദ്ദ്യേവം ഖലു ദൃശ്യമേതദഖിലം
നാഹം ന വാ തന്മമ
പ്രൗഢാനന്ദചിദേകസന്മയവപുഃ
ശുദ്ധോസ്ക്യഖണ്ഡോസ്മ്യഹം."

(എന്നിൽ പൊന്തിനില്ക്കുന്ന എല്ലാ ജഡദൃശ്യങ്ങളും മിഥ്യയാണു്; കേവലം മനഃകല്പിതമാണു്. ഒരുതുള്ളി വെള്ളംപോലുമില്ലാത്ത ഒരു മരുഭൂമിയിൽ കല്പനാഭ്രമംകൊണ്ടു് വെള്ളം അലയടിക്കുന്നതു കാണുന്നില്ലേ? ഇതാണു വസ്തുസ്ഥിതിയെങ്കിൽ ഈ ദൃശ്യങ്ങളൊന്നും ഞാനല്ല. അവ എന്റേതുമല്ല. ഞാൻ പിന്നെ ആരാണു്? നിറഞ്ഞുതുളുമ്പിനില്ക്കുന്ന ആനന്ദജ്ഞാനഘനമായ അഖണ്ഡസത്ത മാത്രമാണു് ഞാൻ.)

സൂര്യൻ വളരെ പഴഞ്ചനാണു്. വെളിച്ചവും വളച്ചും നല്കുന്ന ആ പഴഞ്ചനെ തിരസ്കരിച്ചു കണ്ണടച്ചു നടന്നു കമഴ്ന്നു വീഴാതിരിക്കാനുള്ള ബുദ്ധിക്കുവേണ്ടി കാത്തിരിക്കുക.

## അഹിംസയുടെ തത്വശാസ്ത്രം

മനുഷ്യൻ എന്ന അത്ഭുതപ്രതിഭാസത്തിലെ, മനുഷ്യത്വം മൃഗത്വം ഈ രണ്ടു വിരുദ്ധഘടകങ്ങളെക്കുറിച്ച് പഠിക്കുവാനും രണ്ടാമത്തേതിൽനിന്നു് ഒന്നാമത്തേതിനെ വേർതിരിച്ചു ശുദ്ധമാക്കി നിറുത്തുവാനും ഉള്ള യത്നങ്ങൾ പണ്ടേക്കുപണ്ടേ നടന്നിട്ടുള്ളതായി ലോകചരിത്രത്തിൻെറ ഏടുകൾ മറിച്ചാൽ കാണാം. വിശ്വമതങ്ങളെല്ലാംതന്നെ അതിനുവേണ്ടിമാത്രം ആവിർഭവിച്ചിട്ടുള്ളവയുമാണു്. വ്യക്തികൾ തമ്മിലുള്ള സംഘട്ടനങ്ങൾ മുതൽ, സമുദായങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള തിരാപ്പോരാട്ടങ്ങൾവരെ മനുഷ്യനിലെ ഹിംസാത്മകമായ രണ്ടാംഘടകത്തിൻെറ പ്രക്രിയാസന്താനങ്ങളാണു്. അതിന്നെതിരായുള്ള ചിന്തകളും, ആഹ്വാനങ്ങളുംകൊണ്ടു്, അഹിംസാസിദ്ധാന്തത്തിൻെറ മണ്ഡലം മുഖരിതമായിക്കിടക്കുന്നു.

## അഹിംസയുടെ പ്രവാചകന്മാർ

ആധുനികയുഗത്തിൽ, തികച്ചും ഒരു മതമനുഷ്യനായിരുന്ന ഗാന്ധിജിയിൽക്കൂടിയാണു് അഹിംസാസിദ്ധാന്തത്തിൻെറ ശബ്ദവും രൂപവും പുറത്തുവന്നതു്. സ

ങ്കീണ്ണങ്ങളും, ചലനാത്മകങ്ങളുമായ രാഷ്ട്രീയമണ്ഡലങ്ങളിലുണ്ടായ ധീരവും ധാമ്മികവുമായ ഒരു തീവ്രപരീക്ഷണമായിരുന്നു, ലോകചിന്തയെത്തന്നെ ആകഷിച്ച ഗാന്ധിജിയുടെ അഹിംസാപരിപാടികൾ. പക്ഷേ, ആ തത്വസംഹിതയുടെ നാരായവേരു് അയ്യായിരത്തില്പരം വഷങ്ങൾക്കുമുമ്പു് ഭാരതത്തിൻെറ ആഷഭൂമിയുടെ അഗാധതയിൽ ഉറച്ചുനിന്നതാണു്. ഋഗ്വേദം ശാസിക്കുന്നു:

‘‘ഉപലൈവതിഷ്ഠാസേത
ഛരിദ്യമാനെ, നകുപ്യേത,
നകമ്പ്യേത,
വൃക്ഷെവതിഷ്ഠാസേത,
ഛരിദ്യമാനേ നകുപ്യേത,
നകമ്പ്യേത’’–എന്നു്.

സഹസ്രാബ്ദങ്ങൾക്കുശേഷം പതഞ്ജലി എന്ന തത്വശാസ്ത്രാചാര്യൻ അതേററുപാടിയതിൻെറ പ്രതിധ്വനിയാണു്,

‘‘മൈത്രീകരുണാമുദിതോ
പേക്ഷാണാംഭാവനാ
അതശ്ചിത്തപ്രസാദനം’’

എന്ന വരികളിൽക്കൂടി നാം കേൾക്കുന്നതു്. അതിന്റെ അനുരണനമാണു്, ഗൗതമബുദ്ധൻെറ അനുശാസനങ്ങളിൽനിന്നു ലോകം കേട്ടതു്. ക്രിസ്തുവിലും, ഗാന്ധിജിയിലുമൊക്കെ പില്ക്കാലം അതു് പ്രബലപ്രേരണയും സ്വാധീനവും ചെലുത്തുകയുണ്ടായി.

നവയുഗത്തിലെ തലക്കനമുള്ള ചിന്തകന്മാർക്കും തത്വദർശികൾക്കും ചിരന്തനസമ്മതമാർജ്ജിച്ച അഹിംസയെത്തള്ളിപ്പറയുവാൻ കഴിഞ്ഞിട്ടില്ല. ടോൾസ്റ്റോയി, വെൽസ്, റസ്സൽ, ജോഡ്, ഐൻസ്റ്റീൻ ഈ തത്വദർശികൾ അഹിംസയുടെ പക്ഷത്തണിനിരന്നവരാണ്. ഗാന്ധിജി തികച്ചും. അൽബിയെപ്പോലുള്ള വീരസേനാധിപന്മാരും, ടാഗൂറിനെപ്പോലുള്ള വിശ്വകവികളും അഹിംസയുടെ പ്രവാചകന്മാരായിരുന്നു. ടോൾസ്റ്റോയിയെ സമീപിക്കൂ. അദ്ദേഹം പറയുന്നു, 'ഈ ഗർഹണീയമായ രക്തച്ചൊരിച്ചിലിനുശേഷം ജനങ്ങൾ തളർന്നും മുറിവേററും ക്ഷീണിച്ചും തങ്ങളുടെ ഗവണ്മെന്റുകളോട് ഇപ്രകാരം പറയുന്ന ഒരു കാലം അടുത്തുണ്ടാകും. നിങ്ങൾ തുലയുവിൻ; നിങ്ങൾ പുറപ്പെട്ട ദിക്കിലേക്കുതന്നെ തിരിച്ചുപോകുവിൻ; നിങ്ങളുടെ നിന്ദ്യമായ പടവേഷങ്ങളെ ചുററിപ്പററി വേണമെങ്കിൽ അന്യോന്യം ഹിംസിക്കയും നിഹനിക്കുകയും ചെയ്തുകൊള്ളുവിൻ; ഏഷ്യയേയും അമേരിക്കയേയും യൂറോപ്പിനേയും ഭൂപടത്തിൽ വിഭജിച്ചുകൊള്ളുവിൻ; എന്നാൽ ഞങ്ങൾ അധിവസിക്കുകയും ഞങ്ങളെ തീററിപ്പോററുകയും ചെയ്യുന്ന ഭൂമിയെ സസ്യശ്യാമളകോമളമാക്കിത്തീർക്കുവാൻ ഞങ്ങളെ അനുവദിക്കുവിൻ.'

## ഹിംസയുടെ വിജൃംഭണം

സമുദായപരിവത്തനങ്ങൾ, രാഷ്ട്രീയ വിപ്ലവങ്ങൾ, മററനേകം മഹാപ്രശ്നങ്ങൾ ഇവയുടെ പരിഹാരത്തിന്റെ ഏകശാമകൗഷധം യുദ്ധമൊന്നു മാത്രമാണെ

ന്നു് പണ്ടും ഇന്നും വിശ്വസിക്കുന്ന ഹിംസാസാമ്രാജ്യ മേധാവികളെ നമുക്കു കാണാം. രാമായണത്തിൻെറയും ഭാരതത്തിൻെറയും കഥാകേന്ദ്രം യുദ്ധമാണു്. ഹിററ്ലരും മുസ്സോളിനിയും, മാർഷൽ സ്റ്റാലിനുമൊക്കെ ആ ഹിംസയുടെ കോമരങ്ങളാണു്.

"സമാധാനകാലമെന്നതു് അടുത്ത യുദ്ധത്തിനു തയ്യാറെടുക്കുന്ന കാലം മാത്രമാണെ"ന്നു പറഞ്ഞു മുസ്സോളിനി. ലുണ്ടു് പറയുന്നുണ്ട്: "രാഷ്ട്രീയത്തിൻെറ മററു മാർഗ്ഗങ്ങളിലൂള്ള തുടർച്ച മാത്രമാണു യുദ്ധം." മൌറൊരിക്കൽ, രാഷ്ട്രീയാധികാരം തോക്കിൻകുഴലിൽക്കൂടിയാണു വളരുന്നതു്......തോക്കു കയ്യിലുണ്ടെങ്കിൽ നമുക്കു നേതൃനിരയെ വാർത്തെടുക്കാം; സമ്പ്രദായങ്ങളും സംസ്കാരങ്ങളും സൃഷ്ടിക്കാം; ബഹുജനപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കാം." ഇനിയൊരിക്കൽ:— "ഇതു മുഴുവൻ കെട്ടിപ്പടുക്കുന്നതു തോക്കുകൊണ്ടാണു്." അഹിംസയ്ക്കുവേണ്ടി നിരായുധമായി ആജീവനാന്തം പടവെട്ടിയ മഹാത്മാ ഗാന്ധിയെക്കൊണ്ടുപോലും അസഹിഷ്ണുതയോടെ ഒരിക്കൽ ഈ അക്രമാസക്തി പറയിക്കയുണ്ടായി, "ഒരു വർഗ്ഗം മുഴുവൻ നിർവ്വീര്യമായിത്തീരുന്നതിനേക്കാൾ ഞാൻ ആയിരം പ്രാവശ്യം ഹിംസയാണിഷ്ടപ്പെടുക" എന്നും "ഇന്ത്യ ഭീരുത്വത്തോടെ, സ്വന്തം അപമാനത്തിൻെറ ഒരു നിസ്സഹായസാക്ഷിയായിത്തീരുന്നതിനേക്കാൾ, സ്വന്തം അഭിമാനം കാത്തുരക്ഷിക്കാൻ ആയുധമെടുക്കുന്നതിനെയാണു് ഞാനിഷ്ടപ്പെടുന്നതു്" എന്നും. ലോകസമാധാനത്തിൻെറ കവിയായ ടാഗുറിനെക്കൊണ്ടും ഈ അക്രമാസക്തി പറയിച്ചിട്ടുണ്ടു്. അണ്ഡയിൽനിന്നും

ഞാൻ സമാധാനം ആവശ്യപ്പെട്ട—അപമാനംമാത്രം കണ്ടെത്തുവാൻ. ഞാൻ ഇപ്പോൾ അങ്ങയുടെ മുമ്പിൽ നില്ക്കുന്നു; എൻെറ പടച്ചട്ടയണിയുവാൻ എന്നെ സഹായിക്കുക. ലോകത്തിൻെറ അനിരുദ്ധമായ ഹിംസാസക്തിയുടെ വിജൃംഭണം നോക്കു!

മത്സരം ജീവിതത്തിന്റെ ഒരഭേദ്യഘടകമാണെന്നു സമ്മതിക്കാം. ഭിന്നരുചി, പരിതഃസ്ഥിതി, പാരമ്പര്യം, ബുദ്ധി, സംസ്കൃത മുതലായവയെ മാനുഷ്യകത്തിൻെറ വികാസത്തിനും പരിണാമത്തിനും പററിയവിധം ക്രമീകരിക്കുമ്പോൾ അതു മത്സരത്തിൻെറ രൂക്ഷരൂപമായ സമരത്തിൽ ചെന്നെത്തുന്നു. ഹിംസാനിബിഡമായ ആ മാർഗ്ഗത്തിൻെറ ലക്ഷ്യം, ദുരിതപൂർണ്ണമാണു്; മനുഷ്യസംസ്കാരസമ്പാദ്യങ്ങളുടെ ധ്വംസിനിയാണു്. വ്യംഖാനുവ്യംഖമായി അതിൻെറ വിഷഫലങ്ങൾ മാനവസമുദായത്തെക്കെട്ടത്തിക്കളയുന്നു. വെർസെയിൽ സന്ധി, അബ്സിനിയാ യുദ്ധം മുതലായ എല്ലാ ഹിംസാപരാക്രമങ്ങളും ഇന്നത്തെ ലോകദുരിതത്തിൻെറ ഗർഭഗൃഹങ്ങളായിരുന്നു. കഴിഞ്ഞ ലോകമഹായുദ്ധം "പ്രഷ്യൻ"മിലിററിസം അവസാനിപ്പിക്കാനാണെന്നും അതു് അവസാനത്തെ യുദ്ധമാണെന്നും അന്നത്തെ യുദ്ധകർത്താക്കൾ പ്രഖ്യാപിച്ചിരുന്നു. ഫലമോ? എമ്മാ ഗോൾഡ്മാന്റെ (Emma Goldman) ഒരഭിപ്രായം ഇവിടെ ഉദ്ധർത്തവ്യമാണു, "സാധ്യം നികൃഷ്ടമായ സാധനത്തെ സാധൂകരിക്കുന്നു എന്ന അഭിപ്രായം തുലോം തുച്ഛമാണു്. കാരണം ആ മാതിരി സാധനംതന്നെ ഒട്ടക്കം സാധ്യമായി

ട്ടപരിണമിക്കയും യഥാർത്ഥ സാദ്ധ്യം മറഞ്ഞുപോകയും ചെയ്യുന്നു.''

മനുഷ്യൻ നിശ്ചേതനമായ് ഒരു മാംസപിണ്ഡമല്ല. അവൻ ആദ്ധ്യാത്മികവും മാനസികവുമായ അനന്തശക്തികളോടും അവയുടെ ആവിഷ്കരണഫലമായ അത്ഭുതസംസ്കാരവിശേഷങ്ങളോടുംകൂടിയ ഒരതുല്യജീവിയാണു്. തുടർച്ചയായുള്ള കാര്യങ്ങളുടെ പരിണാമമായുണ്ടാകുന്ന ലൗകികകാര്യഫലങ്ങളാണു് അവൻെറ ലക്ഷ്യപ്രാപ്തിക്കുള്ള ഉപായം. ലക്ഷ്യത്തിൻെറ നന്മതിന്മകൾ കർമ്മപരമ്പരകളുടെ ശുദ്ധാശുദ്ധതകളെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ ഹിംസാസങ്കലിതങ്ങളായ വിപ്ലവങ്ങളുടെ ഫലങ്ങൾ ഹിംസകളുടെയും അനർത്ഥങ്ങളുടെയും ഇരിപ്പിടവും അതേസമയം ഹിംസയുടെയും അക്രമങ്ങളുടേയും ജനകങ്ങളുമായിരിക്കും.

മനശാസ്ത്രപരമായി നോക്കിയാൽ, ക്രൂരത—ഹിംസയുടെ പ്രേരകവസ്തു ഭയം, ക്രോധം, ഗർവ്വം ഇവയുടെ സങ്കലനരൂപമാണു്. ഹിംസയുടെ ഉല്പാദന സ്രോതസ്സ് ഈ ക്രൂരതയല്ലാതെ മററൊന്നല്ല. മനുഷ്യൻെറ മഹത്വത്തിൽനിന്നും അവനെ മൃഗീയമണ്ഡലത്തിലേക്കെടുത്തെറിഞ്ഞുകളയുന്ന ക്രൂരതയോടുള്ള വിട്ടുവീഴ്ചയില്ലാത്ത സമരംകൊണ്ടല്ലാതെ അഹിംസാ സാമ്രാജ്യത്തെ വെട്ടിപ്പിടിക്കാനാവുകയില്ല. ഈ അഹിംസ ഒരു ഭീരുതയല്ല, നേരേമറിച്ച് പരമമായ ധീരതയാകുന്നു. അക്രമിയായ, പ്രതിരോധിയായ ഹിംസ കുന്നുകൂടി പൊതുജനാനുകൂല്യ

ത്തോടെ, മനുഷ്യൈക്യബോധവും, അന്തർഭവമായ മാന വശക്തിയുടെ അഭിലഷണീയതയും ആ ധീരത സുവ്യ ക്തമാക്കിക്കൊടുക്കുന്നു. ഹിംസയുടെ കരിമ്പാറക്കെട്ടിൽ സ്നേഹത്തിൻെറ കനകസിംഹാസനം ഉറപ്പിച്ചവരാണു് സാക്ഷാല്ലോകജേതാക്കൾ. സകല വേദാന്തവും കവി കളും വാഴ്ത്തിപ്പാടിയിട്ടുള്ള സ്നേഹത്തെപ്പററി, പാശ്ചാ ത്യനായ ഷില്ലർ എഴുതിയിട്ടുള്ള വരികൾ ശ്രദ്ധാർഹങ്ങ ളാണു്. "ജീവിലോകത്തിലെ മഹനീയമായ ഗോചര വസ്തുവാണു് സ്നേഹം; ആത്മീയലോകത്തിലെ സർവ്വാക ഷകമായ അയസ്കാന്തമാണതു്; ശക്തിയുടേയും ഉൽകൃഷ്ട ഗുണങ്ങളുടെയും ഉൽഗമസ്ഥാനവുമാണതു്." അഹിം സാസിദ്ധാന്തത്തിൻെറ അടിസ്ഥാനതത്വമായ ഈ സ്നേ ഹത്തിൻെറ വിജയപതാക മനുഷ്യലോകത്തിൽ ഉയന്നു യന്നുപാറുമ്പോളല്ലാതെ വിശ്വസമാധാനം സാക്ഷാൽക്ക രിക്കപ്പെടുകയില്ല.

ഈ സ്നേഹം, പ്രതിയോഗിയെ അടിച്ചമത്തുകയ ല്ല, അവനെ തന്നിലേക്കാകർഷിച്ചു് താനായിത്തീക്കുക യാണു് ചെയ്യുന്നതു്. അവനിലുജ്ജ്രംഭിച്ചുനിന്ന ഇച്ഛാ ശക്തിയെ തകക്കുകയല്ല, പ്രത്യുത അവനിൽ ഉറങ്ങിക്കി ടക്കുന്ന ധാമ്മിക ശക്തിയെ മോട്ടപൊട്ടിച്ചു വികസിപ്പിക്കയാണു്. പ്രതികാരവും പ്രതികാരത്തിന്നു പ്രതികാരവും അവസാനമില്ലാതെ തുടർന്നുപോ കുന്ന ആപൽക്കരമായ സ്ഥിതിവിശേഷം, സാർ വജനീനമായ സ്നേഹത്തിൻെറ അഭാവത്താലാവിർഭവി ക്കുന്നു. ലോകത്തിൽ യുദ്ധങ്ങളില്ലാതാക്കുവാൻവേണ്ടി യുണ്ടാക്കിയതെന്നു പറയപ്പെടുന്ന യുദ്ധങ്ങളെല്ലാംതന്നെ, വീണ്ടും അനവധി യുദ്ധങ്ങളുടെ വിളനിലമായിത്തീന്നി

ട്ടുള്ളതിൻെറ കാരണം ഈ വിശകലനത്തിലടങ്ങിയിരിക്കുന്നു.

ശരീരശാസ്ത്രപരമായി നോക്കിയാലും ഹിംസ അവന്നു വിധിച്ചിട്ടുള്ളതല്ല. മനുഷ്യൻെറ ആദികാലജീവിതത്തിൽ, അവന്നു് ഭക്ഷണത്തിനു വേട്ടയാടുകയും അന്യോപദ്രവത്തിൽനിന്നു രക്ഷനേടുവാൻ അക്രമം ആയുധമാക്കുകയും വേണ്ടിയിരുന്നു എന്നതു് സത്യംതന്നെ. അന്നു് സമരവും പലായനവും അവൻെറ ജീവിതത്തിനുപകരിച്ചിരിക്കാം. എന്നാൽ അവൻെറ സുദീഘങ്ങളായ പരിണാമദശകളിൽ, ഭയവും ക്രോധവുംകൂടാതെ ജീവിതം മുമ്പോട്ടുകൊണ്ടുപോകാനുള്ള മാർഗ്ഗങ്ങൾ സുലഭങ്ങളായിത്തീന്നിരിക്കുന്നു. പ്രകൃതിയെപ്പററിയുള്ള അവൻെറ വിജ്ഞാനം വദ്ധിച്ചിരിക്കുന്നു; ആവിയും വിദ്യുച്ഛക്തിയും സ്ഥലകാലദൈഘ്യത്തെ ചോദ്യംചെയ്തുകൊണ്ടു മററു ശാസ്ത്രീയനേട്ടങ്ങളോടൊപ്പം അവനിലുള്ള അപാരമായ ആന്തരശക്തികളോടു തുല്യമായോ, അതിലുമധികമോ വികസിച്ചിരിക്കുന്നു. ഇന്നവൻ ആപന്മേഖലയിൽനിന്നും ബഹുദൂരം അകന്നവനാണു്. അതുകൊണ്ടു് പണ്ടത്തെപ്പോലെ മനുഷ്യൻ ഇന്നു് മാംസപേശികളുടെ ബലത്തിൽമാത്രം ജീവിക്കുന്നവനല്ല. ജീവിതായോധനത്തിലെ അവൻെറ പ്രമുഖായുധം ബുദ്ധിയാണു്. മാംസപേശികളുടെ ദ്രുതപ്രവത്തനം ഇന്നു വേണ്ടാതായിത്തീന്നിരിക്കുന്നു. അക്കാരണത്താൽ മാംസപേശികളുടെ അതിദ്രുതപ്രവത്തനത്തെ പ്രേരിപ്പിക്കുന്ന ഭയക്രോധാദിവികാരങ്ങളും അവന്നാവശ്യമല്ലാതായിരിക്കയാണിന്നു്. വിഖ്യാതന്മാരായ ശരീരശാസ്ത്രജ്ഞന്മാർ

ഭയക്രോധാദികൾ ശരീരാദ്ധ്വാനത്തേക്കാൾ എല്ലാവിധത്തിലും ക്ഷയകരങ്ങളാണെന്നഭിപ്രായപ്പെട്ടിട്ടുണ്ട്. "ക്രോധവും ഭയവും ഉണ്ടാകുമ്പോൾ ദഹനക്രിയയിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ അവയവവും വ്യാപാരം നിറുത്തുന്നു. ദീപനരസങ്ങളുടെ സ്രവണമോ, മാംസപേശികളുടെ വ്യാപാരമോ അപ്പോളുണ്ടാകുന്നില്ല. ഈ അവസ്ഥ തുടൎന്നു പോവുകയോ കൂടെക്കൂടെ ആവൎത്തിക്കയോ ചെയ്യുന്നപക്ഷം അതു് ദഹനേന്ദ്രിയങ്ങൾക്കാകെ എത്രയോ ഹാനികരമായിത്തീരുന്നു." കാനൺ (W. B. Cannon M. D.) എന്ന പ്രസിദ്ധ ഭിഷഗ്വരൻ പറയുന്നതാണിതു്. G. N. Crilo M. D. പറയുന്നു, ഞങ്ങളുടെ പരീക്ഷണങ്ങളിൽ ഭയം തലച്ചോറിലും യകൃത്തിലും വൃക്കോദ്ധ്വപിണ്ഡങ്ങളിലും വമ്പിച്ച പരിവൎത്തനങ്ങൾ വരുത്തിയതായി കണ്ടിരിക്കുന്നു. മൂത്രത്തിൽ പഞ്ചസാരയും ആൽബ്യൂമനും രക്തത്തിൽ അമ്ലാധിക്യവും ഉണ്ടാകുന്നതായും അനുഭവമുണ്ട്. കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ ഫലമായി നാലഞ്ചു കൊല്ലത്തോളം നീണ്ടുനിന്ന ജനങ്ങളുടെ ഭയവിദ്വേഷങ്ങളാണു് 1918-ലെ ലോകവ്യാപകമായ ഇൻഫ്ളുവൻസാ (influvenza), എന്നു് ലോകത്തിലെ പ്രസിദ്ധന്മാരായ ഭിഷഗ്വരന്മാർ മുക്തകണ്ഠം അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ ആയുൎവ്വേദത്തിന്റെ ആചാര്യന്മാരായ ഋഷികൾ, രാഗാദിരോഗങ്ങൾ ആരോഗ്യത്തെയും ആയുസ്സിനെയും എങ്ങനെ ബാധിക്കുന്നു എന്നു് ആയിരമായിരം വൎഷങ്ങൾക്കുമുമ്പ് വ്യക്തമായി പറഞ്ഞിട്ടുള്ളതാണു്. അതുപോലെ സൂക്ഷ്മ പഠനം തെളിയിക്കുന്നതു്. ജീവശാസ്ത്രപരമായും, ഹിം

സയും സമരവും ഗമനനവും നട്ടെല്ലോടുകൂടി സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യൻ മാത്രമേ തൻെറ സ്വന്തം ജാതിയോട്ട് സംഘടിതരൂപത്തിൽ ചെയ്യുന്നുള്ളൂ എന്നാണു്. അവ ദുർവ്വാസനകളുടെ വികാസംകൊണ്ടു വന്നുചേർന്നിട്ടുള്ള ഒരു മാനുഷികാചാരം മാത്രമാണു്, ജീവശാസ്ത്രപരമായ ഒരു ധർമ്മമല്ല.

ചരിത്രപരമായ നിരീക്ഷണത്തിലും അഹിംസാത്മകസമരത്തിന്നാണു് ശാശ്വതസമാധാനം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നു കാണാം. പുരാണത്തിലെ പ്രഹ്ളാദികൾ അഹിംസാത്മക സമരത്തിലെ ധീരയോദ്ധാക്കളായിരുന്നു. 19-ാം നൂററാണ്ടിൽ ഓസ്ത്രിയൻ ചക്രവർത്തിയായിരുന്ന ഫ്രാൻസ് ജോസഫ്, ഹങ്കറിയെ പിടിച്ചടക്കാൻ ശ്രമിച്ചു. അവിടത്തെ മിതവാദികൾ അശക്തരായിരുന്നതിനാൽ നിസ്സഹായരായി മൗനം അവലംബിച്ചു. എന്നാൽ ആ രാജ്യത്തിലെ ഒരു ജന്മിയായിരുന്ന ഫ്രാൻസിസ് ഡീക്, അവരുടെ നയത്തെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ടിങ്ങനെ പറഞ്ഞു:–"ഓസ്ത്രിയൻ ചക്രവർത്തി നിങ്ങളുടെ നയങ്ങളെ അനാദരിച്ചിരിക്കുന്നു. എന്നിട്ടും നിങ്ങൾ വായ്ത്തുറക്കുന്നില്ല. ഒരു രാഷ്ട്രത്തിൻെറ അവകാശങ്ങളെ ധിക്കരിക്കുന്ന അവസരത്തെ പ്രതിഷേധിക്കുന്നില്ലെങ്കിൽ അതു് രാഷ്ട്രത്തിനൊരു ശാപമാണു്. മർദ്ദനങ്ങൾക്കും അനീതികൾക്കും വഴങ്ങുന്ന ഒരു രാഷ്ട്രം സ്വയം നാശമടയുന്നു." നികുതി നിഷേധം, ഓസ്ത്രിയൻ സാധന ബഹിഷ്കരണം മുതലായ മാർഗ്ഗങ്ങളിൽ ഓസ്ത്രിയൻ ജനത അവരുടെ സ്വാതന്ത്ര്യം വീണ്ടെ

ട്ടുന്നു. ഒരു മഹത്തായ ജനതയെ സംഘടിപ്പിക്കയും അവരിൽ അഹിംസാത്മകമായ ഈ അദ്ധ്യാത്മസമര സമ്പ്രദായത്തിൽ വിശ്വാസം വരുത്തുകയും ചെയ്തതിന്റെ വിശുദ്ധ ഫലമാണു് ഇന്ത്യൻ സ്വാതന്ത്ര്യവും അതിന്റെ പിന്നിൽ ഒന്നര ശതാബ്ദത്തോളം നീണ്ടുകിടക്കുന്ന യാതനാസങ്കലങ്ങളായ ചരിത്രാദ്ധ്യായങ്ങളിലെ ജാലിയൻ വാലാബാഗ്, ബർദോളി, ചമ്പരാൻ എന്നീ സംഭവങ്ങളും.

അഹിംസയുടെ തത്വശാസ്ത്രം അപ്രായോഗികമാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നാം. എന്നാലതിൻെറ ദുഷ്കരമെങ്കിലും സുഖകരമായ പരിശീലനം മഹത്തായ ഒരു പ്രായോഗികസിദ്ധാന്തമെന്ന നിലയിൽ മനുഷ്യവർഗ്ഗത്തെ നവോത്ഥാനം കൊള്ളിക്കുന്നു. ഭാരതത്തിൻെറ അസംഖ്യങ്ങളായ അമൂല്യസ്വത്തുക്കളിൽ ഒന്നാണതു്.

---

# യുഗസ്രഷ്ടാവായ ആചാര്യൻ

അനന്തമായ കാലപ്രവാഹത്തിലെ സങ്കല്പസോപാനങ്ങളത്രെ യുഗങ്ങൾ. പ്രപഞ്ചംതന്നെ സാങ്കല്പികമെന്നു സിദ്ധാന്തിക്കുമ്പോൾ, പ്രാപഞ്ചികമായ കാലവും സങ്കല്പജന്യമാണെന്നു വരാതെ വയ്യ.

പുരാണപ്രസിദ്ധമായ ഈ യുഗഗണനക്കു യുക്തിവാദചിന്തയിൽ മറെറന്തെങ്കിലും അർത്ഥമുണ്ടാകാമോ? കൃതയുഗവും ത്രേതായുഗവും തമ്മിലും, ത്രേതായുഗവും ദ്വാപരയുഗവും തമ്മിലും ദ്വാപരയുഗവും കലിയുഗവും തമ്മിലും പൌരാണികഭാവനയനുസരിച്ചു എത്ര ബൃഹത്തായ വ്യത്യാസങ്ങളാണുള്ളതു്, ഭാവത്തിലും രൂപത്തിലും? അപ്പോൾ പരിവർത്തനംകൊണ്ടു്, കേവല വൈചിത്ര്യമാർന്ന കാലഘട്ടങ്ങൾക്കുള്ള പേരായിക്കൂടെ യുഗങ്ങളെന്നുള്ളതു്? സാമാന്യചിന്തയിൽ അങ്ങനെയാകാൻ പാടുണ്ടു് എന്നു തോന്നുന്നു.

അങ്ങിനെയാണെങ്കിൽ മനുഷ്യരാശിയുടെ മനസ്സഞ്ചികക്കു പൊതുവായ പരിവർത്തനങ്ങൾ സംഭവിക്കുന്ന ദശാസന്ധികളെ നമ്മുടെ ഇദാനീന്തന ചരിത്രങ്ങളിൽ തന്നെ അപൂർവ്വമായെങ്കിലും കാണാൻ കഴിയുന്നില്ലെ?

Jawahar Bal Bhavan & Children's Library, A.M.

ഈ പരിവൎത്തനങ്ങൾ ഭൌതികമാവാം. അഭൌതികമാവാം. സംഭവിക്കുന്നതാകാം സംഭവിപ്പിക്കുന്നതാകാം. കാറൽമാർക്സിൻെറയും ഗാന്ധിജിയുടെയുമൊക്കെ ജീവചരിത്രം അതാണു് നമ്മോടു പറയുന്നതു്. താരതമ്യേന ഭൌതികപരിവൎത്തനം അഭൌതികപരിവൎത്തനത്തേക്കാൾ ലാഘവമേറിയതാണെന്നും ആ ചരിത്രത്തിൽ സൂക്ഷ്മമായി നോക്കിയാൽ കാണാം.

എന്താണീ അഭൌതികം? ജീവിതമെന്ന വിലയേറിയ നാണയത്തിൻെറ ഒരു വശംതന്നെ. മറേറവശമാകട്ടെ ഭൌതികവും. ഇതു രണ്ടുംകൂടി സമത്തായി ചേൎന്നാലല്ലാതെ ജീവിതനാണ്യത്തിന്നു മൂല്യമില്ല. പക്ഷെ ഒന്നുണ്ടു്. ഈ അലങ്കാരപ്രയോഗത്തിലൊതുങ്ങാത്തവിധം ജീവിതം എന്ന അത്ഭുതപ്രതിഭാസത്തിന്നു വൈചിത്ര്യവും വിശാലതയും അഗാധതയുമുണ്ടു്. അതിൻെറ വിശാലമേഖലകളിൽ സ്വച്ഛന്ദം പറന്നു വിഹരിക്കുകയും അതിൻെറ വൈചിത്ര്യങ്ങളെ കണ്ടറിയുകയും അതിൻെറ അതിനിഗൂഢങ്ങളായ അഗാധതലങ്ങളിൽ ഊളിയിട്ടു വസ്തുബോധം വരുത്തുകയും ചെയ്യുക എന്നുള്ളതു മഹത്തായ ഒരു പ്രക്രിയാവിശേഷമാണു്. അതിന്നുള്ള ഉത്തേജനം നല്കി ഒരു മനുഷ്യസഞ്ചയത്തെ വാൎത്തെടുക്കുക എന്ന ഉദ്ധാരകകൃത്യം നിർവഹിക്കുവാൻ കുറച്ചൊന്നുമല്ല അദ്ധ്വാനം. കോടാനുകോടിയിൽ ധീരത, അനുഭൂതി, സ്ഥൈര്യം, പ്രതിഭ, കൎമ്മശൂരത, അപാരപാണ്ഡിത്യം ആദിയായ അഭൌമശക്തികളുടെ സമ്പന്നതയോടുകൂടി അതിന്നുവേണ്ടിത്തന്നെ ഉണന്നെഴുന്നേററു പരികരബന്ധം ചെയ്തുവരുന്ന ഒരാൾക്കല്ലാതെ മഹ

ത്തായ ആ ഒരു പരിവർത്തനംകൊണ്ട് ബൃഹത്തായ ആ ഉദ്ധാരകകൃത്യം നിർവ്വഹിക്കുവാനാവതല്ല.

അപൂർവമായി മാത്രം കാണപ്പെടാവുന്ന ആ അത്ഭുതപുരുഷന്നു ഒരു പേരുണ്ട് ആചാര്യൻ. പരിവർത്തനത്തിൻെറ ദിവ്യകാഹളമൂതി അഭൌതികമായ ആത്യന്തികവിപ്ലവത്തിൻെറ ആ ആചാര്യൻ ഒരു യുഗസ്രഷ്ടാവായി തീരുന്നു.

പ്രഭാത സൂര്യനെപ്പോലെ യുഗസ്രഷ്ടാവായ ആചാര്യൻ ഏകനായിരിക്കും. ആ ഏകത്വംതന്നെയാണ് ആചാര്യൻെറ വൈചിത്ര്യവും മഹത്വവും.

ആമിനോതിച ശാസ്ത്രാത്ഥ
മാചരേത് സ്ഥാപയത്വചി
സ്വയമാചരയേദ്യസ്തു
സആചാര്യ ഇതിസ്മൃതഃ

എന്ന ശ്ലോകം ഇവിടെ സ്മർത്തവ്യമാണു്. അഖിലശാസ്ത്രാത്ഥങ്ങളും ധരിക്കുകയും അവയിൽനിന്നും സത്യാൽസത്യമായ ഒരു സിദ്ധാന്തത്തെ ആവിഷ്ക്കരിക്കുകയും അതു് സ്വജീവിതത്തിൽ സാക്ഷാൽക്കരിക്കയുംആ സാക്ഷാൽകാരമാഗ്ഗത്തിൽ സഞ്ചരിക്കുന്ന ഒരു ജനസംഹതിയെത്തന്നെ ഉയർത്തെഴുനേല്പിക്കുകയും ചെയ്ത ഒരാചാര്യനെ കേരളത്തിൻെറ ശുദ്ധമായ ചരിത്രത്തിൽ കണ്ടെത്തുവാനുണ്ട്. ആ മഹാത്മാവിൻെറ പേരാണു് ശ്രീ. ബ്രഹ്മാനന്ദസ്വാമി ശിവയോഗി എന്നു്.

"നിങ്ങളുടെ രീതിയിൽ സംസാരിച്ചു ജീവിക്കുന്നതിനേക്കാൾ എൻെറ രീതിയിൽ സംസാരിച്ചു മരിക്കുന്നതു കാമ്യമായി ഞാൻ കരുതുന്നു" എന്നു പ്രഖ്യാപിച്ച യവനതത്വജ്ഞാനി സോക്രട്ടീസിൻെറ ആദർശധീരതയോടെ, താൻ കണ്ടെത്തിയ ശ്രുതിയുക്ത്യനുഭവാധിഷ്ഠിതമായ വെളിച്ചത്തിലേക്കു മനുഷ്യരെ ആഹ്വാനം ചെയ്തു ആ ദിവ്യാത്മാവ്. അറുപതിൽപരം വർഷങ്ങൾക്കു മുമ്പ് (1905) ആ അനുഭൂതിയുടെ ആദ്യത്തെ വിളി കേരളം കേട്ടു.

പരമ്പരാഗതമായിട്ടുള്ള യാഥാസ്ഥിതികത്വത്തിൻെറ കരിങ്കൽക്കോട്ടയ്ക്കുള്ളിൽ കാററും വെളിച്ചവും കിട്ടാതെ ആയിരമായിരം വർഷങ്ങളായി കഴിഞ്ഞുകൂടിയ ഒരു ജനസംഹിത ഒന്നായി ആ വിളി ചെവിക്കൊണ്ടില്ല. മുൾമരങ്ങളും വിഷവല്ലികളും ഹിംസ്രജന്തുക്കളും നിറഞ്ഞ മതമഹാരണ്യത്തിൻെറ മദ്ധ്യെ കണ്ടെത്തിയ മനോഭിരാമമായ ദിവ്യാരാമത്തിലേക്കു ആ സത്യാന്വേഷകൻ സുഗമസഞ്ചാരത്തിന്നു ഒരു രാജമാർഗ്ഗംതന്നെ വെട്ടിത്തെളിച്ചു.

എല്ലാ മതങ്ങളിലും കണ്ടെത്താവുന്ന എല്ലാ കുനാംകുരുക്കുകളേയും യുക്തിയുടെ കോടാലിയും ശ്രുതിയുടെ കൈവാളും ഉപയോഗിച്ചു സ്വാനുഭവത്തിന്റെ ഉജ്ജ്വലപ്രകാശത്തിൽ ആ വിദഗ്ദ്ധഹസ്തങ്ങൾ അഴിച്ചുനീക്കി. ഈപ്രപഞ്ചം എങ്ങിനെയുണ്ടായി? ഹിന്തുമതത്തിലെ പൂർവ്വമനീഷികൾ പലവഴിക്കും പോയി. ഒരു

വിധത്തിൽ പറഞ്ഞാൽ ഒരാവശ്യവുമില്ലാത്ത ഈ ചോദ്യത്തിന്നുത്തരം തേടി അവരെല്ലാംതന്നെ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ദിഗ്ഭ്രമത്തിൽപെട്ടവരായിത്തീൎന്നു എന്നു പറയണം. ഉദാഹരണത്തിന്നു പ്രയാസമില്ല.

"ഇപ്രപഞ്ചം എവിടുന്നും വന്നതല്ല. എങ്ങും പോകുന്നുമില്ല. ഇതിൻെറ സ്വഭാവം ഇങ്ങിനെയൊക്കെത്തന്നെയാണു്" ഭാവവാദികളായ ചാൎവ്വാകന്മാർ പറഞ്ഞു. ഉല്പത്തിവാദികളായ നൈയ്യായികന്മാരാകട്ടെ പ്രപഞ്ചത്തിന്നു ഉപാദാനകാരണം പരമാണുക്കളും നിമിത്തകാരണം ഈശ്വരനുമാണു് എന്നു പറഞ്ഞു. ബൌദ്ധന്മാർ പറഞ്ഞു, പ്രപഞ്ചത്തിൻെറ കാരണം ശൂന്യമാണെന്നു്. പരിണാമവാദികളായ സാംഖ്യന്മാരാകട്ടെ, പുരുഷസംയോഗംനിമിത്തം പ്രകൃതി, പ്രപഞ്ചരൂപേണ പരിണമിക്കയാണു് എന്നു പറഞ്ഞു. ഈശ്വരേച്ഛയാണെന്നു പറഞ്ഞു, പൌരാണികന്മാർ. കൎമ്മമാണെന്നു പറഞ്ഞു മീമാംസകന്മാർ. വേദാന്തികളാകട്ടെ ഈ പ്രപഞ്ചം ബ്രഹ്മത്തിൽ കല്പിതമാണു്—ആരോപിതമാണു് എന്നും പറഞ്ഞു.

ഇതിൽ ഏതാണു് ശരി? ഒരുപക്ഷെ ഏതു ശരിയായാലെന്തു്? തെററായാലെന്തു്? നേരത്തെ സൂചിപ്പിച്ചപോലെ ഒരു പരിധിയോളം നിരൎത്ഥകവും നിരുപയോഗവുമായ അഭിപ്രായങ്ങളുടെ കൂരിരുട്ടിൽ തപ്പിത്തട

യാൻ ബ്രഹ്മാനന്ദസ്വാമി മിനക്കെട്ടില്ല. പ്രപഞ്ചം എ വ്വിടുന്നും എങ്ങിനെയും ഉണ്ടാകട്ടെ: ഇതെവിടെയും എ ങ്ങിനെയും അവസാനിക്കട്ടെ:—മനുഷ്യനിൽ വല്ല ആ ത്മചൈതന്യവുമുണ്ടോ? ഉണ്ടെങ്കിൽ അതനുഭവിച്ചറി ഞ്ഞു അതിൻെറ വെളിച്ചത്തിൽ ജീവിച്ചു അതിൽ വിലയിക്കുവാനുള്ള നേരായ ഘണ്ടാപഥം വെട്ടിത്തുറക്കു വാനാണു് ദയാമയനായ ആ സിദ്ധയോഗി ഒരുങ്ങിയ തു്. പ്രപഞ്ചോല്പത്തിയെക്കുറിച്ചു മാത്രമല്ല, ലക്ഷം ലക്ഷം വിഷയങ്ങളെക്കുറിച്ചും ഇങ്ങിനെ സംഖ്യയില്ലാ ത്ത മതവാദികൾ ഇവിടെ ദിഗ്ഭ്രമം സൃഷ്ടിച്ചിട്ടുണ്ടു്. ആ വഴിക്കുനിന്നും ജനതയെ പിന്തിരിപ്പിച്ചു ഒരു നവീ ന ചിന്താമാൎഗ്ഗത്തിൽക്കൂടി അവരെ മുന്നോട്ടു നടത്തുവാൻ ആചാര്യൻ ആഗ്രഹിച്ചു. ശ്രീ ശങ്കരാചാര്യൻ എഴുതി:

"ദ്വൈതം മയ്യഖിലം സമുത്ഥിതമിദം
മിഥ്യാ മനഃകല്പിതം
തോയം തോയവിവൎജ്ജിതേ മരുതലേ
ഭ്രാന്ത്യൈവ സിദ്ധം നഹി
യാദൃവം ഖലു ദൃശ്യമേതദഖിലം
നാഹം നവാതന്മമ
പ്രൌഢാനന്ദചിദേക സന്മയ വപുഃ
ശുദ്ധോഽസ്മ്യഖണ്ഡോസ്മ്യഹം"

ഞാൻ നിറഞ്ഞുതുളുമ്പിനില്ക്കുന്ന ആനന്ദജ്ഞാനഘ നമായ അഖണ്ഡസത്ത മാത്രമാണെന്നു ശതാബ്ദങ്ങൾക്കു

മുമ്പ് ശ്രീ ശങ്കരൻ പാടിയെങ്കിൽ നാം ജീവിക്കുന്ന ഈ ശതാബ്ദത്തിൽ ലളിതകോമളകാന്തപദാവലിയിൽ ബ്രഹ്മാനന്ദസ്വാമി ശിവയോഗി, ആനന്ദമാണ് എല്ലാററിനും ഉല്പത്തിസ്ഥാനമെന്നും, ആനന്ദത്തിലാണ് എല്ലാം ജീവിക്കുന്നതെന്നും എല്ലാററിൻേറയും പരമലക്ഷ്യം ആനന്ദം മാത്രമാണെന്നും തെളിയിച്ചു പാടി. ആ് അടിസ്ഥാനശിലയുടെ കെട്ടുറപ്പുള്ള അനശ്വരാസ്ഥിവാരത്തിലാണ് സർവ്വസാഹോദര്യത്തിൻെറയും അഹിംസാധർമ്മത്തിൻേറതുമായ മനോഹരസൌധം ശിവയോഗീശ്വരൻ കെട്ടിപ്പടുത്തതു്. ജാതിഭേദത്തേയും ബിംബാരാധനത്തേയും മററെല്ലാ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും എതിർത്തു്, ഇരുളടഞ്ഞ ഒരു യാഥാസ്ഥിതിക പ്രാകാരത്തിനുള്ളിൽ ഇരുന്നുകൊണ്ടു ആ പരിവർത്തനത്തിൻെറ പടപ്പാട്ടു പാടുവാൻ അന്നു കേരളത്തിൽ മററാൎക്കു് ധൈര്യമുണ്ടാകും?

ശാസ്ത്രയുഗമാണിതു്. മനുഷ്യൻ ഗോളഗോളാന്തരങ്ങളെ കാൽച്ചുവട്ടിലാക്കുവാൻ വെമ്പൽകൊള്ളുകയാണു്. അജയ്യനായ അവൻ ഭൂമിയിലെ എവറസ്റ്റും, ആകാശത്തിലെ ചന്ദ്രനും കയ്യടക്കിക്കഴിഞ്ഞു. പക്ഷെ, അവൻ അവനെത്രമാത്രം ജയിച്ചില്ല; അടക്കിയില്ല. എഡിംഗ്ടൻ, ജീൻസ് തുടങ്ങിയ ശാസ്ത്രലോകത്തിലെ ഉന്നതശീർഷന്മാർ, പ്രപഞ്ചം വെളിയിലല്ല, നമ്മുടെ ഉള്ളിൽ തന്നെയാണെന്നും, പ്രപഞ്ചം എന്നുവെച്ചാൽ Mind Stuff ആണെന്നും തുറന്നുപറയുന്നിടത്തോളം എത്തിയി

രിക്കുന്നു. ഒരളവുകോലിൻെറ നീളം അതു കൈകാര്യം ചെയ്യുന്ന ആളിൻെറ ഉള്ളിലാണിരിക്കുന്നതെന്നും പറയുന്ന ഐൻസ്റ്റീനും അവരുടെ കൂടെയാണു്.

അപ്പോൾ പ്രപഞ്ചത്തെ ജയിക്കാൻ അരതലമുറക്കുന്ന ശാസ്ത്രയുഗക്കാരനെ വെല്ലുവിളിക്കുന്ന ആനന്ദമതസിദ്ധാന്തത്തിൻെറ തത്വശാസ്ത്രം പുറമേ ദൂരേദൂരേക്കല്ല, അകമേ അടുത്തടുത്തേക്കു നോക്കുവാൻ മനുഷ്യനെ മനുഷ്യനാക്കുന്ന ദിവ്യാനുഭൂതിയുടെ ആനന്ദകേന്ദ്രത്തിലേക്കു ധീരതയോടെ കടന്നുചെല്ലുവാനുള്ള യുഗസ്രഷ്ടാവായ ആചാര്യൻെറ വിളി കേൾക്കുകതന്നെ.

# വാഗ്മിത്വം ഭാരതീയദൃഷ്ടിയിൽ

മനുഷ്യനു് ഈശ്വരനിൽനിന്നു ലഭിക്കാറുള്ള അപൂർവ്വാനുഗ്രഹങ്ങളിൽ ഒന്നാണു് വാഗ്മിത്വം. പ്രസംഗമല്ല, പ്രവൃത്തിയാണാവശ്യം എന്നു ഭംഗിക്കുവേണ്ടി പ്പറയുന്നവക്കും നല്ലവണ്ണമറിയാം, ലോകത്തു് ഇന്നേവരെയുണ്ടായിട്ടുള്ള എല്ലാ പ്രവത്തനത്തിൻെറയും പുറകിൽ പ്രസംഗശക്തി നിരന്തരം ഉത്തേജിപ്പിക്കുവാനുണ്ടായിരുന്നു എന്നു്.

രാഷ്ട്രീയമോ, സാമൂഹ്യമോ, മതപരമോ, സാഹിത്യപരമോ, ആയ എല്ലാ ചലനങ്ങളുടെയും പിന്നിലുണ്ടായിരുന്നു, ഉണ്ടു്, പ്രസംഗത്തിൻെറ പ്രേരണാവിശേഷങ്ങൾ. പക്ഷെ, ആ പ്രസംഗങ്ങളെല്ലാം അതിൻേറതായ ലക്ഷണവും സൌന്ദയ്യവും തികഞ്ഞതായിരുന്നോ എന്നുള്ളതല്ല ഇവിടെ പ്രശ്നം. പിന്നെയൊ പ്രപഞ്ചപുരോഗതിയിൽ പ്രസംഗം എന്ന പ്രവണതയ്ക്കു് എത്രയോ പ്രമുഖമായ സ്ഥാനമാണുള്ളതു് എന്നതാണു പ്രശ്നം.

ഭാരതത്തിലെ സാഹിത്യാചാര്യന്മാരും കവികളും വാമൊഴിയേക്കാൾ വരമൊഴി ആയുധമായുപയോഗി

ച്ച്, അവരുടെ ആന്തരവെളിച്ചം കാട്ടി ജനതയെ നയിച്ചവരായിരുന്നു. അവരുടെ എഴുത്താണികളുടെ മന്ത്രധ്വനി, സഹസ്രാബ്ദങ്ങളെ പിന്നിട്ടുകൊണ്ട് വാഗ്മിതയുടെ വററാത്ത സ്രോതസ്സുകളായി പ്രതിഭാസിക്കുകയാണ്. ഇന്ത്യയിലെ സാഹിത്യത്തിൻെറയും മതത്തിന്റെയുമൊക്കെ ഭാഷാസാഹിത്യങ്ങളുടെ നിയാമകോപാധികളായി ഇവിടെയുണ്ടായിട്ടുള്ള വ്യാകരണാലങ്കാരാദിശാസ്ത്രഗ്രന്ഥങ്ങളെല്ലാംതന്നെ, അപാരമായ വാക്പ്രപഞ്ചത്തിൻെറ ഗൗരവത്തേയും ഗഹനതയേയും പ്രഖ്യാപിക്കുന്നു.

വാക്കുകൾ! അവയുടെ അദൃശ്യവും അത്ഭുതകരവുമായ ശക്തിവിശേഷത്തെപ്പററി ഭാരതീയർ കൂലങ്കഷമായി ചിന്തിച്ചിരുന്നു, പറഞ്ഞിരിക്കുന്നു! "സമ്യക്കായ വാക്കുകളുടെ പ്രവത്തനമില്ലെങ്കിൽ ഈ പ്രപഞ്ചമെല്ലാം അന്ധകാരമയമാണ്" എന്നു വസിഷ്ഠൻ പറഞ്ഞിട്ടുണ്ട്. "ശുദ്ധമായ വാക്ക് സ്വഗ്ഗത്തിൽനിന്നും അമൃതം പ്രവഹിപ്പിക്കുന്നു." എന്ന അത്ഥത്തിൽ ഒരു ഋഗ്വേദസൂക്തമുണ്ട്. ആദികാവ്യമായ വാത്മീകി രാമായണം തുടങ്ങുമ്പോൾ, "തപസ്വിയും, സ്വാധ്യായനിരതനും വാഗ്വിദാംവരനു"മായ ഒരു മഹഷിയെ അവതരിപ്പിക്കുന്നു. ഇതിലെ 'വാഗ്വിദാംവരനെന്ന വിശേഷണം പ്രത്യേകം ശ്രദ്ധേയമാണ്. ചങ്കൂററംകൊണ്ടു് മാത്രം —ശക്തി, നിപുണത, അഭ്യാസം, കാവ്യശാസ്ത്രാദിജ്ഞാനം ഇവയൊന്നും കൂടാതെ—ചെയ്യുന്ന മൈതാനപ്രസംഗങ്ങളും, എഴുതിക്കൂട്ടുന്ന ഗദ്യപദ്യങ്ങളും, സാക്ഷാത്തായ വാഗ്മിതയെച്ചോല്ലിയുള്ള പുരാതന ഭാരതീയ

സിദ്ധാന്തങ്ങളിൽനിന്നും, പാശ്ചാത്യസിദ്ധാന്തങ്ങളിൽ നിന്നും വളരെ അകന്ന ബന്ധംപോലുമില്ലാതെ നില്ക്കുകയാണെന്നുള്ളതു് ഒരു സത്യം മാത്രമാണു്. ഈ വിഷയത്തിൽ ഒരു പാശ്ചാത്യപണ്ഡിതനെ മാത്രം നമുക്കു് കൂട്ടിനു വിളിക്കാം. അസംഖ്യം പാശ്ചാത്യമനീഷികളുടെ കൂട്ടത്തിൽനിന്നു്. 'ഹെയിൽ' സർവ്വകലാശാലയിലെ സംസ്കൃതപണ്ഡിതനായ 'ഡോക്ടർ ഫ്രാങ്ക്ളിൻ എഡ്ഗാറിനെ. അദ്ദേഹത്തിൻെറ ഒരഭിപ്രായത്തെ ഇങ്ങനെ സംഗ്രഹിക്കാം. ലോകസൗന്ദര്യത്തിൻെറ സമ്പൂർണ്ണപ്രതിഭാസമായിരുന്ന രാജ്ഞിയായിരുന്ന 'ട്രോയി'ലെ 'ഹെലൻ'. അവളുടെ സൃഷ്ടികർത്താവു്, യുഗങ്ങളുടെ കവിയായിരുന്ന 'ഹോമർ' ആണു്. അദ്ദേഹം ആ അനശ്വരകാവ്യത്തിൽ സർവ്വാംഗസുന്ദരിയായ ഹെലനെക്കുറിച്ചു് വർണ്ണനാപരമായി ഒരു വാചകംപോലും എഴുതിയിട്ടില്ല. എന്നാൽ അവൾ സാഹിത്യ സാമ്രാജ്യത്തിലെ അനുപമസുന്ദരിയാണു്. ഇതെങ്ങിനെ വന്നു? ഭാരതീയരായ പൗരാണിക കവികൾ കാവ്യത്തിന്റെ ജീവനായി സാഭിമാനം അംഗീകരിച്ച ഒരു പ്രയോഗവിശേഷംകൊണ്ടാണു് വിശ്വമഹാകവി ഹോമർ ഹെലനെ ശാശ്വതയാക്കിത്തീർത്തു്. ഇന്ത്യയിലെ സാഹിത്യമീമാംസകന്മാർ അതിനെ 'ധ്വനി' എന്നാണു പറയുന്നതു്.

കാശ്മീരിൽ ജനിച്ചു് ഇന്ത്യയിലും ദ്വീപദ്വീപാന്തരങ്ങളിലും ചെന്നലയടിച്ചു വിജയിക്കുന്ന ധ്വനിയെന്ന കാവ്യാത്മാവിനെക്കുറിച്ചു് ഒന്നുംതന്നെ പ്രതിപാദിക്കാൻ വിചാരിക്കുന്നില്ല. എന്നാൽ വിശാലമായ അർത്ഥത്തിൽ, ശരീരത്തിൽ ആത്മാവെന്നപോലെ, വാക്കുക

ളിൽ—വാമൊഴിയിലും വരമൊഴിയിലും ആന്തരവൈചിത്ര്യമുണ്ടെങ്കിലേ അതു ഉത്തമമാണെന്നു പറഞ്ഞുകൂടു എന്നു ലഘുവായ താല്പര്യം. ഈ ഉത്തമമായ വാഗ്വ്യവസായത്തെക്കുറിച്ച് ഇന്നത്തെ അധികം പ്രാസംഗികന്മാരും എഴുത്തുകാരും ചിന്തിച്ചിട്ടുണ്ടോ പഠിച്ചിട്ടുണ്ടോ എന്നു സംശയമാണ്.

ഒരു നല്ല പ്രാസംഗികൻ എന്നു വച്ചിട്ടുള്ള ഒരാളെക്കുറിച്ച്, 'അയാൾ ഒരു നല്ല വാചാലനാ'ണ് എന്നു സാധാരണ പറയാറുണ്ട്. വാഗ്മിത്വവും വാചാലതയും തമ്മിൽ പകലും രാവുംപോലെയുള്ള അന്തരമുണ്ടെന്നു് അധികംപേരും അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. 'വാചാല'' 'വാചാട' ഈ രണ്ടു വാക്കുകൾ വ്യുല്പാദിപ്പിക്കാൻ പാണിനി ഉപയോഗിച്ച സൂത്രം, 'ആലജാടചൗ ബഹുഭാഷിണി' എന്നാണ്. ഈ സൂത്രത്തിന്റെ വാത്തികക്കാരൻ, 'കത്സിത ഇതിവക്തവ്യം' എന്നൊരു വാത്തികമെഴുതീട്ടുണ്ട്. അപ്പോൾ വാചാലൻ എന്ന പദത്തിനു കിട്ടുന്ന അത്ഥം 'കുത്സിതം ബഹുഭാഷതേ''—കുത്സിതമായി അന്യോന്യസംബന്ധാദികളൊന്നുമില്ലാതെ നീചമായി അധികം സംസാരിക്കുന്നവൻ എന്നാണ്. വാഗ്മിയോ? ''യസ്തുസമ്യക് ബഹുഭാഷതെ. സ വാഗ്മീ'' എന്നാണ് കൗമുദികാരൻ പറയുന്നതു്. നോക്കു, വാചാലനും വാഗ്മിയും തമ്മിലുള്ള അന്തരം. ''മിതം ച സാരം ച വചോഹിവാഗ്മിതാ'' എന്നു പറയാറുള്ളതു് ഇവിടെ സ്മത്തവ്യമാണ്.

വാഗ്വൈചദശ്ധ്യത്തെക്കുറിച്ചു പറഞ്ഞുവരുമ്പോൾ,

ഭാരതത്തിലെ പ്രാചീന സാഹിത്യാചാര്യന്മാരിലൊരാളായ ഭാമഹൻ, അദ്ദേഹത്തിന്റെ 'ഭാവഹാലങ്കാരം' എന്ന ഗ്രന്ഥത്തിലൊരിടത്ത് ഇങ്ങനെ പറയുന്നു.

"വിനയേനവിനാകാശ്രീ:
കാന്തിശാശശിനാവിനാ,
രഹിതാ സൻക്കവിതേന
കീദൃശീവാഗ്വിഭശ്ചതാ."

എന്നും വാഗ്മിയല്ലാത്ത, അധമനായ പ്രാസംഗികനെക്കുറിച്ച് പാണനീയ ശിക്ഷ പറയുന്നു:—

"ഗീതി, ശീഘ്രി, ശിരഃകമ്പി,
തഥാലിഖിതപാഠക:
അനൎത്ഥജ്ഞോല്പകണ്ഠശ്ച,
ഷഡേതേ പാഠകാധമാ.'

ഈണത്തിൽ പറയുക, അതിവേഗത്തിൽ പറയുക, തലയാട്ടുക മുതലായ അംഗചലനങ്ങളോടുകൂടി പറയുക്, എഴുതി വായിക്കുക, അൎത്ഥമറിയാതെ പറയുക, സ്വരംതാഴ്ത്തിപ്പറയുക മുതലായവയൊക്കെ നല്ല പ്രാസംഗികന്റെ ലക്ഷണമല്ല, നേരെമറിച്ച്

"മാധുൎയ്യമക്ഷരവ്യക്തി:
പദവ്യക്തിശ്ചസുസ്വര:
സ്ഥൈൎയ്യം ലഘുതമതഥഞ്ച
ഷഡേതേവചസോഗുണാം."

ഇവയൊക്കെയാണ് നല്ല വാഗ്മിയുടെ ലക്ഷണമെന്നാണ്, പാണിനീയ ശിക്ഷാകാരൻെറ അഭിപ്രായം. എത്ര ശരിയാണെന്നു നോക്കു.

സർവ്വോപരി പ്രസംഗം ഒരു കലയാകുന്നു. കലയുടെ സൗരഭ്യവും സൗഭാഗ്യവും സമഞ്ജസമായി മേളിക്കാത്ത ഏതു വാക്ക്പ്രവാഹവും, മനുഷ്യാത്മാവിനെ പുളകംകൊള്ളിക്കാനും, ഉദ്ദേശനിർവ്വഹണത്തിനു ശക്തനാക്കാനും അപര്യാപ്തമാണ്. പാണ്ഡിത്യത്തിൻേറയും ആശയസമൃദ്ധിയുടേയും പ്രകടനമാണു പ്രസംഗം എന്നു വരുമ്പോൾ, അതു് നിഷ്പ്രയോജനവും ഉപദ്രവകരവുമായ ഒരു വൃഥാപ്രയത്നമായിപ്പോകുന്നു. ലക്ഷ്യം, ലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗം, അതിൻെറ രണ്ടിൻേറയും സുവ്യക്തത—അതിനെ ആശ്രയിച്ചിരിക്കുന്നു പ്രസംഗത്തിൻെറ വിജയം. കുറച്ചാശയം, കൂടുതൽ വാക്കുകൾ—ഇതു് വാഗ്മിയുടെ ലക്ഷണമേയല്ല. ശബ്ദശക്തിയെക്കുറിച്ചുള്ള ബോധം, വാഗ്മിയായ എഴുത്തുകാരനും പ്രാസംഗികനും ഒഴിച്ചുകൂടാത്തതത്രെ.

ആദികാവ്യമായ വാല്മീകീ രാമായണത്തിൽ, മഹർഷി വാഗ്മിതയേയും പ്രാസംഗികനെയും ചൂണ്ടിക്കൊണ്ടു് പറയുന്ന ഭാഗം ശ്രദ്ധേയമാണു്.

"നൂനം വ്യാകരണം കൃൽസ്നം
അനേന ബഹുധാശ്രുതം
ബഹുവ്യാഹരതാനേന
നകിഞ്ചിദപശബ്ദിതം,

നമുഖേനേത്രയോശ്ചാപി
ലലാടേച ഭ്രുവോസ്തഥാ
അന്യേഷ്വപി ചഗാത്രേഷു
ദോഷഃസംവിദിത; ക്വചിത്,
അവിസ്തരമസന്ദിഗ്ദ്ധം
അവിലംബിതമദ്രുതം
ഉരസ്ഥം കണ്ഠഗംവാക്യം
വർത്തതേമധ്യമേസ്വരേ.
സംസ്കാരഗുണസമ്പന്നാ—
മദ്രുതാമവിളംബിതാം
ഉച്ചാരയതികല്യാണീം
വാചാഹൃദയഹാരിണീം
അനേനശ്ലൂഷ്ണയാവാചാ
ത്രിസ്ഥാനവ്യഞ്ജനസ്വരാ.''

എത്ര ചിന്താസുന്ദരമായ നിർദ്ദേശമാണു് ഋഷി ചെയ്യുന്നതു്? പ്രാസംഗികർ ഇതു് അക്ഷരംപ്രതി അംഗീകരിച്ചിരുന്നെങ്കിൽ—!

•

ഭാരതീയർ എത്ര നിഷ്കൃഷ്ടമായി വാഗ്മിത്വത്തേയും പ്രസംഗകലയേയും കുറിച്ചു ചിന്തിച്ചിരുന്നു!

# യുക്തിവാദത്തിൻെറ യുദ്ധഭൂമിയിൽ

ബുദ്ധിയുടെ ചിറകുകൾ വിടർത്തി, വിചാരത്തിൻെറ വിശാല ചക്രവാളസീമകളിൽ വിഹരിക്കുന്ന ഒരു വിചിത്രജീവിയാണു് മനുഷ്യൻ. അവൻെറ ആ വിഹാരത്തിൽനിന്നും സമ്പാദിച്ചവയാണു് പ്രപഞ്ചത്തിലെ മേന്മകളെല്ലാം. എന്നാൽ ഈ പ്രപഞ്ചമോ? അതും മനുഷ്യൻെറ ബുദ്ധിയുടെ സമ്പാദ്യമാണോ?

ഈ ചോദ്യം ഗോളഗോളാന്തരങ്ങളടങ്ങിയ അണ്ഡകടാഹത്തെത്തന്നെ നോക്കി ചോദിക്കാവുന്നതാണു്. സർവ്വ ദൃശ്യാദൃശ്യവസ്തുക്കളും ബുദ്ധി എന്ന അദൃശ്യവ്യാപാരശക്തിയിൽ ഒതുങ്ങുന്നതാണോ? ഒരായിരം ചോദ്യങ്ങൾ പുംഖാനുപുംഖമായി നമ്മുടെ മുമ്പിലേക്കു വരുന്നു. സംശയാത്മകമായ മനസ്സിൻേറയും നിശ്ചയാത്മകമായ ബുദ്ധിയുടേയും ഓരോ മനസന്താനമുണ്ടു്, അതിൻെറ പേരാണു് യുക്തി എന്നു്. ഈ യുക്തി, സർവ്വംഗ്രാഹകവും മനുഷ്യനേയും ഈ പ്രപഞ്ചത്തേയും സംബന്ധിച്ചുയരുന്ന സംഖ്യാതീതം പ്രശ്നങ്ങൾക്കുള്ള അവസാന വിധിപീഠവുമാണെന്നു് കണ്ടെത്തിച്ച വിശ്വ

സിക്കുന്നവർ ലോകത്തെമ്പാടുമുണ്ട്. അവരെ യുക്തിവാദികളെന്നു് വിളിക്കുന്നു. അനന്തനിഗൂഢതകളുടെ—അദൃശ്യരഹസ്യങ്ങളുടെ ഭണ്ഡാരമാണു് ഈ ദൃശ്യപ്രപഞ്ചം. അതിൻെറ പുറംതോടിനെ അപഗ്രഥിച്ച്, വിഘടിപ്പിച്ച് അതിന്റെ ഭൂതപരിണാമങ്ങളുടെ സൂക്ഷ്മതയോളമെത്തുവാൻ ബുദ്ധിക്കോ യുക്തിക്കോ ശക്തിയുണ്ട്. അതിന്നപ്പുറത്തേക്കു് കടക്കുവാനുള്ള ശക്തിയില്ലെങ്കിലും യുക്തിവാദം വിശ്വാസപൂർവ്വം സാഹസികമായി വെമ്പൽകൊള്ളുന്നുണ്ടെങ്കിൽ, ആ യുക്തിവാദത്തിൻെറ പരിമിതിതന്നെ അവിടെ ധീരസ്വരത്തിൽ ഒരു ചോദ്യം ഉന്നയിക്കുന്നു: അതിന്നധികാരവും അവകാശവും ഉണ്ടോ എന്നു്. പരമമായ യാഥാർത്ഥ്യത്തിൻെറ പരിപൂർണ്ണദീപ്തിയിൽ യുക്തിയുടെ പരിമിതി, ഒരു വെറും മിന്നാമിനുങ്ങായി പരാജയപ്പെട്ടുപോകുന്നു. പ്രപഞ്ചത്തിന്റെ രഹസ്യകേന്ദ്രബിന്ദുവിനെ കണ്ടെത്തിപ്പിടിക്കുവാനുള്ള ദീർഘബാഹുക്കളില്ല യുക്തിവാദമെന്ന വാമനന്നു്. എന്നല്ല, യുക്തിവാദം രൂപത്തിൽ മാദകസൗന്ദര്യമുള്ള ഒരു കനകമൃഗവുമാണു്. പക്ഷെ, ഭാവത്തിൽ അതൊരു മാരീചനാണു്. ആ മഹാരക്ഷസ്സിന്നു് മനുഷ്യമഹത്വത്തെ ക്ഷണത്തിൽ വ്യാമോഹിപ്പിച്ച് അപകടത്തിലാക്കാനുള്ള ആകർഷകതന്ത്രങ്ങളും മായാലീലകളുമൊക്കെയുണ്ടുതാനും.

## മുത്തച്ഛന്മാർ

ഇന്ത്യയിലെ യുക്തിവാദത്തിൻെറ മുത്തച്ഛൻ ചാർവ്വാകൻ എന്നു പറയാം. ചാർവ്വാകൻ എന്നതു് ആ

യുക്തിവാദപ്രസ്ഥാന സ്ഥാപകൻെറ സാക്ഷാൽ പേരു തന്നെയാണെന്നു പറഞ്ഞുകൂടാ. ബൃഹസ്പതി എന്നാണു് യഥാർത്ഥ നാമമെന്നനുമാനിക്കപ്പെട്ടുന്നു. പിന്നെ ചാർവ്വാകൻ എന്ന പേരെങ്ങിനെ ഉണ്ടായി? ചാരുവായ—ലോകത്തിന്നു് പെട്ടെന്നു രുചിക്കുന്നവയായ—വാക്കുകൾ പറഞ്ഞതുകൊണ്ടു് ആ പേരുണ്ടായി എന്നും വിചാരിക്കണം. *"ചാരുഃലോകസമ്മതോ വാകഃ വാക്യംയസ്യ, സഃ ചാർവ്വാകഃ" എന്നാണു് ചാർവ്വാകൻ എന്ന പദത്തിൻെറ വ്യുല്പത്തി. (ഈ ചാർവ്വാകൻതന്നെയാകാം ബൃഹസ്പതി. അല്ലെങ്കിൽ ബൃഹസ്പതിയുടെ ശിഷ്യനാകാം ചാർവ്വാകൻ.) പ്രത്യക്ഷാനുഭവത്തിന്നു് യോജിച്ചതും അതുകൊണ്ടു് സാമാന്യജനങ്ങൾക്കു് വേഗം മനസ്സിലാക്കാവുന്നതും അനുഷ്ഠിക്കാവുന്നതുമായ സിദ്ധാന്തങ്ങളുടെ കർത്താവും പ്രചാരകനുമായിരുന്നു ചാർവ്വാകൻ. അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾക്കു് 'ലോകായതം' എന്നും അദ്ദേഹത്തിന്നു് ലോകായതികൻ എന്നും പേരുണ്ടു്. ലോകായതം എന്നാൽ പ്രത്യക്ഷലോകത്തിലേക്കു് തിരിഞ്ഞിട്ടുള്ളതു് എന്നാണർത്ഥം. 'Directed to the World of Senses' എന്നു് ഈ പദത്തെ വ്യാഖ്യാനിച്ചുകൊണ്ടു് ഡാഃ രാധാകൃഷ്ണൻ ഇംഗ്ലീഷിൽ അതിന്നു സമാനപദമായി 'മെററീരിയലിസം' എന്നു പ്രയോഗിച്ചിരിക്കുന്നു. വാചസ്പത്യം പറയുന്നു. 'ലോകേഷ്വായതം വിസ്തീർണ്ണം ലോകായതം, അനായാസസാദ്ധ്യത്വാൽ' എന്നു്. നിഷ്പ്രയാസം മനസ്സിലാക്കി അനുവർത്തിക്കാവുന്നതുകൊണ്ടു് ലോകരുടെ ഇടയിൽ

* വാചസ്പത്യം എന്ന കോശഗ്രന്ഥം

വ്യാപിച്ചതു് എന്നത്ഥം. ബി. സി. 600 മുതൽ എ. ഡി. 200 വരെയുള്ള കാലഘട്ടമായിരുന്നു ചാർവ്വാക മതത്തിൻെറ പ്രചാരകാലം. പിൽക്കാലം ബുദ്ധമത ത്തിലും ജൈനമതത്തിലും ഈ ചാവ്വാകസിദ്ധാന്തങ്ങൾ കടന്നുകൂട്ടുകയുണ്ടായിട്ടുണ്ടു്. പ്രസിദ്ധമായ ബ്രഹ്മസൂത്ര ത്തിൻെറ തൃതീയാദ്ധ്യായത്തിൽ 'ഐകാത്മാധികരണം' എന്ന പേരിലുള്ള രണ്ടു സൂത്രങ്ങൾ ചാർവ്വാകമതസി ദ്ധാന്തത്തെ പരാമശിക്കുന്നവയാണു്. അതിൻെറ ഭാഷ്യ ത്തിൽ ശ്രീ ശങ്കരൻ അതിനെ ഖണ്ഡിച്ചിട്ടുമുണ്ടു്. 'ലളിതവിസ്തരം' എന്ന കൃതിയിൽ ബുദ്ധമുനി പഠിച്ച ഗ്രന്ഥങ്ങളെപ്പററിപ്പറയുന്നിടത്തു് 'ബാഹസ്പത്യം' എ ന്നൊരു ഗ്രന്ഥത്തെപ്പററി സൂചനയുണ്ടു്. ബാഹസ്പത്യ മെന്നതു് ചാർവ്വാകമതത്തിൻെറ മറെറാരു പേരാണു്. മനു ചാർവ്വാകരെ നാസ്തികരെന്നും പാഷാണ്ഡരെന്നും ആക്ഷേപിച്ചിട്ടുണ്ടു്. 14-ാം നൂററാണ്ടിൽ ജീവിച്ചി രുന്ന മധ്വാചായ്യരുടെ 'സർവ്വദർശനസംഗ്രഹ'ത്തിലും ശ്രീ ശങ്കരൻേറതെന്നു് വിശ്വസിക്കപ്പെടുന്ന 'സർവ്വ സിദ്ധാന്തസംഗ്രഹ'ത്തിലും മധുസൂദനൻെറ 'പ്രസ്ഥാന ഭേദ'ത്തിലും തിരുവനന്തപുരം ഗ്രന്ഥാവലിയിലെ 'സവ്വ മത സംഗ്രഹ'ത്തിലും ഈ ചാവ്വാകമതം പതമൃഷ്ടമായി ട്ടുണ്ടു്.

'ദേഹച്ഛേദോമോക്ഷഃ' എന്നു് ചാവ്വാകൻ വെട്ടി ത്തുറന്നു പറഞ്ഞു. ദേഹനാശമാണു് മോക്ഷമെന്നതു കൊണ്ടു്, പ്രപഞ്ചം ദുഃഖാത്മകമാണെന്നു ധരിച്ചു് സു ഖാനുഭവങ്ങളെ പരിത്യജിക്കുന്നതു് വിഡ്ഢിത്തമാണെന്നു ആ യുക്തിവാദി വിളിച്ചുപറഞ്ഞു.

'ത്യാജ്യം സുഖം വിഷയസംഗമ ജന്മപൂംസാം
ദുഃഖോപസൃഷ്ടമിതി മൂർഖവിചാരണൈഷ,
വ്രീഹീൻജിഹാസതിസ്യത്രോ ത്തമതണ്ഡുലാഢ്യാൻ
കോനാമഭോസ്തുഷകണോപഹിതാൻഹിതാർത്ഥി.'

(ദുഃഖസംസൃഷ്ടമെന്നു കരുതി വിഷയസുഖം ത്യജിക്കണമെന്നു പറയുന്നതു് വെറും മൂഢതയാണു്. ഉമിയുണ്ടെന്നു കരുതി ഒന്നാന്തരം അരിയുള്ള നെല്ലു് ആരെങ്കിലും ഉപേക്ഷിക്കാറുണ്ടോ?)

## പിൻഗാമികൻ

ബുദ്ധജൈനമതങ്ങളുടെ തത്വങ്ങളിൽ ഈ ചാർവ്വാക സിദ്ധാന്തങ്ങൾ ഒരു പരിധിയോളം സ്വാധീനം ചെലുത്തിയിട്ടുള്ളതായി കാണാമെന്നു് മുമ്പു് സൂചിപ്പിച്ചിട്ടുണ്ടു്. പുരാതനഭാരതത്തിലെ അതിശക്തനായ ഒരു യുക്തിവാദിയായിരുന്നു സാംഖ്യദർശനകാരനായ കപിലൻ. അദ്ദേഹത്തിൻെറ ദർശനശാസ്ത്രം ഇന്നും വിശ്വപണ്ഡിതന്മാരെ വിസ്മയിപ്പിക്കുന്നു. ഇന്ത്യയുടെ പൂർവ്വിക പ്രതിഭാമണ്ഡലത്തെത്തന്നെ യുക്തിവാദപടുതകൊണ്ടു് ഞെട്ടിച്ചുകളഞ്ഞ ആ മഹാദാർശനികനു് അത്യന്തികമായ തൻെറ വിജ്ഞാനവ്യവസായത്തെ വേദപ്രാമാണ്യത്തിൻെറ മുമ്പിൽ സവിനയം സമർപ്പിക്കേണ്ടിവന്നു. സാങ്കേതികമായ അർത്ഥത്തിൽ അയുക്തങ്ങളായ എല്ലാററിനേയും സ്വതന്ത്രമായ ചിന്തയിലൂടെ നിഷേധിക്കുന്ന സമ്പ്രദായത്തെയാണു് യുക്തിവാദമെന്നു് പറയുന്നതു്. ഈ ചിന്താസരണി എല്ലാററിനേയും സ്വതന്ത്രചിന്തയു

ടെ പേരിൽ നിഷേധിച്ചു നിഷേധിച്ചു ചെന്നെത്തുന്നതു്. ദൈവത്തെ— ആത്മാവിനെ നിഷേധിച്ചു് മതത്തേയും നിഷേധിക്കുന്നിടത്താണു്. വലിയ പാറാവളയത്തിൽകൂടി ചാടി ചെറിയ പാറാവളയത്തിൽ ചാടി പാറാവളയമില്ലാച്ചാട്ടക്കാർ ഇന്നു് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വദ്ധിച്ചുവരികയുമാണു്. 'വേൾഡ്-യൂണിയൻ ഓഫ് ഫ്രീതിങ്കേഴ്സ്' (സ്വാതന്ത്ര്യചിന്തകരുടെ ലോകസംഘടന) എന്ന പ്രസ്ഥാനംതന്നെ ഇതിന്നു തെളിവാണു്. ഇങ്കർസോൾ, റൂസ്സോ, തോമസ് പെയിൻ, ജോസഫ് മക്കാബെ, ഹക്സ്ലി മുതലായ പാശ്ചാത്യഗ്രന്ഥകാരന്മാർ ഈ നിരീശ്വരന്മാരായ യുക്തിവാദികളുടെ പിന്നണിയിൽ കാലുറപ്പിച്ചു തലയുയർത്തിനില്ക്കുന്നു. മുന്നിലോ? കമ്മ്യൂണിസം റവല്യൂഷനറി സോഷ്യലിസം എന്നീ ആശയങ്ങളും. ചുററുപാടും ഇരുപതാം നൂററാണ്ടിലോളം വളന്ന പാശ്ചാത്യ സയൻസും, അങ്ങിനെ യുക്തിവാദസൈന്യത്തിൻെറ ഘോഷയാത്ര മതമഹാരാഷ്ട്രത്തിൻെറ ആത്മീയ സിംഹാസനം പിഴുതെടുത്തെറിഞ്ഞുകളയുവാൻ വീറോടും വാശിയോടും മുന്നോട്ടു നീങ്ങുകയാണു്.

ഈ യുക്തിവാദമെന്ന സങ്കുചിത ചിന്താപ്രവാഹത്തിൽനിന്നും കേരളത്തിലേക്കും കൈത്തിച്ചാലുകൾ ഒഴുകിത്തുടങ്ങിയിട്ടു് കാലം കുറെയായി. മതത്തേയും ദൈവത്തേയും നിഷേധിക്കാൻ ഒരുപക്ഷെ എളുപ്പമാണെന്നു് തോന്നിയേക്കാം. ആ നിഷേധത്തിൻെറ ആയുധം മുരട്ടുയുക്തികളുമാവാം. നിഷേധം ഏതു് വിഷയത്തെസംബന്ധിച്ചായാലും വളരെ എളുപ്പമുള്ള ഒന്നാ

ണ്ട്. എളുപ്പമുള്ള വഴിക്കുള്ള സഞ്ചാരം മനുഷ്യബു ദ്ധിയുടെ സഹജസ്വഭാവങ്ങളിലൊന്നുമാണ്. ദൈവ ത്തെയും അതിൻെറ ആസ്തിത്വത്തിൽ രൂപംപ്രാപിച്ചിട്ടു ള്ള മതത്തിൻെറയും നിരാകരണസംരംഭത്തിൻെറ പി ന്നിൽ രണ്ടുദ്ദേശങ്ങൾ പതിയിരിക്കുന്നു. ഒന്ന്: ആ നിരാകരണം ഉപരിപ്ലവതയുടെ ഒരു കാലഘട്ടത്തിൽ പുരോഗമനമെന്ന മാന്യമായ ഒരു 'ഫാഷ'നാണ്. രണ്ട്: മനുഷ്യഘടനയിൽ മുന്തിനില്ക്കുന്നതും, മനുഷ്യനിൽ അനു നിമിഷം തിളച്ചുതൂവാൻ വെമ്പിക്കൊണ്ടിരിക്കുന്നതുമാ യ അന്ധകാരസന്തതികളായ ദുർവ്വികാരങ്ങളുടെ സ്വൈര വിഹാരത്തിന്ന് ആ നിരാകരണം അത്യന്താവശ്യമാ ണ്. അപ്പോൾ യുക്തിവാദത്തിൻെറ 'ചുളുവില'ക്ക് മാറത്തായ രണ്ടു നേട്ടങ്ങൾ! ചിന്താദാരിദ്ര്യത്തിലുഴലുന്ന ആധുനിക ലോകത്തിന്ന് സ്വതന്ത്രചിന്ത എന്ന 'ലാബെ ലി'ൽ കിട്ടുന്ന നിരർത്ഥകമായ നിഷേധാത്മകത്വം നിശ്ച യമായും ആകർഷകമായിരിക്കും. ആ വിഷച്ചരക്കിന്ന് വിശാലമായൊരു വിപണി തുറന്നുകിട്ടുമെന്നതിൽ ആ ശ്ചര്യവുമില്ല.

## സ്വന്ത വാളാൽ......

യുക്തിവാദം ശബ്ദശാസ്ത്രപ്രകാരം ഒരു രൂഢിയാ ണെന്നു പറയണം. ആമ്പലും പായലും മത്സ്യവും തവ ളയുമൊക്കെ ജലത്തിലാണുണ്ടാകുന്നതെങ്കിലും ജലജം എന്ന് താമരയ്ക്കു മാത്രമേ പേരുള്ളു. എന്നല്ല, താമര യേ മാത്രമേ ജലജമെന്നു പറയാവൂ. പ്രവിശാലമായ പ്രപഞ്ചവും, അതുൾക്കൊള്ളുന്ന ചരാചര കോടികളു

മൊക്കെത്തന്നെ അദൃശ്യവും അത്ഭുതകരവുമായ വിചിത്രഘടനയുടേയും വ്യവസ്ഥിതമായ പരിണാമ വിശേഷത്തിൻെറയും അലംഘ്യതവും അനാദിയുമായ ഒരു നിയമപ്രക്രിയക്ക വിധേയമാണു്. എങ്കിൽ നിശ്ശബ്ദവും നിയതശക്തവുമായ ആ ശക്തിവിലാസം മഹത്തായ ഒരു യുക്തിവിശേഷമല്ലെ? പക്ഷെ, പരിമിതികളുടെ നാലു കെട്ടിനകത്തു് ശ്വാസംമുട്ടി ചുററിക്കറങ്ങി ചെയ്യുന്ന സങ്കുചിതത്വത്തിൻെറ ദീനാലാപഠിഞ്ഞമാത്രമാണു് ഇന്നു് യുക്തിവാദമെന്ന പേരിൽ വ്യാപഹരിക്കപ്പെട്ടുന്നതു്. അതാണു് യുക്തിവാദം എന്ന പദം ഒരു ത്രുഢിയാണെന്നു് പറഞ്ഞതു്.

ഈശ്വരൻ ഇല്ലെന്നും, പ്രപഞ്ചം ഉള്ളതാണെന്നും, ആ പ്രപഞ്ചവും മനുഷ്യനും വെറും ഭൂതമാത്രസംഘാതങ്ങളാണെന്നുമുള്ള ആത്യന്തികമായ ഒരു വിധി എഴുതിത്തീർത്തുവെച്ചുകൊണ്ടു്, വൃഥാ വാഗ്വാദം ചെയ്യുന്ന യുക്തിവൈരുദ്ധ്യമാണു് ഇന്നത്തെ യുക്തിവാദമെന്നു പറയാം. യുക്തി! അതെത്ര ബലഹീനമാണു്? അതിൻെറ വ്യാസം എത്ര സങ്കുചിതമാണു്? പ്രത്യക്ഷം എന്ന കൂട്ടിലൊതുങ്ങിക്കഴിയുന്ന അതിൻെറ ചിറകുകൾ ഉയർന്നുപറക്കാനാകാത്തവണ്ണം എത്ര അശക്തങ്ങളാണു്?

## പ്രത്യക്ഷ പ്രമാണം

പ്രത്യക്ഷം, അനുമാനം, ശബ്ദം, ഉപമാനം, അർത്ഥാപത്തി, അഭാവം, സംഭവം, ഐതിഹ്യം എന്നിങ്ങനെ എട്ടു പ്രമാണങ്ങളെക്കുറിച്ചുള്ള ഗംഭീരചർച്ചകൾ, ഇന്ത്യ

യിലെ മഹോന്നതങ്ങളായ ദൎശനശാസ്ത്രങ്ങളിൽ അടങ്ങിയിരിക്കുന്നു. ഇതിൽ പ്രത്യക്ഷം എന്ന ഏററവും കനം കുറഞ്ഞ, നീളം കുറഞ്ഞ ഒരു സാധനം കയ്യിലെടുത്തുകൊണ്ടു്, അതൊന്നു മാത്രമെ പ്രമാണമായിട്ടുള്ളു എന്നു ശഠിക്കുന്നു. ചാൎവ്വാകന്മാരും അവരുടെ 'ഗതികിട്ടാപ്രേത'ങ്ങളായ അഭിനവയുക്തിവാദികളും പഴയ ചാൎവ്വാകന്മാർ, മററു ഏഴു പ്രമാണങ്ങളും പ്രത്യക്ഷ പരിണാമങ്ങളാണെന്നും അവ പ്രത്യക്ഷത്തിൽ അന്തൎഭവിച്ചുപോകുന്നു എന്നുമുള്ള അഭിപ്രായക്കാരാണു്. നവീന ചാൎവ്വാകന്മാരാകട്ടെ, ദൎശനശാസ്ത്രങ്ങളേക്കുറിച്ചോ ഈ പ്രമാണങ്ങളെക്കുറിച്ചോ ഒക്കെ ദയനീയമാംവിധം അജ്ഞന്മാരുമാണു്. ഒരു പക്ഷെ, ഈ അജ്ഞത അവരെസംബന്ധിച്ചിടത്തോളം ഒരനുഗ്രഹവുമാറാം.

കണ്ണുകൊണ്ടു കാണുന്നതിനെ മാത്രമേ ഞങ്ങൾ വിശ്വസിക്കുകയുള്ളു എന്നു് നാണമില്ലാതെ എഴുതുകയും പറയുകയും ചെയ്യുന്ന കൊടിയ യുക്തിഹീനതയാണു് അവരെക്കുറിച്ചു ലജ്ജിക്കാനും വ്യസനിക്കാനും നമ്മെ പ്രേരിപ്പിക്കുന്നതു്. കണ്ണുകൊണ്ടു കാണാത്തതിനെ വിശ്വസിക്കാത്തവൎക്കു, അവരുടെ പൂൎവ്വപിതാക്കളും, സ്വന്തം തലച്ചോറുംതന്നെ ഇല്ലെന്നു സമ്മതിക്കേണ്ടിവരും. സാംഖ്യകാരികകാരൻ പറയുന്നു:—

"അതിദൂരാൽ, സാമീപ്യാ
ദിന്ദ്രിയഘാതാ,ന്മനോ ƒ നവസ്ഥാനാത്
സൌക്ഷ്മ്യാ, ദ്വ്യാവധാനാ,-
ദഭിഭാവാൽ, സമാനാഭിഹാരാച്ച"

യഥാർത്ഥത്തിൽ ഉള്ള വസ്തു തന്നെ പല കാരണങ്ങളാൽ ഇല്ലാത്തതാണെന്നു തോന്നാം എന്നാണു ഈ കാരികയുടെ സംഗ്രഹാർത്ഥം. അതിദൂരംകൊണ്ടും, അതിസാമീപ്യംകൊണ്ടും, കണ്ണിന്റെ തകരാറുകൊണ്ടും, മനസ്സിന്റെ അനവസ്ഥകൊണ്ടും, അതിസൂക്ഷ്മതകൊണ്ടും, മറവുകൊണ്ടും, മറെറാരു ശക്തിയുടെ ആക്രമണംകൊണ്ടും, മറെറാരു തുല്യവസ്തുവിനോടു ചേരുകകൊണ്ടും അപ്പോൾ കണ്ണുകൊണ്ടു കാണുന്നതേ വിശ്വസിക്കുകയുള്ളു എന്നുള്ളതാണു് ബുദ്ധിശൂരന്മാരുടെ യുക്തിവാദത്തിന്റെ കാതലെങ്കിൽ അതെത്ര ബലഹീനമാണു്?

സങ്കുചിതമായ അർത്ഥത്തിലുള്ള യുക്തിയുടെ, വായ്ത്തലപോയ വാളുരുത്തി പ്രാചീന യൂറോപ്പിലെ ഡെമോക്രാററസും എപ്പിക്യൂറസും, പ്രാചീന ഭാരതത്തിലെ ചാർവ്വാകനും തലതെറിച്ചു വെന്നുവീണിടങ്ങളിൽ ഇന്നു പുല്ലുകിളിർത്തിട്ടില്ല. യുക്തിയുടെ ഇരുതല മൂർച്ചയുള്ള വാളും അനുഭവത്തിന്റെ അലംഘ്യശക്തിയുള്ള പരിചയുമായിട്ടായിരുന്നു പുരാതന ഭാരതീയർ ഇവിടെ അന്തർമ്മുഖമായ ആദ്ധ്യാത്മികതയുടെ അനന്ത സാമ്രാജ്യം വെട്ടിപ്പിടിച്ചു് ആസ്തിക്യത്തിന്റെ അനശ്വര സമംഹാസനം സ്ഥാപിച്ചതു്. വസിഷ്ഠൻ ഇങ്ങനെ പ്രഖ്യാപിച്ചു:

"യുക്തിയുക്തമുപാദേയം
വചനം ബലകാദപി
അന്യത്തൃണമിവ ത്യാജ്യ
മപ്യുക്തം പത്മജന്മനാ"

യുക്തിയുക്തമായിട്ട് ബാലനാണു പറയുന്നതെങ്കിൽത്തന്നെയും സ്വീകരിക്കുക. യുക്തിഹീനമായി ബ്രഹ്മാവു തന്നെ പറഞ്ഞാലും പുല്ലുപോലെ തള്ളിക്കളയുക. എന്തു ധീരമാണു് ആ പ്രഖ്യാപനം? ബ്രഹ്മാവു് വസിഷ്ഠൻെറ അച്ഛനാണു്. അപ്പോൾ യുക്തിവിരുദ്ധമായി അച്ഛൻ പറഞ്ഞാലും തൃണംപോലെ തള്ളിക്കളയുക എന്നാണു് ആ പഴയ മഹർഷി പഠിപ്പിക്കുന്നതു്. ആസ്തിത്യവും അതിൻെറ അസ്ഥിഭാരതത്തിൽ ധർമ്മങ്ങളുടെ ശ്ലക്ഷ്ണശിലകളുംകൊണ്ടു കെട്ടിയുയർത്തിയ ഭാരതീയ തത്വജ്ഞാന മഹാസൗധത്തെ ദിവാസ്വപ്നംകൊണ്ടു നിലംപതിപ്പിക്കാമെന്ന വ്യാമോഹംതന്നെ എത്ര യുക്തിദരിദ്രമാണു്? എന്തൊരജ്ഞതയാണു്? കഷ്ടം!

## പുതുമിത്രങ്ങൾ

പതിനെട്ടും പത്തൊമ്പതും നൂററാണ്ടിലെ സയൻസിൻെറ കീറിക്കളഞ്ഞ പഴം കടലാസുതുണ്ടുകളും അവകൊണ്ടു് കാറൽമാർക്സ് മെനഞ്ഞുണ്ടാക്കിയ കടലാസു കപ്പലുമാണു് യുക്തിവാദികളുടെ പുതുമിത്രങ്ങൾ. ഇരുപതാം നൂററാണ്ടിലെ സയൻസ് ഭാരതീയ തത്വദർശന മഹാസൌധത്തിൻെറ പ്രകാരദ്വാരത്തിൽ മുട്ടുകുത്തിനില്ക്കുകയാണു്. എഡിംഗ്ടൻ, ജീൻസ് മുതലായ സയൻസിൻെറ ലോകത്തിലെ ഉന്നത ശീർഷന്മാർ പറയുന്നു, പ്രപഞ്ചം വെളിയിലല്ല. നമ്മുടെ ഉള്ളിൽതന്നെയാണെന്നു് പ്രപഞ്ചം എന്നുവച്ചാൽ 'Mindstuff' എന്നാണു് എഡിംഗ്ടൻെറ നിർവ്വചനം. അതായതു് 'പ്രപ

ഞ്ചം മനോമയ'മാണെന്നത്ഥം. "ഒരളവുകോലിൻെറ നീളം അതു കൈകാര്യം ചെയ്യുന്നവന്റെ ഉള്ളിലാണിരിക്കുന്നതു്" എന്നു പറയുന്ന ഐൻസ്റ്റീനും അതുതന്നെയാണത്ഥമാക്കുന്നതു്. എങ്കിലും പുറമെ ചിലതുണ്ടെന്ന തോന്നൽ നമ്മെ വിട്ടുപിരിയുന്നില്ല. അതൊരു Prejudice ആണെന്നു ബർട്രണ്ട് റസ്സൽ പറയുന്നു. ആ പദമാകട്ടെ മുൻവിധിയായാലും പക്ഷപാത ബുദ്ധിയായാലും അതു ശാസ്ത്രീയമല്ലെന്നാണു് ധ്വനിപ്പിക്കുന്നതു്.

ഈ ഭൗതികവാദികളുടെ നേരെ പ്രസിദ്ധ ശാസ്ത്രജ്ഞനായ വൈററ്ഹെഡ് വിരൽചൂണ്ടുന്നു:—ജീവിതവ്യാപാരങ്ങൾക്കു് ഉദ്ദേശമൊന്നുമില്ലെന്നു തെളിയിക്കാൻ ചില ശാസ്ത്രജ്ഞന്മാർ പ്രയത്നിച്ചിട്ടുണ്ടു്. അതു മനഃപ്പൂർവ്വമാണു്. സകല വ്യാപാരങ്ങളും നിരുദ്ദേശമാണെന്നു തെളിയിക്കാൻ പരിശ്രമിക്കുന്ന ഇവർ ഒരു പ്രത്യേക പഠനത്തിന്നു വിഷയമാകേണ്ടതാണു്. തലച്ചോറില്ലെങ്കിലും പ്രശ്നം ശേഷിക്കുന്നു. (Even if heads be weak, The Problem remains.')

സയൻസിൻെറയും മാർക്സിൻെറയും മൈത്രിയോടുകൂടിയ ഈ വിഷച്ചുരക്ക് രാഷ്ട്രീയത്തിൽകൂടി മാവോയേയും ഹോചിമിനെയും ചിൻചെങ്ങിനെയും സൃഷ്ടിച്ചപ്പോൾ, സാക്ഷാൽ യുക്തിനിഷ്ഠമായ ഭാരതീയ തത്വശാസ്ത്രത്തിൻെറ ജീവചൈതന്യം ഗാന്ധിജിയേയും ടാഗൂറിനേയും നാരായണഗുരു സ്വാമിയേയും വാഗ്ഭടാനന്ദ മഹർഷിയേയും സൃഷ്ടിച്ചു.

സോക്രട്ടീസിൻെറ വാചാകത്തിൽ, വിവരദോഷികളായ യുക്തിവാദികളോട്ട് ഉച്ചത്തിൽ പറയുക:— "എൻെറ രീതിയിൽ സംസാരിച്ചു മരിക്കേണ്ടിവരുന്നതു്, നിങ്ങളുടെ രീതിയിൽ സംസാരിച്ചു ജീവിക്കുന്നതിനേക്കാൾ കാമ്യമായി ഞാൻ കരുതുന്നു. വേർപാടിനുള്ള നാഴിക വന്നിരിക്കുന്നതിനാൽ ഇനി നമുക്കു നമ്മുടെ വഴിക്കു പിരിയാം. ഞാൻ മരിക്കുന്നതോ നിങ്ങൾ ജീവിക്കുന്നതോ കൂടുതൽ ഗുണകരമെന്നു ദൈവം മാത്രം അറിയുന്നു."

## വ്യക്തിത്വസിദ്ധാന്തം

അനന്തശതകങ്ങൾ പഴക്കമുള്ള ഭാരതീയ തത്വചിന്തകളുടെ വിവിധ മണ്ഡലദ്വാരങ്ങളിലേക്ക്, പുരോഗമനവേഷമണിഞ്ഞ ശാസ്ത്രത്തിന്റെ പുതുയുഗം എത്തിനോക്കാൻ തുടങ്ങിയിട്ടുണ്ട്. വൈദ്യം, വാനശാസ്ത്രം, ഊർജ്ജതന്ത്രം എന്നുവേണ്ടാ എല്ലാ മേഖലകളിലും പാശ്ചാത്യശാസ്ത്രത്തിന് ഇന്നു കൈവന്നിട്ടുള്ള നവംനവങ്ങളായ നേട്ടങ്ങളെച്ചൊല്ലി അഭിമാനംകൊള്ളുന്നവരെ നോക്കി ഇന്ത്യയുടെ പൂർവസംസ്കാരമണ്ഡലം പുഞ്ചിരിക്കുകയാണ്. കൊച്ചൊരുദാഹരണം: ലക്ഷ്മണ (തിരുതാളി?) എന്ന ചെടി പുത്രസന്താനലാഭത്തിനു നല്ലതാണെന്ന് ഈയിടെ കണ്ടുപിടിച്ചുവത്രെ! എത്രയോ ശതാബ്ദങ്ങൾക്കുമുമ്പ് ഇന്ത്യയിലെ ഭിഷഗ്വാചാര്യന്മാരിൽ ഒരാൾ വ്യക്തമായി എഴുതിവച്ചു.

"പയസാലക്ഷ്മണംമൂലം,
പുത്രോല്പാദസ്ഥിതിപ്രദം"

എന്ന്. അങ്ങനെ എല്ലാ ശാസ്ത്രമേഖലകളിലെയും പുതുനേട്ടങ്ങൾ ഇന്ത്യയുടെ പ്രാചീനഭണ്ഡാഗാരത്തിലുള്ളവ

യായിരുന്നു എന്നു കാണാനും വിശ്വസിക്കാനും കാലം കുറേക്കൂടി വേണ്ടിവരുമെന്നേയുള്ളു.

ഇന്ത്യ ദാൎശനികന്മാരുടെ നാടാണു്. അവർ വെട്ടിത്തെളിച്ച മാൎഗ്ഗങ്ങൾ വിട്ടു് അറിഞ്ഞോ അറിയാതെയോ ഇന്ത്യാക്കാരനു സഞ്ചരിക്കവയ്യാ. ക്രിസ്തുവിനു് 800 വൎഷത്തിനുശേഷം മാത്രമാണു് ഇന്ത്യൻ ജനതയെ ഭരിക്കയും നയിക്കയും ചെയ്യുന്ന ദൎശനതത്വങ്ങളെ 'മതം' എന്ന പേരിൽ അറിയപ്പെട്ടുന്നതു്. അനാദികാലം മുതൽ ആ കാലഘട്ടംവരെ ഭാരതീയ ഹൃദയസാമ്രാജ്യത്തെ ഭരിച്ചിരുന്നതു് ദൎശനങ്ങളായിരുന്നു. മറെറാരുപദംകൊണ്ടു നിൎദ്ദേശിച്ചാൽ ധൎമ്മങ്ങളായിരുന്നു. ഈ ദൎശനങ്ങളുടെ പ്രഭാപ്രസരങ്ങൾ ഭാരതത്തിലെ സകല മാനസിക വ്യാപാരങ്ങളിലും സങ്കീൎണ്ണമായിക്കിടക്കുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാവ്യനാടകാദിയിലും വളരെ വിചിത്രങ്ങളായ ദാൎശനിക പ്രതിഭാസങ്ങൾ പരന്നും പടൎന്നും, തളിരിട്ടും, പൂവണിഞ്ഞും ഫലഭരങ്ങളാൎന്നും നില്ക്കുന്നു.

നവീനതയുടെ വൈതാളികന്മാരുടെ മുമ്പിൽ, പ്രകാശമാനമായ സമ്പൽസമൃദ്ധത്തിന്റെ ഒരു സ്ഥലം അവർ ഭാവന ചെയ്യുന്നു. സാമഷ്ടികമാണു അവരുടെ എല്ലാ പ്രശ്നങ്ങളുടെയും കാതൽ. പ്രായോഗികജീവിതത്തിൽ നാം ഇണങ്ങാൻ ശ്രമിച്ചില്ല, അറിഞ്ഞില്ല എന്നല്ലാതെ,

"യാവത്ഭ്രിയേത ജഠരം
താവൽസ്വത്വം ഹി ദേഹിനാം

അധികം യോഭിമന്യേത

സസ്തേനോ ദണ്ഡമർഹതി''

എന്നു പഴഞ്ചൻ ഭാഗവതം പാടിയിടത്തോളം ഈ പുതുസമഷ്ടിപാദക്കാരെത്തുവാൻ ഇനി ദൂരമെത്രയുണ്ടു്?

''അല്പഭാണ്ഡതാസാധുഃ

അല്പവ്യയതാ സാധുഃ''

എന്നിത്യാദി ധർമ്മാശോകന്റെ ശിലാശാസനങ്ങളോളമെത്താൻ ഇനി അകലമെത്രവേണം?

ഈ സമഷ്ടിപ്രപഞ്ചത്തിന്റെ ഘടകം വ്യഷ്ടിയാണു്. അവസാനത്തെ അപഗ്രഥനത്തിൽ, ഭൗതികശാസ്ത്രജ്ഞൻ കണ്ടെത്തുന്ന മൗലികഘടകം പരമാണുവോ അതിലും സൂസൂക്ഷ്മമായ മറ്റേതെങ്കിലുമോ ഒന്നാണെങ്കിൽത്തന്നെയും, അവയിലും വ്യഷ്ടിത്വം വ്യക്തമായി നില്ക്കാതെ തരമില്ല. ഈ വ്യക്തിത്വമാണു് പ്രപഞ്ചത്തിന്റെ മൗലികഭാവം. പ്രപഞ്ചത്തിന്നപ്പുറത്തെ കാര്യം—അങ്ങനെയൊന്നിനെ ബുദ്ധിപരമായ സർക്കസ്സുകാട്ടിയുക്തിയുടെ അശക്തമായ മാറാലമറകൊണ്ടു് മറയ്ക്കാൻ പാഴ്വേല ചെയ്യുന്നവരെപ്പററി നാം വ്യസനിക്കുക.

പറഞ്ഞുവച്ചതു പ്രപഞ്ചത്തെപ്പററിയാണല്ലോ. കോടാനുകോടി—അഥവാ സംഖ്യാതീതം ജീവപ്രതിഭാസങ്ങളുടെ കേളീരംഗമാണു് ഈ വിശ്വപ്രകൃതി. ഇന്ത്യൻ ദാർശനികന്മാരുടെ–തത്വവിത്തുകളുടെ അഭി

പ്രായത്തിൽ അവയെല്ലാം ഒന്നിൻെറ പ്രതിഭാസങ്ങൾ മാത്രമാണു്. എങ്കിലും അവ വ്യവഹാരദശയിൽ ഭിന്നഭിന്നങ്ങളായിത്തന്നെ കാണപ്പെടുന്നു. ആ ഭിന്നതയുടെ അടിയിലോളമെത്തിയാൽ കണ്ടെത്തുന്നതു് വ്യക്തിത്വവും.

ഈ അടിസ്ഥാനപരമായ വ്യക്തിസിദ്ധാന്തത്തെ നമുക്കു് എങ്ങിനെ നിഷേധിക്കാം?—മൗലികമായി ഈ വിശാലമായ വിശ്വപ്രകൃതിയിലെ മഹോന്നത ഘടകമത്രെ മനുഷ്യൻ എന്ന പ്രതിഭാസം. മനുഷ്യത്വം എന്ന സമഷ്ടിയിലെ മനുഷ്യൻ എന്ന വ്യക്തിത്വത്തെ എങ്ങിനെ നിഷേധിക്കാം? അപ്പോൾ മനുഷ്യപ്രപഞ്ചത്തെ മാത്രമെടുത്താൽ അതിൻെറ അനിഷേദ്ധ്യഘടകമാണു് മനുഷ്യവ്യക്തി എന്ന മഹത്തായ സത്യത്തെ വിസ്മരിക്കാൻ കഴിയുന്നതല്ല. എന്നാൽ സമത്വസുന്ദരവും,—(ആത്ഥികമായ സമത്വം കൈവന്നാൽ ലോകം സുന്ദരമാകുമെന്ന അത്ഥത്തിൽ)—അനാത്മവസ്തുരവു (ഈ പ്രപഞ്ചത്തിൻെറ ദൃശ്യതയ്ക്കപ്പുറം, ഇതിന്നു ഹേതുവായി കർത്തൃത്വമുള്ള മററൊരാധാരവസ്തു ഇല്ലെന്ന നിലയ്ക്കു്) മായ ഒരു നവലോകം കെട്ടിപ്പടുക്കുവാൻ വെമ്പുന്ന ഭൗതികവാദികൾക്കു് അതു വിസ്മരിച്ചേ കഴിയൂ. ദയനീയമായ ആ വിസ്മരണശ്രമത്തിൻെറ അനുകരണനമാണിന്നു് നാനാമുഖമായി നാം കേട്ടുകൊണ്ടിരിക്കുന്നതു്. അവക്കു വ്യക്തിയില്ല. സമഷ്ടിയേയുള്ളു. കല്ലുകളില്ലാത്ത ഭിത്തിയിൽ, മനോഹരസൗധം പടുത്തുയർത്തുവാനുള്ള പാഴ്പ്രയത്നത്തിലാണിവർ. എന്നാൽ ഭിത്തികൾ കെട്ടിയുയർത്തുവാനുള്ള ഓരോ കല്ലിൻേറയും ഉറപ്പും ബ

ലവും നന്മയും നോക്കുകമാത്രമല്ല, അവ ഓരോന്നും ചെത്തിമിനുക്കി അളവും അഴകും വരുത്തി സംസ്കരിച്ചു, പുനഃപരിശോധന ചെയ്തശേഷം അവയെ തമ്മിൽ അഭേദ്യമായി ഘടിപ്പിച്ച് ബലിഷ്ഠമായി സൗധഭിത്തി നിർമ്മിക്കാനുള്ള പരിശ്രമത്തിലാണു സഹസ്രാബ്ദങ്ങളായി ഭാരതീയ ദാർശനികന്മാർ വ്യാപൃതരായിരുന്നതു്.

പത്തൊമ്പതാം നൂററാണ്ടിന്റെ മദ്ധ്യമകാലത്തിൽ ഉയർന്നുപൊങ്ങിയ സമഷ്ടിവാദധ്വനി ഇന്നും ഇവിടെ മുഴങ്ങിക്കേൾക്കുന്നു. ആ ശബ്ദം ഇന്ത്യക്കു പുത്തരിയല്ല. ക്രിസ്തുവിനു് 600, 800 വർഷങ്ങൾക്കുമുമ്പ് ചാർവ്വാകന്മാരെന്നോ ലോകായതികന്മാരെന്നോ വിളിക്കപ്പെട്ടവരിൽ നിന്നും മാദകവും അതിനാൽ ആകർഷകവുമായി ഉയർന്നു പൊങ്ങി, അന്തിവിണ്ണിലെ വർണ്ണശബളങ്ങളായ അംബുദകദംബങ്ങൾപോലെ ഭാരതത്തിന്റെ ദാർശനികാന്തരീക്ഷത്തിൽ വിലയിച്ചമർന്നുപോയ ഒരപശബ്ദധാരയുടെ ചില ശിഥിലാംശങ്ങൾ മാത്രമാണു് നാമിന്നു കേൾക്കുന്നതു്. പക്ഷെ അതു ഒരു മറുനാടൻ മരുന്നാണിതെന്നു മാത്രം. അവക്കു് വ്യക്തിത്വം പരിഗണനീയമല്ല. എന്നല്ലാ. അതിന്റെ നേക്കാണു് അവർ, സംഹാരായുധം ഓങ്ങുന്നതും.

വ്യക്തിസിദ്ധാന്തധ്വംസകന്മാർ ''സ്വന്തവാളാൽ സ്വയം വെട്ടി നശി''ക്കുകയാണു്. ഇപ്പോഴാണു്, ''ഒരു രാഷ്ട്രത്തിന്റെ ചരിത്രം ഒരു വ്യക്തിയുടെ ചരിത്രമാണു'' എന്ന കാർളൈലിന്റെ വാക്യം നാം ഓർത്തുപോകുന്നതു്. മാർക്സു് എന്ന ഉന്നത ശീർഷനായ ഒരു വ്യക്തിയു

ണ്ടായിരുന്നില്ലെങ്കിൽ, ഈ സമഷ്ടിവാദവും അതിൻെറ പരീക്ഷണശാലകളായ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളും ഉണ്ടാകുമായിരുന്നോ? റഷ്യയുടെ ചരിത്രം മാർക്സ് എന്ന ഒരു വ്യക്തിയുടെ ചരിത്രമാണ്. അഭിനവഭാരതത്തിൻെറ ചരിത്രം മഹാത്മാഗാന്ധിയുടെ ചരിത്രമാണ്. പുരാതഭാരതത്തിൻെറ സുദീർഘമായ ചരിത്രമാകട്ടെ, തപോധനന്മാരും തത്വജ്ഞാനികളുമായ ഋഷികളുടെ ചരിത്രവും.

നാം ഇന്ന് രാഷ്ട്രീയയുഗത്തിലെ ജീവികളാണ്. നേരത്തെ പറഞ്ഞ ഭൗതികവും അഭൗതികവുമായ രണ്ട് ആശയങ്ങളുടെ സംഘട്ടനംകൊണ്ട് ഭീഷണമായ ഒരന്തരീക്ഷം നമ്മെ വലയം ചെയ്യുന്നു. ആധ്യാത്മികതയുടെ ആശ്ലേഷത്തോടെ വ്യക്തിവിലാസത്തെ വിശ്വസിച്ചുകൊണ്ട് മുമ്പോട്ടു പോകുന്ന ജനസമൂഹത്തെ, ജഡികതയുടെ മുഖംമൂടികൾ സമഷ്ടിത്വത്തിൻെറ ഗുഹാമുഖങ്ങളിലേക്കു വഴിമാററി നടത്തുന്നു. ചിലന്തി, അതിന്റെ ഉള്ളിലുള്ള സ്വന്തം നൂലിൽ കുടുങ്ങി, ഒടുവിൽ നശിക്കുന്നില്ലേ? വ്യക്തിത്വം എന്ന അംശത്തെ നിശ്ശേഷം നിരാകരിച്ചുകൊണ്ട് സമഷ്ടിക്ഷേമത്തിനു ചെയ്യുന്ന ഭൗതികവാദികളുടെ യത്നം, ജനപദങ്ങളെ ആത്യന്തികവും ആപൽകാരവുമായ ഏകാധിപത്യത്തിൻെറ അഗാധതയിലേക്കാഴ്ത്തിക്കളയുന്നു. മഹാകവി പാടിയതുപോലെ അവിടെ,

"ഭാവത്തിൻപരകോടിയിൽ സ്വയ-
മഭാവത്തിൻ സ്വഭാവം വരാം."

ആന്തരികതയുടെ പ്രതിഭാസമായ ജീവിതത്തെ വ്യക്തിപരമായി വികസിപ്പിക്കയും സംസ്കരിക്കയും ചെയ്യുക എന്ന നിദാനപരമായ അടിസ്ഥാനമുറയിലുള്ള രാഷ്ട്രനിർമ്മാണയത്നത്തെയാണ് ദാർശനികഭാരതം പണ്ടേ പ്രോത്സാഹിപ്പിച്ചുപോന്നിട്ടുള്ളത്. വ്യക്തിശുദ്ധിയുടെ വെണ്ണക്കല്ലിൽ ആദ്ധ്യാത്മികതയുടെ നറുംപശചേർത്ത് കെട്ടിപ്പടുക്കണം രാഷ്ട്രമെന്നും അവർ ഉറപ്പിച്ചും ഉച്ചത്തിലും പറഞ്ഞുവച്ചു.

"ധാരണാദ്ധർമ്മ ഇത്യാഹുർദ്ധർമ്മോദ്ധാരയതിപ്രജാ!"

എന്നിത്യാദി.

ഏകാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ട് ഇന്ന് പ്രജാധിപത്യം മുന്നേറുന്നു. ഈ പ്രജാധിപത്യത്തിന്റെ ജീവാത്മാവെന്താണ്? പരമാത്മാവെന്താണ്? രണ്ടിനും ഒരേ ഒരുത്തരമേയുള്ളു: വ്യക്തിശുദ്ധി. എവിടെ പ്രജാധിപത്യത്തിൻെറ പ്രകാശം മങ്ങുന്നുവോ, അവിടെ വ്യക്തിശുദ്ധിയില്ലായ്മയുടെ കരിങ്കാറുകൾ ആകാശത്തെ മറച്ചു മലിനമാക്കുന്നു എന്നർത്ഥം. എബ്രഹാംലിങ്കന്റെയും, മഹാത്മാഗാന്ധിയുടെയും വ്യക്തിവിലാസം, അവർ നയിച്ച ജനതയിലെ വ്യക്തികളിലും പ്രതിഭാസിച്ച കാലഘട്ടങ്ങൾ അമേരിക്കയുടെയും ഇന്ത്യയുടെയും ചരിത്രങ്ങളിലെ സുവർണ്ണാദ്ധ്യായങ്ങളാണ്. ശതാബ്ദത്തെ അതിജീവിച്ച് ആരോഗ്യപുഷ്ക്കലമായി പടർന്നുനില്ക്കുന്ന ബ്രിട്ടീഷുകാരുടെ പ്രജാധിപത്യം നോക്കു. നാഴികക്കു നാല്പതുവട്ടം,ബ്രിട്ടനേയും അമേരിക്കയേയും ചൂണ്ടി പ്രജാധിപത്യത്തിന്റെ മേന്മകൾ ധാരമുറിയാതെ പ്രസം

ശിക്കുന്ന നമ്മുടെ പ്രജാധിപത്യപ്രേമികൾ എന്തു പറയുന്നു എന്നു കേൾക്കുവാൻ നമുക്കവകാശമുണ്ടു്. ആദിത്യനസ്തമിക്കാത്ത സാമ്രാജ്യത്തിൻെറ ചെങ്കോലും കിരീടവും സിംഹാസനവും തൻെറ വ്യക്തിപരമായ ഒരാവശ്യനിർവ്വഹണത്തിനുവേണ്ടി പരിത്യജിച്ച എഡ്വേർഡ് എട്ടാമൻ ചക്രവർത്തി ബ്രിട്ടൻെറ പ്രജാധിപത്യനിഷ്ഠയുടെ ഒരു മകുടോദാഹരണമല്ലേ? ഒരു മന്ത്രിയുടെ സദാചാരജീവിതത്തെച്ചൊല്ലിയുള്ള സംശയാരോപണം, ആ മന്ത്രിയുടെ സ്വയം സ്ഥാനത്യാഗത്തിനിടയാക്കി. അതു് ആ രാഷ്ട്രത്തെത്തന്നെ പിടിച്ചുകുലുക്കുന്നു എന്നു് ഇന്നു നാം കേൾക്കുമ്പോൾ പ്രജാധിപത്യാരാധകരായ നമുക്കു് ആശ്ചര്യം തോന്നുന്നില്ലേ? അപ്പോൾ മഹത്തായ ജീവിതശുദ്ധിയുടെ അടിസ്ഥാനത്തിലെ അടിയുറപ്പുള്ള ഒരു പ്രജാധിപത്യരാഷ്ട്രം നിർമ്മിച്ചുയർത്താനാവൂ. വ്യക്തിപരമായി സ്വാർത്ഥതയും ദുരയും, ദുർവ്യതിയാനാസക്തിയുമൊക്കെ വിട്ടൊഴിഞ്ഞ ജീവിതങ്ങളിലൂടെയല്ലാതെ ആ കല്പലതിക വളർന്നുപടരുകയില്ല. ജനഹിതത്തെ മാനിച്ചു ജീവിതേശ്വരിയെപ്പോലും കൈവിറയ്ക്കാതെ പരിത്യജിച്ച രാമൻെറ ഇതിഹാസത്തിൻെറ നാട്ടു്, വീണ്ടും രാമരാജ്യമാകണമെന്നു ഗാന്ധിജി പറഞ്ഞതതാണു്.

പ്രജാധിപത്യത്തിൻെറ വക്താക്കളും ഭരണാധികാരികളും ആരാധകരും അതിനെ അതിന്റെ ശരിയായ ആദ്ധ്യാത്മികമൂല്യത്തോടെയാണോ അംഗീകരിക്കുന്നതു്? അല്ലെങ്കിൽ വ്യക്തിസിദ്ധാന്തത്തെ അങ്ങേഅററം എത്തിച്ചു് സാമഷ്ടികപ്രശ്നങ്ങളുടെ പേരിൽ അറിയാതെ

ദാരുണമായ ഏകാധിപത്യത്തിലെത്തിച്ചേരുന്ന ഭൗതികവാദികളായ ഭരണാധികാരികളും ഭരണീയരുമായി അവക്കെന്താണൊരു വ്യത്യാസമുള്ളതു്? "ഭരണാധികാരികൾ തത്വജ്ഞാനികളായിരിക്കണം" എന്നു പറഞ്ഞ പഴയ യവനാചാര്യൻ പ്ലേറേറാ വ്യക്തിസിദ്ധാന്തവൈരികളാൽ കല്ലെറിയപ്പെടേണ്ടവനാണു്. "ഭരണാധികാരി ആത്മജ്ഞാനിയല്ലെങ്കിൽ, നായുമായി അയാൾക്കെന്തു വ്യത്യാസമാണുള്ളതു്" എന്നു ചോദിച്ച ധീരനായ ശുക്രാചാര്യർ കൃശിക്കപ്പെടേണ്ടവനാണു്. ആത്മീയതയുടെ കിരണങ്ങളായ. അഹിംസ, സത്യം ആർജ്ജവം, സമത്വബോധം, ശാന്തി തുടങ്ങിയ അനശ്വരധർമ്മങ്ങളെ വ്യക്തികളിൽകൂടി രാഷ്ട്രത്തിൻെറ ധമനികളിലേക്കു വ്യാപിപ്പിക്കുവാൻ ഗാന്ധിജി ചെയ്ത മഹത്തായ പരീക്ഷണത്തെ സഫലമാക്കി ചെയ്യുവാൻ പ്രജാധിപത്യത്തിൻെറ ആദ്യത്തേതും അന്ത്യത്തേതുമായ വ്യക്തിമഹത്വം എന്ന സിദ്ധാന്തം സാക്ഷാൽക്കരിച്ചേമതിയാവൂ. ഭാരതീയതത്വചിന്തയുടെ ആധാരശിലയും വ്യക്തിശുദ്ധിയല്ലാതെ മറെറാന്നല്ല.

# മാൻ, പ്രേമം, സ്വൽപം വിപ്ലവവും

അത്ഭുതമല്ലെ?—പ്രതിനവരസവും പ്രതിദിനനവവുമായി ഒരു സാഹിത്യകലാസൃഷ്ടി രണ്ടായിരത്തോളം വഷങ്ങളായി മാനവചേതനയുടെ ആസ്വാദനാസക്തിയെ പൂർണ്ണാനന്ദമൂട്ടിക്കൊണ്ടു് നിത്യയശസ്സാജ്ജിക്കുന്നു! വിവിധ ദേശങ്ങളിൽ, ഭാഷകളിൽ ലക്ഷോപിലക്ഷം ചിന്തകരുടെയും നിരൂപകരുടേയും ചച്ച്യ്ക്കു വിഷയമായിട്ടുള്ള ശാകുന്തളത്തെക്കുറിച്ചാണീപ്പറഞ്ഞതു്. പൗരസ്ത്യർമാത്രമല്ല, പാശ്ചാത്യരും ആ ഉജ്ജ്വലകലാസൃഷ്ടിയെ നോക്കി ആശ്ചയ്യപ്പെട്ടുകയാണു്. "ലോകത്തിലുള്ള സകല സുന്ദരവസ്തുക്കൾക്കുംകൂടി ഒരൊററ വാക്കു പറയണമെങ്കിൽ ശാകുന്തളം എന്നു പറഞ്ഞാൽ മതി." എന്നു് ജർമ്മൻ കവിയായ ഗീഥെ പറഞ്ഞു. 1935-ലാണെന്നു തോന്നുന്നു ഇന്ത്യയിൽ വന്നുപോയ സൗത്തു് ആഫ്രിക്കൻ പ്രതിനിധിസംഘത്തിൻെറ നേതാവായ ഹോഫ്മെയർ, ഇന്ത്യയെ വിളിച്ചതു്, 'ശാകുന്തളത്തിൻെറ നാടേ' എന്നാണു്. കാളിദാസകൃതികളെ ഇംഗ്ലീഷിലേയ്ക്കു തജ്ജിമചെയ്ത ആർതർ റൈഡർ പറയുന്നതു്, "സ്ത്രീപുരുഷന്മാരുടെ പ്രണയസൗഭാഗ്യത്തെയും പ്രകൃതിയുടെ സൗന്ദയ്യവിലാസത്തെയുംപററി ഇത്ര മധുര

മായി ഗാനം ചെയ്തിട്ടുള്ള ഒരു കവി ഒരു രാജ്യത്തുമുണ്ടായിട്ടില്ല'' എന്നാണു്. അന്യാദൃശമായ ഈ പ്രശംസകൾക്കു കാരണമെന്താണു്? ഒററവാചകത്തിൽ ഒതുക്കി ഒരുത്തരം പറയണമെങ്കിൽ ഏതാണ്ടിങ്ങനെ ആകാമെന്നു തോന്നുന്നു. അതു് സർവ്വസമ്പൂർണ്ണവും അതിനാൽ സമുൽകൃഷ്ടവും അതിനാൽ സനാതനവുമായ ഒരു സാക്ഷാൽ സാഹിത്യസമ്പത്താണു്.

ആ വിശ്വൈകനാടകത്തിൻെറ യവനികയൊന്നു പൊന്തിച്ചു് ആ നാടകവേദിയുടെ അന്തർഭാഗത്തു് സജ്ജമാക്കിവച്ചിട്ടുള്ളതിൽ മൂന്നേമൂന്നു നിശ്ശബ്ദരംഗങ്ങളിൽ മാത്രം നമ്മുടെ പാടവമുള്ള മിഴികൾ ഒന്നു പായിച്ചു നോക്കുക. കാളിദാസൻ എന്ന ഇന്ത്യയുടെ കവിയെ അല്പമാത്രമായെങ്കിലും കണ്ടെത്തുവാനുള്ള ചില സുന്ദരഘടകങ്ങൾ അവിടെയുണ്ടു്. രണ്ടുമൂന്നു ഘടകങ്ങൾമാത്രം ഒന്നനാവരണം ചെയ്യാം.

## മാൻ

വില്ലുകുലച്ചു, രഥാരൂഢനായ രാജാവിനെക്കാണുംമുമ്പു് ശാകുന്തളത്തിൻെറ പ്രഥമരംഗത്തു് നാം കാണുന്നതു് പ്രാണഭീതിയോടെ പായുന്ന ഒരു മാനിനെയാണു്. ലോകസാഹിത്യത്തിൽ മറേറതെങ്കിലും ഒരു നാടകത്തിൽ ആദ്യം ഒരു മൃഗത്തെ ഒരു കഥാപാത്രമാക്കിയതിലും കാളിദാസൻ ഇതര കവികളിൽനിന്നും ഭിന്നനാണു്. കാളിദാസൻെറ കമനീയമായ നാടകപ്രപഞ്ചത്തിൽ മൃഗംമാത്രമല്ല, ലതയും മരവുമൊക്കെ കഥാപാത്രങ്ങളാണു്. അവിടോട്ടു കടക്കാൻ വരട്ടെ. ആ മാനി

നെമാത്രം സൂക്ഷിച്ചുനോക്കണം. നിശിതമായ ദുഷ്യന്തബാണം പരിമൃദുലമായ ആ മൃഗത്തിൻെറ മെയ്യിൽ തറയ്ക്കാൻ ഒരു സെക്കൻറു മതി, അപ്പോഴേയ്ക്കും ഓടുന്ന മൃഗത്തിൻെറയും രഥത്തിൻെറയും മദ്ധ്യേ രണ്ടു ശിഷ്യരോടുകൂടി ഒരു ഋഷി കടന്നുനിന്നു്, മൃഗവധോദ്യമസാഹസത്തിൽനിന്നു രാജാവിനെ കൈപൊക്കി വിലക്കി:—
"കൊല്ലരുതു്; കൊല്ലരുതു്. ഇതു് ആശ്രമമൃഗമാണു്."
ഒരപേക്ഷയായിട്ടല്ല, ആജ്ഞയായിട്ടുതന്നെ ആ വിലക്കു് അനുസരിക്കയും രാജാവു് കുലച്ച വില്ലു് താഴ്ത്തുകയും ചെയ്തു. പുരാതന ഭാരതത്തിലെ അജയ്യമായ രാജശക്തിയുടെ അധർമ്മചാരിത്വത്തിൻെറ മേൽ ഋഷികൾക്കുണ്ടായിരുന്ന നിയന്ത്രണാധികാരമാണു് ഋഷി പൊക്കിയ കൈകളിൽ നാം കാണുന്നതു്. അതിന്നുമപ്പുറം, ഒരു നിഗൂഢതയിലേയ്ക്കു നാം കടന്നുപോകുന്നു. ആശ്രമമൃഗമാണിതു്. ഇതിനെക്കൊല്ലരുതെന്നു വിലക്കിയ ഋഷിക്കറിയാം മാനുൾപ്പടെ ഏതു കാട്ടുമൃഗത്തെയും കൊല്ലാനുള്ള അധികാരം രാജാവിന്നുണ്ടെന്നു്. അതുകൊണ്ടുതന്നെയാണു് ഇതു് ആശ്രമമൃഗമാണെന്നു വിശേഷിപ്പിച്ചതും. ആശ്രമപ്രാന്തത്തിലെന്നപോലെ അതിന്റെ അന്തർഭാഗത്തുമുണ്ടു് നിഷ്കളങ്കവും നിരുപദ്രവുമായ ലളിതജീവിതം നയിക്കുന്ന മറെറാരു മാൻ; ആരാമസൗന്ദര്യം ആകാരംപൂണ്ട ശകുന്തള! രാജാധികാരത്തിന്റെ പ്രൗഢിയും രാജസവീര്യത്തിൻെറ ധാടിയുമാകുന്ന അമ്പും വില്ലും കൊണ്ടു്, ആ സാത്വികജീവിതത്തെ—എണപ്പിടയെ—വധിക്കരുതേ എന്ന വലിയൊരു സൂചനയല്ലെ ആ ഋഷിയുടെ കൊച്ചു നിരോധനവാക്യത്തിൽ ഒളുങ്ങിക്കി

ടക്കുന്നതു്? യഥാർത്ഥത്തിൽ അതു സംഭവിച്ചു. വനജ്യോത്സ്നികയുടെ ലാളിത്യവും സൗന്ദര്യവുമുള്ള ആ വിശുദ്ധമൃഗം ദുഷ്യന്തൻെറ ക്രൂരമ്പുകൾക്കിരയാവുകതന്നെ ചെയ്തു! ഇനി മറുവശത്തേക്കൊന്നു കടന്നാലോ?

പ്രഭുസമ്മിതമായ വേദശാസനങ്ങളുടെ, കാന്താസമ്മിതമായ സരസരൂപഭേദമാണു് കാവ്യമെന്നു് ആചാര്യമതമുണ്ടല്ലോ. രൂക്ഷവും നീരസവുമായി മിതാക്ഷരങ്ങളിൽ പ്രഭുഗൗരവത്തോടെ വേദം കല്പിക്കുന്നു, ഹിംസയരുതു് എന്നു്. എന്നല്ല ഹിംസയെ സഹിക്കാനും കല്പിക്കയാണു് വേദം.

"ഉപലൈവ തിഷ്ഠാസേത
ഛിദ്യമാനേ ന കപേ്യത
ന കമ്പേ്യത വൃക്ഷേവ
തിഷ്ഠാസേത ന കപേ്യത ന കമ്പേ്യത"

ഹിംസയുടെ ഹേയതയും അഹിംസയുടെ സ്വീകാര്യതയുമാണു് ഈ ഋഗ്വേദമന്ത്രത്തിൻെറ ഉള്ളടക്കം. പതഞ്ജലിയും ബുദ്ധനും ക്രിസ്തുവുമൊക്കെ മതഭാഷയിൽ ഹിംസാവിരോധം ചെയ്തവരാണു്. വേദത്തിൻെറ അതേ സന്ദേശത്തിൻെറ കാന്താസല്ലാപസരസമായ കാവ്യരൂപമാണു് കാളിദാസൻെറ കാവ്യകാമിനിയിൽനിന്നു് കേൾക്കുന്നതു്. ശാകുന്തളത്തിൽ ഒന്നാമങ്കത്തിൽ "ന ഹന്തവ്യോ ന ഹന്തവ്യഃ" എന്നു് രാജാവിൻെറ ഏണവധശ്രമത്തെ, ഒരു ഋഷിയെക്കൊണ്ടു് നിരോധിപ്പിക്കുന്ന കാളിദാസൻ, ആ വിശ്വോത്തരനാടകത്തിന്റെ ഉപ

സാഹാരരംഗമായ ഏഴാമങ്കത്തിൽ ഒരു താപസിയെക്കൊണ്ട് ഒരു സിംഹോപദ്രവശ്രമത്തെ നിരോധിപ്പിക്കുന്നു. മാൻപേടയെക്കൊല്ലാൻ വില്ലെടുത്ത ദുഷ്യന്തന്റെ മകൻ സിംഹക്കുട്ടിയെ സടപിടിച്ചു വലിച്ചിഴച്ച് വാപിളർത്തി ദ്രോഹിക്കുകയാണ്—സർവ്വദമനൻ. മാൻവേട്ടയിൽനിന്നും അച്ഛനെ പിന്തിരിപ്പിക്കുന്നു ഒരു താപസൻ; സിംഹവേട്ടയിൽനിന്നും മകനെ പന്തിരിപ്പിക്കുന്നു ഒരു താപസി. ("വഷളത്തരം കാട്ടരുതു്") നിരുപദ്രവിയായ മാനിൽനിന്നും നിതാന്തോപദ്രവിയായ സിംഹത്തിലേക്കു കടന്നുചെന്ന ഹിംസാബുദ്ധിയുടെമേലുള്ള നിരോധനത്തിൻെറ ജഗന്മോഹനമായ കലാരൂപം നോക്കു. ആ മാനിൽക്കൂടിയാണ് ആ കലാശില്പാങ്കുരം വളൎന്നു വികസിച്ചതു്. ശകുന്തളയുടെ, ഗർഭിണിയായ മാൻകുട്ടിയും, ഭർത്തൃഗൃഹയാത്രയെ തടയാനെന്നവണ്ണം ഉടുപുടവയിൽ കടിച്ചുവലിക്കുന്ന വളൎത്തുപുത്രനായ ദീഘാപാംഗനും ശാകുന്തളത്തിൻെറ വേദിയിലെ മററു രണ്ടു് സുകുമാര കഥാപാത്രങ്ങളാണ്. രാജാവിൻെറ ക്രൂരമ്പിനെ ഭയപ്പെട്ടു് പ്രാണരക്ഷാൎത്ഥം ഓടിയതു് ഒരു പക്ഷെ, ശകുന്തളയുടെ വളൎത്തു മകനായ ദീർഘാപാംഗനായിരിക്കുമോ? അല്ലെങ്കിൽ അവൻ ശകുന്തളയെ എന്തിനു തടഞ്ഞു? ആ രാജാവിൻെറ സന്നിധിയിലേക്കാണ് പോകുന്നതെങ്കിൽ അവൻെറ വളൎത്തമ്മയെ ആ രാജാവു് ദ്രോഹിക്കുമെന്നു അവൻ മുന്നറിയിപ്പു് കൊടുത്തതായിരിക്കുമോ, നിരക്ഷരചേഷ്ടകൊണ്ടു്. ആൎക്കറിയാം മഹാകവികളുടെ ഉന്നം!

## പ്രേമം

മനുഷ്യജീവിതത്തിലെ സ്പന്ദനവിശേഷങ്ങളായ പരുഷമൃദുലവികാരങ്ങളിലും, പ്രകൃതിയുടെ ഇരുട്ടും വെളിച്ചവുമുലാവുന്ന മനോഹര ദൃശ്യങ്ങളിലും കാമിനീകാമുകന്മാരുടെ മനോമണ്ഡലങ്ങളിലും മഹർഷിമാരുടെ ആശ്രമവാടങ്ങളിലും, രാജാക്കന്മാരുടെ കൊട്ടാരങ്ങളിലും എന്നു വേണ്ടാ ആകാശത്തിലും ഭൂമിയിലും അപാരവും അനശ്വരവുമായ ആത്മാവിലും കാളിദാസൻെറ കാവ്യകലാകാമിനി ഉദാത്തഭാവനയുടെ പരിവേഷമണിഞ്ഞു നിത്യനൃത്തം വയ്ക്കുന്നു.

അവളുടെ ഗാനം പ്രേമമധുരമാണ്. ആ പ്രേമമോ ഒരപാരതയും. വിശ്വപ്രകൃതിയേയും മനുഷ്യൻ എന്ന മഹാപ്രതിഭാസത്തെയും ആ പ്രേമമാധുര്യത്തിന്റെ ലയിപ്പിക്കുന്ന ശക്തിവിശേഷം ഒന്നാക്കിത്തീർക്കുന്നു. വൃക്ഷലതാദിയും സമുദ്രനദികളും എന്നല്ല സർവ്വ ചേതനാചേതനങ്ങളും കവിയുടെ വിശ്വപ്രേമത്തിൽ ഒന്നായലിഞ്ഞുചേരുന്നു. ആ അലൗകികമായ പ്രേമത്തിൻെറയും വെറും ലൗകികമായ കാമത്തിൻെറയും മദ്ധ്യത്തിലുള്ള സൂക്ഷ്മരേഖയെ, പ്രോന്നതമായ ഒരു കരിങ്കൽ കോട്ട തന്നെ കെട്ടി കാളിദാസൻ വേർതിരിച്ചിരിക്കുന്നു. ത്യാഗാഗ്നിയിൽ സ്ഫുടംചെയ്യപ്പെടുന്ന ഭോഗവിനിർമ്മുക്തമായ ഭാഗത്തെ അദ്ദേഹം പ്രേമമെന്നു വിളിക്കുന്നു. ശകുന്തളാദുഷ്യന്തന്മാരുടെ കാമോദ്വേഗത്തെ ഒട്ടേറെ സ്ഫുടപ്രക്രിയകൊണ്ടു ശുദ്ധീകരിച്ചു വിശുദ്ധ പ്രേമമാക്കിത്തീർത്തിരിക്കയാണ് ശാകുന്തളംകൊണ്ടു ചെയ്തി

രിക്കുന്നതു്. തീവ്രതപസ്വിയായ കണ്വനിൽകൂടി ത്തു വിശുദ്ധമായ വിശ്വപ്രേമത്തിൻെറ മന്ദ്രധ്വനി നമു ക്കു കേൾക്കാം. വെറും ലൗകികനായ പ്രാകൃതഗൃഹ സ്ഥനെപ്പോലെ തൊണ്ടവിങ്ങിക്കരയുന്ന നിർമ്മമനായ മഹർഷി, ശകുന്തളയുടെ ഭർത്തൃഗൃഹത്തിലേയ്ക്കുള്ള യാത്രാ വസരത്തിൽ: ശകുന്തള സ്വന്തം മകളല്ലാതിരുന്നിട്ടും. ആ കണ്വൻ പറയുന്നു:—ഞാൻ മുമ്പേതന്നെ വിചാരി ച്ചപോലെ ഭാഗ്യംകൊണ്ടു് ശകുന്തളേ, നീ അനുരൂപ നായ ഭത്താവിനോടു ചേൻകഴിഞ്ഞു. ഈ മുല്ലവള്ളി യാകട്ടെ അവൾക്കു ചേന്നപടി തേൻമാവിനോടും ചേൻ കഴിഞ്ഞു. നിന്നെക്കുറിച്ചാകട്ടെ ഈ മുല്ലവള്ളിയെക്കു റിച്ചാകട്ടെ ഇനി എനിക്കു ദുഃഖിക്കേണ്ടതില്ല.''

സ്വന്ത ബീജോല്പന്നയല്ലെങ്കിലും സ്വന്തപുത്രിയാ യി വളത്തിയ ശകുന്തളയും, ആശ്രമോപാന്തത്തിൽ വള ൻ മുല്ലവള്ളിയും ആ താപസൻെറ ദൃഷ്ടിയിൽ ഒരുപോ ലെയാണെന്നത്ഥം. ശകുന്തളയും മുല്ലവള്ളിയും, കണ്വൻ സാക്ഷാത്കരിച്ച വിശ്വപ്രേമത്തിലെ രണ്ടു ലഘുഘട കങ്ങൾമാത്രം. നാനാത്വത്തിൽ ഏകത്വം കാണുന്നു ക ണ്വനിൽകൂടി കവി.

## സ്വൽപം വിപ്ലവം

അണിയറയ്ക്കകത്തെ മൂന്നാമത്തെ ഘടകം സ്വല്പം വിപ്ലവപരമാണു്. ആരാണീ ശകുന്തള? ആരാണീ ദുഷ്യന്തൻ? ഒന്നു ചുഴിഞ്ഞു പുറകോട്ടു നോക്കേണ്ടതുണ്ടി വിടെ. ആ ലോകോത്തരസുന്ദരി ശുഷ്കതാപസനായ കണ്വൻെറ പുത്രിയല്ല. അവളുടെ അച്ഛൻ, വിശ്വാമി

ത്രനാണു്. വിശ്വാമിത്രൻ ക്ഷത്രിയനാം അതേയവസരത്തിൽ ഒരു ചണ്ഡാലനുമാണു്. (വിശ്വാമിത്രശ്ച ചണ്ഡാലഃ—എന്നുപനിഷത്തു്) മേനകയോ സുപ്രസിദ്ധ വേശ്യയും. സ്വർഗ്ഗത്തിലാണെങ്കിലും വേശ്യാത്വം വേശ്യാത്വം തന്നെ. അപ്പോൾ, ഒരു ചണ്ഡാലനു് ഒരു വേശ്യയിൽ ഉണ്ടായവളാണു് ശകുന്തള. ഒരു പക്ഷേ വിശ്വാമിത്രൻ ചണ്ഡാലനല്ലെന്നും മേനക വേശ്യയല്ലെന്നും വയ്ക്കുക. അപ്പോളും ശകുന്തള ഒരു വ്യഭിചാരസന്താനമല്ലെന്നു് വരുന്നതല്ല. ആ ശകുന്തളയെ, അക്കാലത്തെ ഭാരതത്തിലെ ഏററവും സമുന്നതനായ ഒരു കുലീനരാജാവിനെ—പൂരുവംശത്തിലെ മഹാനായ ഒരു രാജാവിനെക്കൊണ്ടു് മിശ്രവിവാഹം ചെയ്യിച്ചിരിക്കയാണു് കാളിദാസൻ. എല്ലാ പഴകിയ ചട്ടങ്ങളുടേയും നേക്കു ക്രൂരമധുരമായി വിരൽ ചൂണ്ടിക്കൊണ്ടു്, ധീരാത്മാവായ കവി ആ ദാമ്പത്യത്തിൽ ഉണ്ടായ സന്താനത്തിന്നു് രാജ്യഭാരം കൊടുത്തു. ഈ രാജ്യത്തിന്നുതന്നെ ആ മിശ്രവിവാഹസന്തതിയുടെ പേരു് (ഭരതൻ) ശാശ്വതമായിരിക്കത്തക്കവണ്ണം എത്ര ദൂരവ്യാപകമായിരുന്നു ആ സാഹിത്യസാർവ്വഭൗമൻെറ വിപ്ലവചിന്തയുടെ വീഴ്ച്ചം!

# സന്ന്യാസികളും ഭ്രാന്തപ്പടയും

സ്വതന്ത്ര ഭാരതത്തിന്നു് ഇരുപത്തിയൊന്നു വയസ്സായി. ശൈശവം പിന്നിട്ടു് യൗവനത്തിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു ഇന്ത്യ എന്നർത്ഥം. ബാലാരിഷ്ടതകളെ ഭയപ്പെടാനില്ല, ഇനി ഈ യൗവനത്തിൽ. പക്ഷെ അവൾ ഒരു സ്വയം പരിശോധനയ്ക്കു വിധേയയാകേണ്ടിരിക്കുന്നു.

ഇതു് വെറുമൊരു ഭാരതമല്ല; ആർഷഭാരതമാണു്. രാഷ്ട്രീയമായി വിമോചനംനേടി, ആംഗ്ലേയ പാരതന്ത്ര്യത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ ഭാരതം അതിൻേറതായ ആർഷത്വം വീണ്ടെടുക്കുമെന്നു് മഹാനായ വിവേകാനന്ദനും മഹാത്മാവായ ഗാന്ധിജിയും പ്രവചിച്ചിരുന്നു. വിശ്വസിച്ചിരുന്നു. ആ പ്രവചനങ്ങളും വിശ്വാസങ്ങളും എത്രത്തോളം ഫലത്തിലെത്തി എന്ന ചോദ്യം സ്വതന്ത്ര ഇന്ത്യയിലെ ഓരോ നല്ല പൗരൻേറയും മുമ്പിൽ തെളിഞ്ഞുനില്ക്കുന്നു. സമ്പത്തു്, വിദേശനയം, ആഭ്യന്തരരക്ഷ, വ്യവസായം, കൃഷി മുതലായവയെപ്പററിയുള്ള നീണ്ടുനീണ്ട ചോദ്യാവലികൾ വേറെ കിടക്കുന്നു. അതൊന്നുമല്ല, ഈ ആർഷത്വം വീണ്ടെടുക്ക

ലിനെപ്പററി മാത്രമാണ് സ്വല്പമൊന്നു ചിന്തിക്കുന്നതു്. ആയിരത്തി തൊള്ളായിരത്തി അമ്പതോ അറുപതോ വർഷങ്ങൾക്കശേഷം, സ്വഭൂമിയിൽ സ്ഥാപിച്ച സ്വർഗ്ഗ രാജ്യത്തിൻെറ സ്ഥിതി എന്തായിരുന്നു എന്നു് നോക്കി ക്കാണുവാൻ ക്രിസ്തുദേവൻ വെറുമൊരു തെരുവുതെണ്ടി യായി വേഷംമാറി ജറൂസലേം ദേവാലയത്തിൽ ചെന്ന തായും അവിടെയും മററു ക്രൈസ്തവസങ്കേതങ്ങളിലും തനിക്കുണ്ടായ ദാരുണങ്ങളും ദയനീയങ്ങളും അപ്രതീക്ഷി തങ്ങളുമായ ദുരന്താനുഭവങ്ങൾ വിവരിക്കുന്നതായുമുള്ള ഒരു രസികൻ കഥ ഇംഗ്ലീഷിൽ ഉള്ളതായി ഒരോമ്മവ രുന്നു. ക്രിസ്തുവിൻെറ ജീവചൈതന്യം തുടിക്കുന്ന ജറൂ സലേം ദേവാലയത്തിൻെറ പുറംതിണ്ണയിൽ രാത്രി ഒന്നു തല ചായ്ക്കാൻപോലുമനുവദിക്കാതെ ക്രിസ്തുവിന്റെ പ്രതി പുരുഷന്മാരായ വൈദികവരേണ്യന്മാർ ആ തെണ്ടിച്ചെ റുക്കനെ ചാട്ടവാറുകൊണ്ടടിച്ചു പായിച്ചുവത്രേ. അ വൻ വൃത്തികെട്ടവനും തെണ്ടിയുമായതു നന്നായി എന്നു തോന്നുകയാണു്. സുഭഗനും തെല്ലു മാംസപ്പററുള്ളവനുമാ യിരുന്നെങ്കിൽ, ആജന്മബ്രഹ്മചാരിയും വിശുദ്ധരിൽ വി ശുദ്ധനുമായ ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായ മാംസദാ ഹികൾ മറുരൂപംപൂണ്ട ക്രിസ്തുച്ചെറുക്കനെ പള്ളിയുടെ ഉ ള്ളറയിൽ കിടത്തി അവനെ കൃശിക്കാതെ കൊന്നുകളയു മായിരുന്നു. വിവേകാനന്ദനും ഗാന്ധിയും ക്രിസ്തുവിനെ പ്പോലെ ഒന്നു വേഷംമാറി ആഷഭാരതത്തിൽ വന്നു എന്നു വിചാരിക്കുക. കുറഞ്ഞപക്ഷം അവർ ആത്മ ഹത്യചെയ്യുമെന്നു തീച്ചയല്ലേ?

"മനുഷ്യൻ ഹാ! എത്ര സുന്ദരമായ പേരു്" എന്നു് മഹാനായ മാർക്സിംഗോർക്കിയാൽ സ്തുതിക്കപ്പെട്ട മഹാ പ്രതിഭാസം ഇന്നു പട്ടിണിയിലും ദാരിദ്ര്യത്തിലും എരിപൊരിക്കൊള്ളുകയല്ലേ? എതാണ്ടു് ഒരുവഷമല്ലേ ആര്യയുള്ള കേന്ദ്രസുൽത്താന്മാർ ഭരിച്ചു വാണരുളുന്ന ഇന്ദ്രപ്രസ്ഥപുണ്യഭൂമിയിൽ ബീഭത്സമായ ഒരു നഗ്നതാണ്ഡവും നടന്നിട്ടു്? മനുഷ്യൻ മരിച്ചുവീഴുന്ന മണ്ണിൽ മഹത്വമേറിയ ഗോക്കളെ സംരക്ഷിക്കാനുള്ള ഒരു മഹായജ്ഞമായിരുന്നു അതു്. സ്വാതന്ത്ര്യഭാരതത്തിന്റെ പാർലിമെന്റു മന്ദിരം എട്ടുലക്ഷത്തോളം, 'മുഴുവൻ കാളകളായ' ആഷനഗ്നന്മാർ പട്ടാപ്പകൽ വളഞ്ഞു; കമണ്ഡലുക്കളിൽ പെട്രോൾ നിറച്ചു് വീടുകളും വാഹനങ്ങളും കത്തിച്ചു ലങ്കാദഹനം നടത്തി. ദാരിദ്ര്യത്തിൽ മനുഷ്യൻ ദഹിക്കുമ്പോൾ, വീണ്ടും ദഹനയജ്ഞം നടത്തുകയായിരുന്നു ആഷന്മാർ ഗോക്കളെ രക്ഷിക്കാൻ. ആഷഭാരതസംസ്കാരം പശുവിന്റെ പൃഷ്ഠത്തിലാണെന്ന വിശ്വാസമാണു് ആഷന്മാരെ അങ്കക്കലികൊള്ളിച്ചതു്. ഭയപ്പെട്ടു വഴങ്ങിയ കേന്ദ്രന്മാർ ഇന്നു സംസ്ഥാനങ്ങളെ സക്കാർ ശക്തിയുപയോഗിച്ചു് പ്രേരിപ്പിക്കുകയാണു് ഗോസംരക്ഷണം നടപ്പിലാക്കാൻ. കുറച്ചു മുമ്പു് ബീഹാറിലെ ആഷന്മാരായ മന്ത്രിമാർ അവിടെ കഠിനമായ വരൾച്ച ബാധിച്ചപ്പോൾ ഗോമൂത്രം ജപിച്ചു കുടിച്ചാൽ മഴയുണ്ടാകുമെന്നു് യുക്തിപൂർവം ഗൗരവതരമായി തീരുമാനിച്ചു് അങ്ങനെ ചെയ്തുവത്രെ. ഭക്രാനംഗൽ, നാഗാർജ്ജുനസാഗർ പദ്ധതികളേക്കാൾ ഈ ഗോമൂത്രപദ്ധതി എത്രഭേദം? മുറജപത്തിനു തിരുവനന്തപു

ത്തേക്കു പണ്ടു് വള്ളംവഴി പുറപ്പെട്ട ഒരു നമ്പൂരിക്കു് വേമ്പനാട്ടുകായലിൻെറ നടുക്കെത്തിയപ്പോൾ മൂത്രശങ്കയുണ്ടായി. കഴക്കോൽത്തുമ്പിൽ വള്ളക്കാരനെക്കൊണ്ടു് സ്വല്പം മണ്ണെടുപ്പിച്ചു് ജപിച്ചു നമ്പൂരി വെള്ളത്തിലിട്ടു! അത്ഭുതമേ, അതാ വേമ്പനാട്ടുകായലിൻെറ നടുക്കൊരു കരയങ്ങുയർന്നു!—പാതിരമണൽ—നമ്പൂരി സുഖമായി കരയ്ക്കിറങ്ങി മൂത്രശങ്കയ്ക്കു പരിഹാരമുണ്ടാക്കി! കൊച്ചി തുറമുഖത്തിൻെറ നിർമ്മാണകാലത്തു് എത്രയോ എൻജിനീയറന്മാർ, തൊഴിലാളികൾ, യന്ത്രങ്ങൾ—ഒക്കെ എത്രകാലം പണിയെടുത്തു അവിടെ ഇന്നു കാണുന്ന വൻകര പൊന്തിച്ചെടുക്കാൻ? അക്കാലത്തു് ഈ ലേഖകൻ ആർഷഭാരതസന്താനമായ ആ നമ്പൂരിയുടെ മാന്ത്രികശക്തിയെ ചൂണ്ടി എഴുതുകയുണ്ടായി, എന്തിനാണു് ഇത്രയേറെ മനുഷ്യപ്രയത്നവും തലച്ചോറും, ധനവുമൊക്കെ ചെലവാക്കുന്നതു്? മുഴുത്ത മൂന്നുനാലു നമ്പൂരിമാരെക്കൊണ്ടുവന്നു് നല്ലവണ്ണം മൂത്രം മുട്ടിച്ചാൽ ക്ഷണത്തിൽ തീരാനല്ലേയുള്ളു ആ വൻകര? ഋശ്യശൃംഗൻ എന്ന മഹർഷി മഴ പെയ്യിച്ചു; യാഗത്തിൽനിന്നും ദശരഥൻ പുത്രന്മാരെ ഉണ്ടാക്കി എന്നൊക്കെ പഴയ കഥകളുണ്ടു്. ഈ ശാസ്ത്രയുഗത്തിലെ ഇരുപതാം നൂററാണ്ടിൻെറ അന്ത്യപാദത്തിൽ, വിശേശ്വരയ്യായും ഡാ. ഭാബയും സർ. സി. വി. രാമനും ജനിച്ച നാട്ടിൽ ആർഷഭാരതത്തിലെ അഭിനവ മന്ത്രിപുംഗവന്മാർ കാട്ടിക്കൂട്ടുന്ന ഈ കോപ്രായങ്ങൾ കാണുമ്പോളാണു് മിസ്സ്മേയോവേയും ബെവേർളി നിക്കൾസിനേയും എതിർക്കാൻ സടകുടഞ്ഞെഴുന്നേററ നമ്മുടെ വിഡ്ഢിത്തത്തെപ്പററി നാം ലജ്ജിച്ചുപോകുന്നതു്. മഹാത്മാഗാന്ധിക്കു ജന്മം കൊടുത്ത ഗുജറാത്തിലുണ്ടായ

തെന്താണു്? മഴയ്ക്കുവേണ്ടി നിയമസഭാ പരിപാടികൾ നിറുത്തിവച്ചു്, സഭയിൽവച്ചുതന്നെ പൂജയും ഹോമവും ഭജനയും എപ്പേർപ്പെട്ടതും നടത്തി! സ്പീക്കറും മന്ത്രിമാരും ചേർന്നുണ്ടായ ഈ ചടങ്ങു നടത്തിയതു് സബർമതി ആശ്രമത്തിൽനിന്നും വരുത്തിയ പെൺകൊടിമാരായിരുന്നു.

ഇന്ത്യ 1947-ൽ സ്വാതന്ത്ര്യം പ്രാപിച്ചു. ആ ആഗസ്റ്റ് പതിനഞ്ചാംതീയതി സ്വാതന്ത്ര്യം പ്രഖ്യാപിക്കരുതെന്നും നല്ലനേരംനോക്കി ജ്യോത്സ്യന്മാരുടെ അഭിപ്രായപ്രകാരമേ ആ പ്രഖ്യാപനം ചെയ്യാവൂ എന്നും ആഢ്യന്മാരായ ചില നേതാക്കന്മാർ നിർബ്ബന്ധമായിപ്പറഞ്ഞപ്പോൾ "ജ്യോത്സ്യന്മാരും നക്ഷത്രങ്ങളുമല്ല ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നേടിത്തന്നതു്" എന്നു ധീരമായി പ്രഖ്യാപിച്ച ജവഹർലാൽ നെഹ്റുവിൻെറ നാളിലെ ഉത്തമന്മാരായ മന്ത്രിമാരുടെ ലജ്ജാവഹമായ ഭീരുത നാം കാണുകയാണു്. രാജസ്ഥാനിലെ ഉദയപുരം പ്രദേശത്തു് കോട്ടം എന്ന പഞ്ചായത്തിലെ ഒരു പാലത്തിൻെറ തൂണുകളുറപ്പിക്കാൻ പന്ത്രണ്ടു വയസ്സു പ്രായമായ ഒരു കുഞ്ഞിനെ കുരുതികഴിച്ച ആർഷഭാരതമാണിതു്. കുട്ടികളെ സ്വന്തഹൃദയംപോലെ സ്നേഹിച്ചു ലാളിച്ച ചാച്ചാനെഹ്റുവിന്റെ ഓമന മകളായ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിര, ഹതഭാഗ്യരായ മാതാപിതാക്കൾക്കു് ആ അപഹരണപ്പെട്ട ജീവനു് ആയിരം ക. പ്രതിഫലം കൊടുത്തു. ജനപ്പെരുപ്പമുള്ള ഇന്ത്യയിൽ നരവേട്ടചെയ്തു സന്താനനാശം വരുത്തുന്ന കണ്ട്രാക്റ്റർമാർക്കു് അവരുടെ ചൂഷണലാഭത്തിനു പുറമേ ഈ നര

മേധ സല്കർമ്മത്തിനു് എന്തുകൊണ്ടു് വൻതുക സംഭാവന ചെയ്യുന്നില്ല? വാസ്തവത്തിൽ അവരെയാണു് ആ കാപാലിക സംസ്കാരത്തിന്റെ കാവല്ക്കാരെയാണു് ആഷ്ഭാരതസക്കാർ പ്രോത്സാഹിപ്പിക്കേണ്ടതു്; അഭിനന്ദിക്കേണ്ടതു്.

ഇത്രത്തോളമായപ്പോൾ മററൊരു കാര്യംകൂടി പറയേണ്ടതുണ്ടെന്നു തോന്നിപ്പോകുന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഉള്ള കണ്ട്റാക്ടർമാരുടെ പിതൃസ്വത്താണു് ഇന്ത്യ എന്നു തോന്നിപ്പോകത്തക്കവണ്ണം രാഷ്ട്രകത്തിൽ ആ ചെററകൾ എത്തിയിരിക്കുന്നു? ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി എന്ന ചോരകുടിയന്മാരായ ഒരു കോടീശ്വരസംഘം ഒരു വഷം മുമ്പുവരെ ശബരിഗിരി പ്രൊജക്ടിൽ നടത്തിയ തീവെട്ടിക്കൊള്ള എന്താണു്? ഇന്നു് ഇടുക്കിയിൽ നടത്തുന്ന ഭയങ്കര വിക്രിയകളെക്കുറിച്ചു പറയാനും ചിന്തിക്കുവാൻകൂടിയും അധികാരവഗ്ഗം ലജ്ജിക്കുന്നു; പോരാ, ഭയപ്പെടുക തന്നെ ചെയ്യുന്നു. ഇപ്പോൾ അവർ ഒരവകാശവാദം തന്നെ ഉന്നയിച്ചിരിക്കയാണു്. എന്തെന്നല്ലേ? അവർ പണിനടത്തുന്ന പ്രദേശത്തുനിന്നുംതന്നെ സക്കാരിന്റെ എല്ലാ അധികാരങ്ങളും പിൻവലിച്ചു് അവിടം ഒരു സംരക്ഷിതപ്രദേശമായി പ്രഖ്യാപിച്ചു് അവിടത്തെ ഭരണം അവരെ ഏല്പിക്കണമെന്നാണു് അവരുടെ ആ അവകാശവാദം. അവരുടെ കണ്ട്റാക്ട്, ഒരു സംഘടിതമായ ഏപ്പാടാണു്. ആ കൂട്ടായ്മ കണ്ട്റാക്ടിൽ കേന്ദ്രത്തിലെ മഹാ ധനികന്മാരായ പല പ്രമുഖ വ്യക്തികൾക്കും കനത്ത ഓഹരികളുണ്ടു്. പത്തുലക്ഷക്കണക്കിനു്

രാഷ്ട്രീയപ്പാർട്ടികൾക്ക് സംഭാവനചെയ്യുന്ന സംഘടനയാണ്, ആ കൂട്ടായ്മ കണ്ട്റാക്റ്റ്. അപ്പോൾ അവർക്ക് ബാലബലിയല്ല, ഏതു ബലിയും എന്തും ചെയ്യാനുള്ള അവകാശമുണ്ട്. ആർഷഭാരതം! ആർഷഭാരതം!!

"ആർഷമായ കാൺഗ്രസ്സിന്റേതല്ലാത്ത ഭരണകൂടങ്ങൾ ജനാധിപത്യമെന്ന മായാശക്തി ഇന്ത്യയിലുണ്ടാക്കിയിട്ടുണ്ട്. അവിടങ്ങളിലെല്ലാം ദാരിദ്ര്യവും അസ്വസ്ഥതയും ക്ഷുദ്രവാസനകളും ഫണംവിടർത്തിയാടുകയാണെന്നു വരുത്തുവാനുള്ള ഒരു നിഗൂഢശ്രമം ആർഷന്മാർ നടത്തുന്നുണ്ടോ എന്നു തോന്നിപ്പോകാറുണ്ട്. കുറെയൊക്കെ ശരിയും കുറെയേറെ ശരികേടുമുണ്ടിതിൽ. ആർഷഭരണം നടത്തുന്നേടങ്ങളിലെ കഥ എന്താണ്? ഒററനോട്ടത്തിൽ പറയട്ടെ. ആഭ്യന്തര സമാധാനത്തിൻെറ കടിഞ്ഞാണേററുപിടിച്ചിരിക്കുന്ന മന്ത്രിയുടെ മഹാരാഷ്ട്ര സംസ്ഥാനത്തിലെ ശിവസേനയെന്ന ഭ്രാന്തപ്പടയെപ്പററി ആർഷന്മാർക്കെന്തുപറയാനുണ്ട്? ആർഷഭരണം നടത്തുന്ന ആസ്സാമിലേയ്ക്കു നോക്കു. കൊലയും കൊള്ളയും ഒരു ഹോബിയായി ചോരക്കളം സൃഷ്ടിക്കയും സ്വാതന്ത്ര്യദിനത്തിൽ ദേശീയപതാക വലിച്ചുകീറി നിലത്തിട്ടു ചവിട്ടിത്തേയ്ക്കുകയുമല്ലെ അവിടെയുണ്ടായതു്? സമീപകാലത്തു് കൊടിയ സാമൂഹ്യവിരുദ്ധന്മാരും വർഗ്ഗീയ ഭ്രാന്തന്മാരും സംഘടിച്ച് നിരപരാധികളായ ജനങ്ങളെ കൂട്ടംകൂട്ടമായി കൊല്ലാക്കൊല ചെയ്തില്ലേ? ആർഷന്മാർ ഭരിക്കുന്ന ഹൈദ്രാബാദിലും നാഗപ്പൂരിലും? അങ്ങിനെ എത്രയെത്ര?

സാക്ഷാൽ സ്വാതന്ത്ര്യത്തിൻെറ കവാടത്തിൽനിന്നും ഇന്ത്യ യുഗദൂരം പിന്നോട്ടുപോയിരിക്കയല്ലേ? അല്ലെന്നു പറയാനാവാത്തവിധം രാഷ്ട്രീയാന്തരീക്ഷം മേഘാവൃതമായിരിക്കുന്നു. രാഷ്ട്രതന്ത്രം, ജീവിതതന്ത്രമായി ദുരുപയോഗപ്പെടുത്തുന്ന ഭരണാധികാരിവർഗ്ഗം എവിടെയുണ്ടോ അവിടെ ഭരണീയർ ഭരണമേധാവിത്വത്തിൽനിന്നും അകന്നുപോകുന്നു. അധികാര രാഷ്ട്രീയത്തിൻെറ സഹജദോഷങ്ങളിലൊന്നാണതു്. കക്ഷിതാല്പര്യത്തിന്നു് ഭൂരിപക്ഷ ഭൂരിസുഖത്തേക്കാൾ മുൻഗണന കൊടുക്കേണ്ടിവരുന്ന ഏതു ഭരണമണ്ഡലത്തിന്നും ജനത എന്ന ഘടകവുമായി താദാത്മ്യം പ്രാപിക്കാൻ കഴിയാതെ വരുന്നു. ഈ അഭിസന്ധിക്കു് മനുഷ്യൻെറ സഹജങ്ങളായ ദുർവാസനകൾ സംഘടിതമായി കൂട്ടുനില്ക്കുകയുംകൂടിയാകുമ്പോൾ കൂട്ടംകൂട്ടമായി അനിഷ്ടസംഭവങ്ങളും ദുരിതങ്ങളും ജനതയുടെ തലയിൽ വന്നുവീഴുന്നു. ഗാന്ധിജിയിൽനിന്നും കാൺഗ്രസ്സും കാൺഗ്രസ്സിൽനിന്നും ഇന്ത്യയും അകന്നുപോയിട്ടുണ്ടെങ്കിൽ, അകന്നുപോകുന്നുണ്ടെങ്കിൽ അതിൻെറ കാരണവും മററൊന്നല്ല. റഷ്യയിൽനിന്നും ചൈനയിൽനിന്നും അമേരിക്കയിൽനിന്നുമൊക്കെ നാം കേൾക്കുന്ന ശ്രുതിസ്വരവ്യത്യാസങ്ങളെല്ലാം ആത്യന്തികമായ വിശകലനത്തിൽ, മനുഷ്യൻെറ വ്യക്തിപരമായ അധികാരവാസനയുടെ ഗാനയന്ത്രത്തിൽനിന്നും നിർഗ്ഗളിക്കുന്നവയാണു്. വ്യക്തിപരമായ അധികാരവാസനയെ സ്വാർത്ഥത എന്നു വിളിക്കുക.

മതത്തെ ധിക്കരിച്ച പ്രസിദ്ധ സാഹിത്യകാരനാണല്ലോ ബർനാഡ്ഷാ. "രണ്ടു കാലിൽ സഞ്ചരിച്ചിരുന്ന കൊട്ടകക്കാറ്റു്", "ആൻഡ്രൂക്ലീസും സിംഹവും" എന്ന തൻെറ കൊച്ചു നാടകത്തിന്നു് സ്വയമെഴുതിയ വലിയ അവതാരികയുടെ ഒരു ഖണ്ഡിക ഇവിടെ സ്മരിക്കട്ടെ.

"ബറബ്ബാസ്സിനെ വിട്ടയക്കുവാൻ വിളിക്കൂട്ടിയവർ ക്രിസ്തുവിനെ ക്രൂശിക്കണമെന്നു് ആർത്തുവിളിച്ചു. അവർ പള്ളികളും വ്യവസായശാലകളും വിദ്യാലയങ്ങളും കെട്ടിപ്പൊക്കി. കുന്നുകുന്നായി ധനവും പ്രതാപവും സമ്പാദിച്ചു. ക്രിസ്തുവിനെ മനസ്സിലാക്കാനുള്ള തലച്ചോറു് അവക്കില്ല. രണ്ടായിരം വഷം കഴിഞ്ഞു. എന്നിട്ടും നാം ഇന്നും ബറബ്ബാസ്സിൻെറ കൂടെയാണു്."

# യുദ്ധം......യുദ്ധം

ഈ വരികളുടെ സുന്ദരങ്ങളും ചിന്താർഹങ്ങളുമായ രണ്ടു 'കൊച്ചു' വലിയ വ്യാഖ്യാനവാക്യങ്ങൾ മഹാനായ മാക്സിംഗോർക്കി എഴുതീട്ടുണ്ടു്. "ഹാ! മനുഷ്യൻ എത്ര നല്ലൊരു പേരു്", "മനുഷ്യനോ? അങ്ങനൊരാളെ ഇനി കണ്ടെത്തേണ്ടിയിരിക്കുന്നു"—ഇവയാണവ. അത്രയും പരമസുന്ദരമായ പദത്താൽ വീക്ഷിക്കപ്പെടുന്ന മനുഷ്യനെ ഗോർക്കിക്കോ ഗോർക്കിയെപ്പോലെ ക്രാന്തദർശനശക്തിയുള്ളവർക്കോ കാണാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഒരു വാസ്തവം മാത്രമാണു്. നാഗരീകതയുടെ അത്യുച്ചകോടിയിൽ യവനസാമ്രാജ്യം വിശ്വവിശ്രുതമായിരുന്ന കാലത്തു്, 'ഏതൻസു' നഗരത്തിന്റെ ജനനിബിഡമായ നിരത്തുകളിൽക്കൂടി നട്ടുച്ചയ്ക്കു് ഒരുകെട്ടു ചൂട്ടും കത്തിച്ചു് 'ഡയോജനീസ'' എന്ന വൃദ്ധതത്വജ്ഞാനി നടന്നു എന്നു് എവിടെയോ വായിച്ചതായി ഓർക്കുന്നു. ആ തത്വജ്ഞാനിയെ പരിഷ്കൃതനായ യവനൻ ഭ്രാന്തനെന്നാണു് വിചാരിച്ചിരുന്നതു്. "നട്ടുച്ചയ്ക്കു് ചൂട്ടു കത്തിച്ചു് എന്താണു നോക്കുന്നതെ"ന്ന, പരിഷ്കാരികളുടെ പുഛരസദ്യോതകമായ ചോദ്യത്തിനു് ആ ഭ്രാന്തൻ, "ഇവിടെങ്ങാനും ഒരു മനുഷ്യനെക്കാണാനുണ്ടോ?

——നട്ടുച്ചയ്ക്കു ചൂട്ടുതെളിച്ചു നോക്കിയിട്ടും കാണുന്നില്ല" എന്നായിരുന്നത്രേ പറഞ്ഞ മറുപടി. സഹസ്രാബ്ദങ്ങൾക്കുശേഷം, ഡയോജനിസിൻെറ ആ ഉത്തരത്തിൻെറ പൊരുളറിഞ്ഞ ഗോർക്കിയും അവനെ കണ്ടെത്തിയില്ല. കണ്ടറിയാൻ, തേടിപ്പിടിക്കാൻ കഴിയാത്ത എന്തൊരത്ഭുത പ്രതിഭാസമാണു് മനുഷ്യൻ എന്ന വിചിത്രവസ്തു!

ഭാവത്തിലും രൂപത്തിലും, ആ പഴയ ഗ്രീക്കുതത്വജ്ഞാനിയുടേയും മാക്സിംഗോർക്കിയുടേയും മനുഷ്യൻ, മൃഗത്തിൽനിന്നും എത്ര അകലെയാണു്!—എത്ര ഭിന്നനാണു്! മൃഗത്തിൻെറ സഹജവാസന, അവൻെറ ജ്യേഷ്ഠൻ ഈ ഭൂമിയിൽ എന്നു വന്നോ അന്നുമുതൽ ഇന്നോളം അവൻെറ വളർച്ചയോടൊപ്പം വളർന്നുവന്നു എന്നുള്ളതാണു് വാസ്തവം. ചരിത്രത്തിൻെറ നീണ്ട കൈകൾക്കു പിടികിട്ടാത്ത, പ്രാചീന യുഗത്തിൻെറ ഇരുൾക്കുണ്ടുകളിലേക്കു് ഊഹാപോഹത്തിൻെറ വെളിച്ചവും നിഗമനത്തിൻെറ ഊന്നുവടിയുമൊക്കെയായി ഒന്നു കടന്നുനോക്കുക. കൊടുങ്കാറ്റുകളിലും ഗിരിഗഹ്വരങ്ങളിലും പ്രാകൃതനായ അവൻ വലിയ പാറകളെടുത്തു് പാറയോടു യുദ്ധംചെയ്യുന്നതു കാണാം. അതു വെളിച്ചത്തിനാണു്. കൂർത്ത കമ്പുകളും കൽക്കഷണങ്ങളും ഒട്ടുവിലൊട്ടുവിൽ ലോഹക്കഷണങ്ങളുംകൊണ്ടു് അവൻ, രൂപംകൊണ്ടു മാത്രം വ്യത്യസ്തരായ അവൻെറ ഭ്രാതാക്കളെ സംഹരിക്കാനായി യുദ്ധംചെയ്യുന്നതും കാണാം. അതു് ഭക്ഷണത്തിനാണു്. അവൻെറ പുരോഗമനത്തിൻെറ പാതകളിൽ, ഭക്ഷണത്തിനുവേണ്ടി കാട്ടുകളിലും

കാട്ടാറുകളിലും, കിടന്നുറങ്ങാൻവേണ്ടി വൃക്ഷത്തണലുകളിലും ഗുഹകളിലുമൊക്കെ അവൻ ചെയ്തുപോന്ന നിരന്തര സമരങ്ങളുടെ കാല്പാടുകൾ കാണാം. എന്നല്ല, ഈ ജ്യേഷ്ഠന്മാർ വ്യക്തികളായി പെരുകി, സമുദായങ്ങളായി രൂപാന്തരപ്പെട്ടതുവരെയുള്ള കാലപരിണാമത്തിൽ ജീവിതസൗകര്യത്തിനും സുഖത്തിന്റെ ഭദ്രതയ്ക്കും വേണ്ടി വ്യക്തികൾ വ്യക്തികളോടും സമുദായങ്ങൾ സമുദായങ്ങളോടും ചെയ്ത യുദ്ധങ്ങളുടെ അലിഖിതചരിതം അലിഞ്ഞുചേർന്നു കിടക്കുന്നു.

മനുഷ്യൻ വളർന്നു, അവൻ, രൂപത്തിലെന്നപോലെ ഭാവത്തിലും, മൃഗഭ്രാതൃത്വത്തിൽനിന്നും ദൈവഭ്രാതൃത്വത്തിലേക്ക്, പടികൾ കടന്നു നടന്നുപോവുകയായി. ഇന്ത്യയുടെ ചരിത്രം മാത്രം നോക്കാം. അതു ശരിക്ക് നാം പഠിച്ചുവച്ചിട്ടുള്ളത് ആര്യദ്രാവിഡ സംഘട്ടനം മുതല്ക്കാണ്. ആര്യന്മാരെന്ന സവർണ്ണരായ നവാഗതരും, ഇവിടുത്തെ പൂർവ്വനിവാസികളായ ദ്രാവിഡരെന്ന അവർണ്ണരും തമ്മിലുള്ള ഒടുങ്ങാത്ത യുദ്ധം! ഭൂമിയുടെ കൈവശാധികാരത്തിനു മാത്രമല്ല, സംസ്കാരസ്ഥാപനത്തിനും വേണ്ടിയായിരുന്നു ആ നീണ്ട യുദ്ധങ്ങൾ. സൂക്ഷ്മമായി പറഞ്ഞാൽ ഇന്നും അദൃശ്യമായി രൂപഭേദം പൂണ്ടു് ആ യുദ്ധം തുടർന്നുതന്നെ പോരുകയാണു്. വൈദിക സാഹിത്യഭണ്ഡാരം തുറന്നുനോക്കു. അവിടെ ആദ്യപീഠത്തിൽ വെച്ചിരിക്കുന്ന ഋഗ്വേദംതന്നെ എടുക്കു. യുദ്ധത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങൾകൊണ്ടു് സമൃദ്ധമാണതെന്നു കാണാം. ഇന്നും അജ്ഞാതങ്ങളായ ആയുധങ്ങളുടെ പേരുകൾ, അടവുകൾ, യുദ്ധവിജയത്തിനായുള്ള പ്രാ

ത്ഥനകൾ ഇവ ഋഗ്വേദത്തിൽ സുലഭങ്ങളാണു്. ഒരു മന്ത്രംമാത്രം ഉദ്ധരിക്കാം.

"തംത്വാവാജേഷ്ടവാജിനം
വാജയാമഃശതക്രതോ;
ധനാനാമിന്ദ്രസാതയെ."

(പ്രശസ്തം കർമ്മങ്ങൾ ചെയ്യുന്നവനായ ദൈവമേ, ഐശ്വര്യങ്ങളുടെ ആസ്വാദ്യതയ്ക്കായി, ആനന്ദത്തിനായി (വാജേഷു=) യുദ്ധത്തിൽ ഞങ്ങൾ അങ്ങയെ ഉപാസിക്കുന്നു.) ഇങ്ങിനെ എത്ര എത്ര?

കാടും പടലുമില്ലാത്ത ശുദ്ധ വേദാന്തത്തിൻെറ കമനീയമായ കലവറയാണല്ലോ ഉപനിഷത്സാഹിത്യം. അവിടെയും കാണാം യുദ്ധപ്രതിപാദകങ്ങളായ സൂക്തങ്ങളെത്രയെങ്കിലും.

"വീരാൻമനോരുദ്ര,
ഭാമിതോവധീഹവിഷ്മന്തഃ
സദംഇത്ത്വാഹ വിഷ്യാമഹെ."

ഇതു് ശ്വേതാശ്വതം എന്ന സർവ്വപ്രധാനമായ ഉപനിഷത്തിലെ ഒരു സൂക്തമാണു്. എന്താണിതിനർത്ഥം? "അസുരവിനാശകനായ ഭഗവാൻ, അങ്ങു് കോപംപൂണ്ടു് ഞങ്ങളുടെ വീരന്മാരായ സമരനേതാക്കളെ വധിച്ചുകളയരുതേ. (രക്ഷിച്ചുകൊള്ളേണമേ) ഈ അപേക്ഷയോടുകൂടി ഞങ്ങൾ നിന്നെ സദാ ഉപാസിച്ചുകൊള്ളുന്നു." വേദാന്തചിന്തയുടെ അന്തരീക്ഷത്തിലും ഇടവിടാ

തെ നടന്ന യുദ്ധത്തിൻെറ രേഖാപ്രമാണങ്ങൾ, ഇങ്ങനെ ഉപനിഷന്മണ്ഡലങ്ങളിൽ സുലഭമാണ്. ദൈവത്തോളമുയരത്തപ്പോഴും മനുഷ്യൻ മൃഗത്തിൻെറ ജ്യേഷ്ഠൻതന്നെയായിരുന്നു എന്നുള്ളതിൻെറ തെളിവുകളാണിവ.

ഉപനിഷത്തിൽനിന്നും നാം ഗീതയിലേക്കു കടക്കുക. ഇത്രയും വിശപ്രസിദ്ധിയും സമ്മതിയും ആജ്ജിച്ചിട്ടുള്ള ഒരു മതഗ്രന്ഥം വേറെ അധികമില്ല. യദുവംശശിഖാമണിയായ ദേവകീനന്ദനൻ കൃഷ്ണനെ ഹൈന്ദവരുടെ സവ്വാരാദ്ധ്യനായ ദൈവംവരെയാക്കുവാൻ യഥാത്ഥത്തിൽ വ്യാസമഹഷിക്കു കഴിഞ്ഞതു് ഭഗവദ്ഗീത മൂലമാകുന്നു. അന്നുവരെയുള്ള ഇന്ത്യയുടെ എല്ലാ തത്വശാസ്ത്രസിദ്ധാന്തങ്ങളുടെയും സമഞ്ജസ സമാഹാരമാണ് ഗീതാശാസ്ത്രം. ആ ശാസ്ത്രത്തിൻെറ ഗർഭഗൃഹംതന്നെ ഭയാനകമായ ഒരു യുദ്ധഭൂമിയാണ്. വേദവ്യാസനു്, ജ്ഞാനത്തെയോ, ഭക്തിയേയോ, സാംഖ്യത്തെയോ കമ്മത്തെയോ യോഗത്തേയോ പ്രതിപാദിക്കുന്നതുപോലെതന്നെ താല്പര്യവും ഉദ്ദേശംതന്നെയുമുണ്ടായിരുന്നു, ഗീത അവതരിപ്പിക്കുമ്പോൾ അതിലെ യുദ്ധപ്രതിപാദകങ്ങളായ അംശങ്ങൾ അസന്നിദ്ധമായി പ്രഖ്യാപനം ചെയ്യുന്നതിനു്. മഹത്തായ സംസ്കൃതഭാഷയിൽ സ്വാഭാവികമായി ചെയ്യാവുന്ന ഏതു കസത്തുപയോഗിച്ചു് വിദഗ്ദ്ധമായി വ്യാഖ്യാനിച്ചാലും ഭഗവദ്ഗീതയിലെ യുദ്ധപ്രചോദനം വെള്ളംചേരാത്ത യുദ്ധപ്രചോദനമായിത്തന്നെ ചൂടോടും എരിവോടും തലപൊന്തിച്ചു നില്ക്കുന്നു.

"ക്ലൈബ്യം മാസ്മ ഗമഃ പാർത്ഥ
നൈതത്ത്വയ്യുപപദ്യതെ.
ക്ഷുദ്രം ഹൃദയദൗർബല്യാ
ത്യക്തോത്തിഷ്ഠ, പരന്തപ!"

എന്നു തുടങ്ങി, യുദ്ധവിമുഖത, "അനാര്യജുഷ്ട"വും "അസ്വർഗ്യ"വും 'അകീർത്തികരവു'മാണെന്നു പറഞ്ഞുവയ്ക്കാൻവരെ ഇന്ത്യയുടെ ഋഷിയായ വ്യാസൻ മടിച്ചിട്ടില്ല. അദ്ധ്യായങ്ങൾക്കുശേഷം അതാവർത്തിച്ച് അരക്കിട്ടുറപ്പിച്ചു അദ്ദേഹം,

"തസ്മാത്ത്വമുത്തിഷ്ഠ, യശോലഭസ്വ
ജിത്വാശത്രൂൻ, ഭുങ്ക്ഷ്വരാജ്യം സമൃദ്ധം."

എന്ന്. അതിനാൽ നീയെഴുന്നേല്ക്ക്. യുദ്ധം ചെയ്യുക. യുദ്ധം ചെയ്തു യശസ്സു നേടുക. യുദ്ധം ചെയ്തു ശത്രുക്കളെ ജയിക്കുക. എന്നിട്ട് സമൃദ്ധമായ രാജ്യഭോഗങ്ങളനുഭവിക്കുക. ഇതൊക്കെയാണ് ആ ആഹ്വാനം. ഞാൻ വിചാരിക്കുന്നു വിശ്വസാഹിത്യത്തിൽ മറെറാരിടത്തും, ഒരാധ്യാത്മിക നേതാവാകട്ടെ ഭൗതികജേതാവാകട്ടെ, ഇത്ര ഉശിരുള്ള, ഊക്കേറിയ, ഉദാത്തമായ ഒരു യുദ്ധാഹ്വാനം ചെയ്തിരിക്കാൻ ഇടയില്ലെന്ന്.

ഇന്ത്യയുടെ അത്ഭുതകരമായ സംസ്കാരപാരമ്യത്തിൻെറ രണ്ട് ഐതിഹാസിക രേഖാപ്രമാണങ്ങളാണ് അനശ്വരഗ്രന്ഥങ്ങളായ രാമായണവും ഭാരതവും. (സുനിൽകുമാർ ചാററർജി മുതലായ ചരിത്രപണ്ഡിതന്മാർ പറയുന്ന ബി. സി. 3102—ലാണു ഭാരതയുദ്ധം നടന്ന

തെന്നു്. അന്നാണല്ലോ ഗീതോപദേശവും നൂററിയാററ വയസ്സുവരെ ജീവിച്ചിരുന്നു എന്നു കണക്കാക്കപ്പെടാവുന്ന കൃഷ്ണൻെറ 71–ാം വയസ്സിലാണു് വ്യാസൻ ഗീത ഉപദേശിപ്പിക്കുന്നതു് എന്ന ചരിത്രനിഗമനം എത്ര കൗതുകകരമായിരിക്കുന്നു എന്നു് മധ്യേ ഒന്നാലോചിക്കു) ഈ രാമായണഭാരതങ്ങൾ എന്താണു്:—'യുദ്ധസാഹിത്യമല്ലാതെ? രാമരാവണാദികളും, പാണ്ഡവകൗരവാദികളും തമ്മിലുണ്ടായ അത്യുഗ്രവും ദുരന്തവുമായ യുദ്ധങ്ങളാണു് ആ വിശ്വസാഹിത്യഗ്രന്ഥങ്ങളിലെ പ്രതിപാദ്യങ്ങൾ. ചരിത്രപരമായ അവസാനത്തെ വിശകലനത്തിൽ, ആദികവിയുടെ രാമായണത്തിൻെറ ഉള്ളടക്കം, ശൈവവൈഷ്ണവ സംഘട്ടനമാണെന്നു തോന്നുന്നു—രണ്ടു സംസ്കാരങ്ങളുടെ സായുധസമരം. വ്യാസമഹർഷിയുടെ ഭാരതത്തിൻെറ ഉള്ളടക്കമാകട്ടെ, രാജ്യാവകാശത്തിനുവേണ്ടിയുള്ള, ഒരു സഹോദരപ്പോരാട്ടം. രണ്ടും യുദ്ധംതന്നെ. ആയുധമെടുത്തുള്ള, രക്തപ്പുഴ ഒഴുക്കിയുള്ള ഒടുങ്ങാത്ത യുദ്ധം. എന്നല്ല, ഹൈന്ദവരുടെ പ്രസിദ്ധങ്ങളായ എല്ലാ അവതാരകഥകളും യുദ്ധത്തെ സാധൂകരിക്കുന്നവയാണു്.

പുതിയ യുഗത്തിൻെറ പുറവിയായി, ബുദ്ധൻെറയും ക്രിസ്തുവിൻെറയും മഹമ്മദു നബിയുടെയും കാലമെത്തി. യുഗങ്ങളോളം നീളമുള്ളതും ഊക്കേറിയ ഒഴുക്കുള്ളതുമായ രക്തപ്പുഴയ്ക്കു് എതിരേ നീന്തുവാൻ ചങ്കോലും കിരീവും ദൂരെ വലിച്ചെറിഞ്ഞുകൊണ്ടു് 'ലങ്കോട്ടി' ഉടുത്തു് തഥാഗതൻ തയ്യാറായി. അപാര പരാക്രമിയായിരുന്ന 'ചണ്ഡാശോകിനെ'പ്പോലും, അഹിംസാവ്രതനിഷ്ഠനാ

യ 'ധമ്മാശോക'നാക്കാൻ അഖിലബാന്ധവനായ ബുദ്ധ ദേവനു കഴിഞ്ഞു. പില്ക്കാലമോ, അദ്ദേഹത്തിൻെറ മതം വിശ്വസിക്കുന്നവർ അദ്ദേഹത്തിൻെറ എല്ലിനും പല്ലിനുംവേണ്ടി പോരിതിരിഞ്ഞുനിന്നു ചോരപ്പുഴകളൊഴുക്കി. പിന്നെയും കാലങ്ങൾ കഴിഞ്ഞപ്പോൾ, അതേ മതവിശ്വാസികളടങ്ങിയ ഒരു സാമ്രാജ്യം, ഇതര രാഷ്ട്രങ്ങളെത്തന്നെ ഒന്നടങ്കം കൊന്നു ചോരകുടിക്കാനും മാംസം തിന്നാനും തക്കവണ്ണം, മനുഷ്യൻെറ അനുജന്മാരായ സാക്ഷാൽ മൃഗങ്ങളുടേതായി ബീഭത്സരൂപം പൂണ്ടു. ക്രിസ്തുദേവനാകട്ടെ, ഹിംസ്രാജ്ഞധിലമായ ഒരു സാമ്രാജ്യത്തോട്ട് ഏകനായി നിന്നു പടപൊരുതി. ആയുധമില്ലാതെ യഹൂദരാഷ്ട്രാധികാരത്തിൻെറ ഹിംസാശക്തി—യുദ്ധസിദ്ധാന്തം ആ യുദ്ധവിരോധിയെ മരക്കുരിശിൽ മനുഷ്യത്വത്തിൻെറ ലേശംപോലുമില്ലാതെ ഇരുമ്പാണി അടിച്ചു തറച്ചുനിറുത്തി ഇഞ്ചിഞ്ചായി പിടപ്പിച്ചുകൊന്നു. മനുഷ്യൻെറ അനുജന്മാരായ മൃഗങ്ങളുടെ സങ്കേതമായിരുന്ന അറേബ്യയിൽ മഹമ്മദുനബിയെ മനുഷ്യരെ സൃഷ്ടിക്കുവാൻ ചെയ്ത ധീരസാഹസിക യത്നത്തിൽ, യുദ്ധക്കൊതിയന്മാർ മക്കത്തുനിന്നും മദീന വരെ ഓടിക്കുകയുണ്ടായി.

അന്നും ഇന്നും യുദ്ധഭീഷണി ലോകമെങ്ങും മാറ്റൊലിക്കൊള്ളുകയാണ്. 3000 വഷങ്ങൾക്കുശേഷം യുദ്ധം നിമ്മാജ്ജനം ചെയ്യുവാൻ ഭൂമുഖത്തു് ആദ്യമായി അഹിംസായുധമെടുത്തതു് ഇന്ത്യയിലെ മഹാത്മാഗാന്ധിയായിരുന്നു. അദ്ദേഹത്തിൻെറ ശബ്ദം ഇന്ത്യയുടെ ശബ്ദമായിരുന്നു. അഹിംസാവാദിയായ ക്രിസ്തുവിന്റെ കുരി

ശടയാളം സിംഹാസനത്തിലും പൊൻകിരീടത്തിലും ധരിച്ച ബ്രിട്ടീഷ് രാജശക്തി ഗാന്ധിജിയോടും ഇന്ത്യയോടും അന്നു സംസാരിച്ചതു്, ആയുധങ്ങളുടെ സംഘട്ടനധ്വനിയുടെ ശ്രുതിയിൽ യുദ്ധത്തിൻെറ ഭാഷയിലായിരുന്നു. പക്ഷെ, ഹിംസ തോററു. അഹിംസ ജയിച്ചു. അപ്പോഴും യുദ്ധം ഭൂമുഖത്തുനിന്നും മാഞ്ഞുവോ? യുദ്ധം അനാവശ്യവും, മനുഷ്യസംസ്കാരത്തിനു ആപല്ക്കരവുമാണെന്നു ദൃഢസ്വരത്തിൽ പറഞ്ഞ തത്വചിന്തകനും മനുഷ്യസ്നേഹിയുമായ ബെട്രൻറു് റസ്സലിനെ, വയസ്സുകാലത്തു് അ കുററത്തിന്മേൽ കൈവിലങ്ങുവച്ചു് ലണ്ടൻ തെരുവുകളിൽ നടത്തിയതു് സമാധാനത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ക്രിസ്തുവിൻെറ അനുഗാമികളായി അഭിനയിച്ചവരായിരുന്നു! രണ്ടായിരം വർഷം മുമ്പു് 'ഗോൽഗോത്താ'യിൽവച്ചു ക്രിസ്തുവിനെ ക്രൂശിക്കാനും 'ബാറബാസി'നെ വിട്ടയക്കാനും ബഹളംകൂട്ടിയവരെയാണു് ഇന്നു നാം പരിഷ്കൃതങ്ങളായ യൂറോപ്പിലെയും അമേരിക്കയിലെയുമൊക്കെ മനോഹരവീഥികളിലും മഹോന്നത സൗധങ്ങളിലും കാണുന്നതെന്നർത്ഥം. ഏററവും പുതിയ ഒരു കണക്കനുസരിച്ചു് ഐക്യരാഷ്ട്ര സംഘടന, മണിക്കൂറിൽ 140 ലക്ഷം ഡോളറാണു് ചിലവിടുന്നതു്, ആയുധസജ്ജീകരണങ്ങൾക്കു്. മംഗോളിയയിലെ തൈമൂറിൽനിന്നും, മെസപ്പൊട്ടേമിയായിലെ ചെങ്കിസ്ഖാനിൽനിന്നും, ഗ്രീസിലെ അലക്സാണ്ടറിൽനിന്നും, ഫ്രാൻസിലെ നെപ്പോളിയനിൽനിന്നും, ജർമ്മനിയിലെ ഹിററ്ലറിൽനിന്നും, ഇററലിയിലെ മുസ്സോളിനിയിൽനിന്നും, ആധുനികലോകം യുദ്ധത്തെ സംബന്ധിച്ചിടത്തോളം അധികമൊന്നും അകലത്തിലല്ല.

ആത്യന്തികമായ ഒരാപദ്ധർമ്മമെന്ന നിലയിൽ മഹാത്മാഗാന്ധി എന്ന അഹിംസയുടെ അവതാരമൂർത്തിയെക്കൊണ്ടുപോലും ലോകത്തിൻെറ യുദ്ധാസക്തി ഇങ്ങനെ പറയിച്ചു:— "ഒരു വർഗ്ഗം മുഴുവൻ നിർവ്വീര്യമായിത്തീരുന്നതിനേക്കാൾ ഞാൻ ആയിരം പ്രാവശ്യം ഹിംസയിണിഷ്ടപ്പെടുക" എന്നു്. രാഷ്ട്രീയത്തിന്റെ മററു മാർഗ്ഗങ്ങളിലുള്ള തുടർച്ച മാത്രമാണു് യുദ്ധം......രാഷ്ട്രീയാധികാരം തോക്കിൻകുഴലിൽക്കൂടിയാണു വളരുന്നതു് ......തോക്കു് കയ്യിലുണ്ടെങ്കിൽ നമുക്കു് നേതൃനിരയെ വാർത്തെടുക്കാം. സമ്പ്രദായങ്ങളും സംസ്കാരങ്ങളും സൃഷ്ടിക്കാം. ബഹുജനപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യാം"— എന്ന മാവോസേതുങ്ങിന്റെ വിശ്വാസപ്രമാണത്തിൻെറ മറുപടിയെന്നോണം സമാധാനത്തിന്റെ അപ്പോസ്തലനായ മഹാത്മാഗാന്ധി, മററു രണ്ടു സന്ദർഭങ്ങളിൽ സംശയലേശമെന്യേ പറഞ്ഞു. (1) "ഇന്ത്യ ഭീരുത്വത്തിന്റെ സ്വന്തം അപമാനത്തിന്റെ ഒരു നിസ്സഹായ സാക്ഷിയായിത്തീരുന്നതിനേക്കാൾ സ്വന്തം അഭിമാനം കാത്തുരക്ഷിക്കാൻ ആയുധമെടുക്കുന്നതിനെയാണു് ഞാൻ ഇഷ്ടപ്പെടുന്നതു്." (2) "ഞാൻ സമാധാനത്തിൽ വിശ്വസിക്കുന്നു. പക്ഷെ, എന്തു വിലയും നല്കി നേടുന്ന സമാധാനം എനിക്കാവശ്യമില്ല. ശിലയിൽ കാണുന്ന ശാന്തിയല്ല എനിക്കാവശ്യം. ശവകുടീരങ്ങളിൽ നിഴലിക്കുന്ന ശാന്തിയുമല്ല. ഒന്നുകിൽ ഭീരുത്വം; അല്ലെങ്കിൽ ഹിംസ എന്ന നില വന്നുചേരുന്നപക്ഷം ഞാനുപദേശിക്കുന്നതു് ഹിംസയായിരിക്കും." അഹിംസയും ശാന്തിയും സമാധാനവുമൊക്കെ ദുർബ്ബലതയുടെ ലക്ഷണങ്ങളായി മാത്രം കരുതി കണ്ണടച്ചുകൊണ്ടു് ഇതരൻ

കടന്നാക്രമണത്തിനു വരുമ്പോൾ, മനുഷ്യനിലെ മൃഗത്തെ തട്ടിയുണർത്തുകയും അവന്റെ സൈസ്ഗികപ്രകൃതിയെ ഊതിവീർപ്പിക്കയും ചെയ്യേണ്ടതു് ആധുനികയുഗത്തിന്റെ ഒരാവശ്യമാണെന്നു ഗാന്ധിജിക്കു ബോദ്ധ്യമുണ്ടായിരുന്നു. ലോകസമാധാനത്തിനു് നോബൽസമ്മാനം മേടിച്ച ഇന്ത്യയുടെ കവിയും ഈ വിഷയത്തിൽ ബോധവാനായിരുന്നു. അദ്ദേഹം പറയുന്നു:— "അങ്ങയിൽ നിന്നും ഞാൻ സമാധാനം ആവശ്യപ്പെട്ടു; അപമാനം മാത്രം കണ്ടെത്തുവാൻ. ഞാൻ ഇപ്പോൾ അങ്ങയുടെ മുമ്പിൽ നില്ക്കുന്നു. എൻെറ പടച്ചട്ട അണിയുവാൻ എന്നെ സഹായിക്കുക." ടാഗൂറിൻെറ ഈ വരികളിൽ, ജന്മസിദ്ധമായ മനുഷ്യൻെറ യുദ്ധവാസന, എല്ലാ സമാധാനശ്രമത്തിൻെറയും പരാജയത്തിൽ, വിജയത്തിനുള്ള നിശിതായുധമായി പ്രഖ്യാപിച്ചിരിക്കുന്നു.

ഇന്ത്യയുടെ ഈ അഭിപ്രായത്തിൻെറ പ്രതിധ്വനിയാണു് ലോകസമാധാനത്തിൻെറ വക്താവായിരുന്ന ജവഹർലാൽ നെഹ്റുവിൽകൂടി ഇന്ത്യയുടെ പാർലമെന്റു് ഒരു വീരശപഥമായി മുഴക്കിയതു്:—

"സമരം എത്രതന്നെ നീണ്ടുനിന്നാലും എത്രതന്നെ കഠിനമായിരുന്നാലും ശരി, ഇന്ത്യയുടെ പുണ്യഭൂമിയിൽ നിന്നു് ആക്രമണകാരിയെ തുരത്താനുള്ള ഇന്ത്യൻ ജനതയുടെ ഉറച്ച ശപഥത്തെ ഈ സഭ, പ്രത്യാശയോടെയും ആവർത്തിച്ചു പ്രഖ്യാപിക്കുന്നു." (1962 നവംബറിൽ ഇന്ത്യൻ പാർലമെന്റു പാസ്സാക്കിയ പ്രമേയത്തിൽ നിന്നു്.)

യുദ്ധം ഒരു പാപമല്ലെന്നും, നേരെമറിച്ച് അവശ്യം ആവശ്യമായ സന്ദർഭങ്ങളിൽ അതു് ഒരു പുണ്യം കൂടിയാണെന്നും ഭാരതീയർ പുരാതനകാലത്തും ഇന്നും വിശ്വസിക്കുന്നു. പ്രാകൃതനായ മനുഷ്യൻ മൃഗത്തിൽ നിന്നും വളർന്നു് ദൈവത്തിൻെറ സ്വന്തം അനുജനായപ്പോഴും അവൻെറ സൃഷ്ടിയുടെ ഘടകങ്ങളിലൊന്നായ യുദ്ധാഭിവാഞ്ഛയും വളർന്നുകൊണ്ടിരുന്നു. ശിലായുധങ്ങളുടെ സ്ഥാനത്തു് അണുവായുധങ്ങളായി എന്ന വ്യത്യാസംമാത്രം. അതുകൊണ്ടു് പ്രസിദ്ധനായ 'ക്രോംബൽ' പറഞ്ഞ ഒരു ചെറിയ വാക്യം നാം എപ്പോഴും ഉരുവിട്ടുകൊള്ളുകതന്നെ. "ദൈവത്തിൽ നാം പൂർണ്ണമായി വിശ്വസിക്കുക, അപ്പോഴും കരിമരുന്നു് തണുത്തുപോകാതെ ഉണക്കി സൂക്ഷിച്ചുകൊള്ളുകയും വേണം."

# ഗാനരചന മലയാളത്തിൽ—അന്നും ഇന്നും

## പൂർവ്വരംഗം

ആഴവും പരപ്പുമുള്ള സാഹിത്യസമ്പത്തോടുകൂടിയ ഇന്നത്തെ ലോകഭാഷകൾക്കെല്ലാംതന്നെ അവയുടെ ആദിമദശയിൽ വികലമായ ഒരു പ്രാകൃതരൂപമുണ്ടായിരുന്നു. ഭാഷാശാസ്ത്രപണ്ഡിതന്മാർക്കു മാത്രമല്ല, എല്ലാവർക്കുംതന്നെ ഇതറിയാം. മലയാളത്തിൻെറ സ്ഥിതിയും ഇതിൽനിന്നും ഒട്ടും വിഭിന്നമല്ല. ഒരു നാനൂറു് വർഷം മുമ്പുള്ള കേരളത്തിൻെറ ഭാഷ കേട്ടാൽ ഇന്നു നമുക്കു മനസ്സിലാവുകയില്ല. ശതവർഷങ്ങളായുള്ള സംസ്കാരങ്ങളുടെ സോപാനങ്ങളിൽക്കൂടിയാണു് കൈരളി ഇന്നത്തെ നിലയിൽ എത്തിയതു്.

ഏതു ഭാഷയുടെയും പ്രാകൃതദശയിലെന്നപോലെ മലയാണ്മയുടെ പ്രാകൃതദശയും ഗാനാത്മകമായിരുന്നു. ജനതയുടെ അപരിഷ്കൃതമായ വനേചരകാലത്തു് വേട്ടയാടിപ്പിടിച്ച കാട്ടുമൃഗത്തിൻെറ മാംസം ചുട്ടും വേവിച്ചും തിന്നു് വട്ടമിട്ടിരുന്നു് പാടുകയും തുള്ളുകയും ചെയ്ത നമ്മുടെ പ്രാകൃതരായ പൂർവ്വികന്മാരെ നാമൊന്നു കാണണം. ആനന്ദത്തിൻെറ അലകളുണ്ടായിരുന്നു ആ

പ്രാകൃത ഗാനങ്ങളിലും തുള്ളലുകളിലും. അവതന്നെ യാണ്, ഇന്നു നാനാമുഖമായി വികസിച്ച് വിശാ വിസ്മയം വളർത്തുന്ന സംഗീത നൃത്തനൃത്യനാട്യങ്ങളുടെ ഗർഭഗേഹം. പരിവർത്തനോന്മുഖമായ കാലം, നൂററാണ്ടു കളിലൂടെ അനവരതം അവയിൽ സംസ്കാരപ്രക്രിയ നട ത്തിക്കൊണ്ടിരുന്നു. അച്ചടിയും പ്രസിദ്ധീകരണ സൗക ര്യങ്ങളുമില്ലാതിരുന്ന അന്ധകാരത്തിൻെറ കാലങ്ങളിൽ നിന്നു് കാതുകളിൽക്കൂടി കാതുകളിലേക്കും, ഓർമ്മകളിൽ കൂടി ഓർമ്മകളിലേക്കും കടന്നുകടന്നു് ആ മനോഹര ഗാ നങ്ങൾ ഉയിർക്കൊണ്ടുപോന്നു. ഈ വെളിച്ചത്തിൻെറ കാലത്തും അവയുടെ അവശിഷ്ടങ്ങൾ നമ്മെ അത്ഭുതാ ധീനരാക്കി രോമാഞ്ചമണിയിക്കുന്നു.

നമ്മുടെ സ്മരണയുടെ ദുർബ്ബലഹസ്തങ്ങൾക്കു പിടി കിട്ടുന്നിടത്തോളം, നാടോടിപ്പാട്ടുകളെന്നറിയപ്പെടുന്ന തുണ്ടുകളും മുറികളും എത്ര ഹൃദയാവർജ്ജകങ്ങളാണു്! ബ്രാഹ്മണിപ്പാട്ടു്, പുള്ളുവൻ പാട്ടു്, തോററംപാട്ടു്, മാപ്പിളപ്പാട്ടു്, നപ്പം പാട്ടു്, പൂരം പാട്ടു്, കുറത്തി പ്പാട്ടു്, കൈകൊട്ടിക്കളിപ്പാട്ടു്, മുതലായി എത്ര എത്ര വകഭേദങ്ങൾ മാഞ്ഞും മറഞ്ഞുംകൊണ്ടിരിക്കുന്നു? അപ ഗ്രഥിച്ചാൽ അവയിലൊക്കെ ഓളംവെട്ടുന്ന സാഹിത്യ സൗന്ദര്യം കാണാം. തിരുവാതിരപ്പാട്ടുകളും, അമ്മാന പ്പാട്ടുകളും, കുമ്മിയടിപ്പാട്ടുകളുമൊക്കെ ആ പ്രാചീനങ്ങ ളായ പ്രാകൃതഗാനങ്ങളുടെ പരിഷ്കരിച്ച പതിപ്പുക ളാണു്.

കേരളത്തിലെ പ്രാചീന കലാരൂപങ്ങളിലൊന്നാ

യ ചാക്യാർക്കൂത്തിൽ ഗാനങ്ങളില്ല; ശ്ലോകങ്ങളാണു്. പക്ഷെ നിശ്ചിതമായ രാഗതാളവൈചിത്ര്യമൊന്നുമില്ലെങ്കിൽക്കൂടി, സംഭാഷണത്തിന്നധിഷ്ഠാനങ്ങളായ ശ്ലോകങ്ങൾ ഏകതാനമായ ഒരു നീണ്ട 'ഈണ'ത്തിൽ സംഗീതാത്മകതയോടെയാണു് ആലപിക്കുക. കൂടെ മൃദംഗത്തിൻെറ സ്ഥാനത്തു് ഭീമാകാരമായ ആ മിഴാവിന്റെ മന്ദ്രധ്വനിയും. പക്ഷെ കഥകളി—രാമനാട്ടവും കൃഷ്ണനാട്ടവും—വന്നതോടെ കൈരളി ഒരു ഗാനമണ്ഡലംതന്നെ ഉദ്ഘാടനംചെയ്തു. ക്ലുപ്തങ്ങളായ രാഗതാളങ്ങളും കാലപ്രമാണവും ആ ഗാനമണ്ഡലത്തിന്നു് ശാസ്ത്രീയതയും നവചൈതന്യവുമേകി. കഥകളിയിൽനിന്നും അടർത്തിയെടുത്ത 'പദ'ങ്ങൾ പാടി രസിക്കുന്നതിൽ കേരളീയക്കു് ഒരു പ്രത്യേക താല്പര്യംതന്നെയുണ്ടായ ഒരു കാലഘട്ടമായിരുന്നു അതു്. സംഗീത സാഹിത്യ സാമ്രാട്ടായിരുന്ന ജയദേവ കവിയുടെ സുപ്രസിദ്ധമായ ഗീതാഗോവിന്ദത്തിലെ 'മധുരകോമളകാന്തപദാവലി' പൂണ്ടങ്ങളായ ഗാനങ്ങളെ അനുകരിച്ച കഥകളിപ്പദങ്ങൾ കെട്ടിലും മട്ടിലും കേരളീയ ഹൃദയങ്ങളെ ആഹ്ലാദം കൊള്ളിച്ചതു് സ്വാഭാവികംമാത്രമായിരുന്നു.

കമനീയമായ കഥകളിയുടെ കാലഘട്ടം കേരളത്തിലെ ഗാനപ്രപഞ്ചത്തിന്നു ചെയ്ത അമൂല്യവും അപ്രതിമവുമായ ഒരു സംഭാവനയായിരുന്നു സംഗീതസാഹിത്യകുശലനായ ഇരയിമ്മൻതമ്പിയെന്നു പ്രത്യേകം എടുത്തുപറയേണ്ടതുണ്ടു്. വ്യവച്ഛേദിച്ചു പറഞ്ഞാൽ സംഗീതത്തിൻെറ ആ വസന്തോത്സവത്തിലൊരു പുംസ്കോകാലമായിരുന്നു ഇരയിമ്മൻ തമ്പി. ആ അനുഗൃഹീത

കവിയുടെ ഇതര കൃതികളേക്കാൾ അദ്ദേഹത്തിന്റെ ഗാനകൃതികൾ ആത്മസംതൃപ്തകങ്ങളും ഗൃഹാഗൃഹാന്തരങ്ങളിൽ പ്രചുരപ്രചാരമുള്ളവയുമായിത്തീൻ. അതിന്നു കാരണവുമുണ്ടായിരുന്നു. കരളിൽ കുളിർകോരിയിടുന്ന ലളിതകോമളങ്ങളായ പദാവലിയുടെ ഓരോ നിരർഗ്ഗളപ്രവാഹമായിരുന്നു തമ്പിയുടെ ഓരോ പാട്ടിലും അവയുടെ ഓരോ വരിയിലും കണ്ടിരുന്നതു്; അതു് ഒരു കാരണം. മറെറാന്നു്, ഹൃദയത്തെ ഇക്കിളിയിടുന്ന ശൃംഗാരമായിരുന്നു അദ്ദേഹത്തിന്റെ ഒററപ്പാട്ടുകളുടെ വിഷയം. അന്നോളം വളൎന്നുവന്ന കേരളീയ സാഹിത്യത്തിന്റെ പരിചയം, കവിതയുടെ ബാഹ്യമായ രചനാസൗന്ദൎയ്യവും, അന്തഃഭവമായ ശൃംഗാരരസവും ആസ്വാദിച്ചു സംതൃപ്തിയടയുവാൻ ജനങ്ങളെ സജ്ജമാക്കിയിരുന്ന കാലവുമായിരുന്നു അതു്. ഏതു കാഴ്ചപ്പാടിൽക്കൂടി നോക്കിയാലും ഇരയിമ്മൻ തമ്പിയുടെ ഗാനഗന്ധൎവ്വത്വം കേരളീയ സംഗീതവേദിക്കു് അമൂല്യമായ പല സംഭാവനകളും ചെയ്തു. "പ്രാണനാഥനെനിക്കു നൽകിയ", "എന്തോഴീ ഗുണശാലിനീ, കാന്തനോടെന്റെ", "വരുമെന്നെല്ലോ, സഖി നീ ചൊല്ലി" ഇത്യാദി വിപ്രലംഭ ശൃംഗാരസുന്ദരങ്ങളും ശ്രവണമധുരങ്ങളുമായ ഗാനങ്ങളുടെ ധാരവാഹിയായ ആസ്വാദനവിഭൂതി അവിസ്മരത്തവ്യംതന്നെയാണു്.

കേരളത്തിൽ നിന്നുകൊണ്ടു് ഏതു രാജ്യത്തെ ഗാനരചനയെക്കുറിച്ചു ചിന്തിക്കുമ്പോഴും ആദ്യമായും അവസാനമായും ഭക്ത്യാദരങ്ങളോടുകൂടി ചിന്തിക്കേണ്ട ഒരു ദിവ്യനാമമുണ്ടു്: സ്വാതിതിരുനാൾ! പാണ്ഡിത്യവും

കലാവാസനയും കൈകോർത്തു പിടിച്ചു നൃത്തംവെയ്ക്കുന്ന ഒരനശ്വരാനന്ദവേദിയാണു് സ്വാതിതിരുനാളിൻെറ സംഗീതകലാമേഖല. തമിഴ്നാട്ടിൽ ത്യാഗരാജ സ്വാമികൾ എന്തുചെയ്തുവോ, അതുതന്നെ കേരളത്തിൽ ചെയ്തു് ദക്ഷിണഭാരത സംഗീതഭണ്ഡാരത്തിന്നു മുതൽക്കൂട്ടുണ്ടാക്കിയ അനശ്വര നാമാവാണു് സ്വാതിതിരുനാൾ. തെലുങ്കും സംസ്കൃതവുമായിരുന്നു ത്യാഗരാജൻ സംഗീരചനയ്ക്കുപയോഗിച്ചിരുന്നതെങ്കിൽ മലയാളവും സംസ്കൃതവുമാണു് സ്വാതിതിരുനാൾ ഉപയോഗിച്ചതു്. കർണ്ണാടകസംഗീതത്തിൻെറ ഒരു നവോത്ഥാനചൈതന്യമായിരുന്നു ആ കലാവതാരം. രാഗങ്ങൾ ഉപയോഗിച്ചു കീർത്തനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞവർ പലരുമുണ്ടു്. എന്നാൽ കീർത്തനങ്ങൾ രചിച്ചു് രാഗഭാവങ്ങൾക്കു ജീവചൈതന്യം നൽകുവാനുള്ള കഴിവാണു സ്വാതിതിരുനാളിനുണ്ടായിരുന്നതു്. കേവലം ഭക്തിമയമായിരുന്നു അദ്ദേഹത്തിൻെറ ഗാനസാമ്രാജ്യം. അദ്ദേഹത്തിൻെറ ഏതു ഗാനത്തിലും അഭൗമമായ അദ്ദേഹത്തിൻെറ സംഗീതസാഹിത്യസവ്യസാചിത്വത്തിൻെറ വ്യക്തമായ വ്യക്തിമുദ്ര കാണാം. ഒരു സ്വാതിതിരുനാൾ ഗാനമെങ്കിലും പാടാത്ത ഗായകൻ ഗായകനല്ലെന്ന കാലത്തോളം ആ ഗാനരചനാപാടവം ഇന്നു വികസ്വരമായി നില്ക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ രാജാക്കന്മാരിൽ കവിയും കവികളിൽ രാജാവുമായ സ്വാതിതിരുനാളിൻെറ ഗാനരചനാപാടവം കേരളത്തിന്നു് അഭിമാനജനകമാണു്.

ശൃംഗാരത്തിൻെറ കാലഘട്ടത്തിലേക്കാൾ മലയാ

ളത്തിലെ ഗാനരചനാരാമം താരും തളിരുമണിഞ്ഞതു് ഭക്തികാലഘട്ടത്തിലായിരുന്നു. എഴുത്തച്ഛനും പൂന്താനവും സ്വാതിതിരുനാളുമൊക്കെയാവാം അതിനു് അന്തഃപ്രചോദനം നല്കിയതു്. കേരളത്തിന്റെ നാനാഭാഗങ്ങളിൽ ഭജനഗാനങ്ങളെഴുതുന്നവർ പ്രത്യക്ഷപ്പെട്ടു. സാഹിത്യവുമായി വളരെയൊന്നും ബന്ധമില്ലാത്തവരും കൂടി ഭജനഗാനരചനയിലേർപ്പെട്ടു. കർണ്ണാടക സംഗീതത്തിന്റെ തേഞ്ഞുമാഞ്ഞ ചാലുകളിൽക്കൂടി ഒട്ടധികം ഗാനങ്ങൾ ആ ദശാസന്ധിയിൽ ഒഴുകി. പേരെടുത്തു പറയാവുന്ന പ്രമുഖന്മാരായ ചില കവികളും ആ ഒഴുക്കിനനുസരിച്ചു നീന്താൻ ഔൽസുക്യം കാണിക്കയുണ്ടായി. സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ, മഹാകവി കുട്ടമത്തു്, കരയംവട്ടത്തു് സുകുമാരപിള്ള, ശീവേലിക്കര കുഞ്ഞിരാമൻ വൈദ്യർ മുതലായ ഗാനരചയിതാക്കൾ ആ ഗണനപ്പട്ടികയുടെ മുൻപന്തിയിൽ പെടുന്നു.

അപ്പോഴേക്കും മലയാളത്തിൽ നാടകങ്ങളുടെ കാലമായി. കെ. സി. കേശവപിള്ള, ടി. സി. അച്ചുതമേനോൻ തുടങ്ങിയവരുടെ നാടകങ്ങളിലെ ഗാനരചന ഇവിടെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ടു്. സംഗീതത്തിന്റെയും സാഹിത്യത്തിന്റെയും സമഞ്ജസസമ്മേളനംകൊണ്ടു് ഏതു ഭാഷയിലെ ഗാനകൃതികളേയും അതിശയിക്കാൻപോരുന്ന നിരവധി ഗാനതല്ലജങ്ങളുടെ കർത്താക്കന്മാരാണു് കെ. സി.യും ടി. സി.യുമൊക്കെ എന്നതു് വിസ്മരിക്കാവുന്നതല്ല. അർത്ഥപുഷ്ടികൊണ്ടും ശബ്ദഭംഗികൊണ്ടും സംഗീതസാന്ദ്രതകൊണ്ടും അത്യ

ത്തമങ്ങളെന്നു വിശേഷിപ്പിക്കാവുന്ന അനവധി ഗാന ങ്ങൾ അവരുടെ നാടകങ്ങളിൽനിന്നും പ്രത്യേകം തിര ഞ്ഞെടുക്കാൻ കഴിയും. മലയാളത്തിലെ ഗാനരചനാ പ്രസ്ഥാനത്തിനു് അവർ ചെയ്തിട്ടുള്ള സംഭാവനകൾ അനർഘങ്ങളും അനുകരണീയങ്ങളുംകൂടിയാണെന്നു പറ യേണ്ടിയിരിക്കുന്നു.

## പുതിയ രംഗം

മലയാളത്തിലെ ഗാനരചനാപ്രസ്ഥാനം അപ്പോ ഴേക്കും തികച്ചും പുതിയ ഒരു രംഗത്തിലേക്കു പ്രവേശി ച്ചുകഴിഞ്ഞിരിക്കുന്നു. പുതിയ നാടകങ്ങളുടെയും സിനി മയുടെയും പുതുയുഗപ്പിറവിയെപ്പററിയാണീപ്പറഞ്ഞുവ ച്ചതു്. അതിനിടയ്ക്കു് മറെറാരു കാര്യം പറഞ്ഞുകൊ ള്ളട്ടെ.

ഇന്നത്തെ മലയാളഭാഷയ്ക്കു് തമിഴ് ഭാഷയോടുള്ള തിനേക്കാൾ കൂടുതൽ ബന്ധം സംസ്കൃതഭാഷയോടാ ണു്. ശതമാനക്കണക്കിൽ സംസ്കൃതപദങ്ങൾ മലയാ ളഭാഷയിൽ മുന്തിനില്ക്കുന്നു. അവയുടെ പ്രയോഗത്തി ലുള്ള നിയമവ്യവസ്ഥകൾ, സംസ്കൃത ശബ്ദങ്ങളുടെ കുലീനഗൗരവം, അവയുടെ പഴക്കമില്ലായ്മ എന്നീ ദുർഘ ടങ്ങൾ സംസ്കൃതഭാഷാബാഹുല്യമായ ഇന്നത്തെ മലയാ ളത്തിനു്, സരളലളിതമായ സംഗീതഭൂമിയിലേക്കു നിർ ബാധം കടന്നുചെല്ലുവാൻ പ്രതിബന്ധമായുണ്ടു്. ഹി ന്ദിയുടെയും തമിഴിന്റേയും സ്വാഭാവികങ്ങളായ പദ സംയോഗസൗന്ദര്യം—ശാസ്ത്രീയഭാഷയിൽ പറഞ്ഞാൽ

* ശയ്യാഗുണം—സംസ്കൃപദ ഭൂരിപക്ഷമുള്ള മലയാളത്തിന്നു വളരെ വിരളമാണു്. വിശേഷിച്ചു തമിഴിന്റെ ലളിതസൗന്ദര്യം സംഗീതരചനയ്ക്കു് വളരെ അനുഗുണമാണെന്നു പറയണം. ഉന്തിയും മുഴച്ചും നില്ക്കുന്ന സംസ്കൃതപദങ്ങളെ പട്ടം തേച്ചുമിനുക്കി തരംതിരിഞ്ഞെടുക്കുക എന്നതു് ഒരു ഗാനരചയിതാവിനെ സംബന്ധിച്ചിടത്തോളം വളരെ വിഷമമുള്ള ഒരു കാര്യമാകുന്നു. അതുകൊണ്ടു് പഴയ മലയാളത്തിൻെറ മൃദുലപദങ്ങൾ തപ്പിപ്പെറുക്കി പാട്ടുകളുണ്ടാക്കാമെന്നുവച്ചാൽ അതു് കേവലം അസാധ്യവും. ഇതു് ഇന്നത്തെ മലയാളത്തിലെ പാട്ടെഴുത്തുകാരെ അഭിമുഖീകരിക്കുന്നതും എന്നാൽ അവരിൽ അധികംപേരും അറിഞ്ഞിട്ടില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നതുമായ ഒരു വസ്തുതയാണു്. ഒരു ചെറിയ ഉദാഹരണംകൊണ്ടിതു വ്യക്തമാക്കാം. "പുണ്ണിയക്കൈറാട്ടിനാലെയ് നൃത്ത നൂലൈകൊണ്ടു്" ഇതു് പഴയ ഒരു തമിഴ് ദേശീയഗാനത്തിൻെറ ഒരടിയാണു്. ഇതിലെ "നൂലൈ" "റാട്ടിനാലെ" ഇവയിലെ "ഐ" എന്ന അന്ത്യസ്വരവും "കൊണ്ടു്" എന്നതിലെ "ഉ്" എന്ന അന്ത്യസ്വരവും ശ്രുതിയോടു ചേന്നു ലയിക്കുവാൻ പററിയ വിധത്തിലുള്ളതാണു്. ഈ അടികൾതന്നെ മലയാളത്തിൻെറ മട്ടിൽ പാടിയാലാകട്ടെ, "നൂലുകൊണ്ടു്......" എന്നായിരിക്കും. "ഐ"യുടെ

---

* "യാപദാനാം
പരാന്യോന്യ
മൈത്രീ ശയ്യേതി
കഥ്യതെ."

സ്ഥാനത്തു് "ഉ"വും "ള്" എന്ന സംവൃതോകാരത്തി ൻെറ സ്ഥാനത്തു് "അ്" വിവൃതസ്വരവുമാകുമ്പോൾ ശ്രുതിയുമായി ഒട്ടിച്ചേരാതെ ആ അടിയുടെ അന്ത്യാംശം എത്ര അകന്നുപോകുന്നു എന്നു നോക്കുക. ലയവിരോധിയായി, മലയാളപദങ്ങളുടെ കിടപ്പു്, സംഗീതത്തിൻെറ സൗന്ദര്യ്യാധായകത്വത്തിന്നു ഹാനിചെയ്യുന്നു എന്നത്ഥം. മലയാളത്തിലെ നല്ലൊരു പാട്ടെഴുത്തു കവിയെ വിഷമിപ്പിക്കുന്ന പ്രശ്നങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് ഇതാണെന്നു്, ആ വഴിയിൽ വളരെക്കാലം മുമ്പു മുതൽ പ്രയത്നിച്ചുപോന്നിട്ടുള്ള ഒരാളെന്ന നിലയിൽ ഈ ലേഖകൻ വിചാരിക്കുന്നു. മൃദുലങ്ങളും ലളിതങ്ങളും ഉന്നംതെററാതെ പാററിക്കാൻ പാററിയവയുമായ പദങ്ങളെ അരിച്ചരിച്ചെടുത്തു് ഉചിതമായി കൈകാര്യ്യം ചെയ്യാനറിയാവുന്ന വിദഗ്ദ്ധഹസ്തന്മാൎക്കു മാത്രമെ മലയാളത്തിൽ ഗാനരചന വിജയപ്രദമാക്കി നിവ്വഹിക്കുവാൻ സാധിക്കുകയുള്ളു എന്നാണു് ഇപ്പറഞ്ഞതിൻെറ ആകെപ്പൊരുളു്.

പുതുയുഗത്തിലെ സിനിമയുടെയും നാടകത്തിൻെറയും ഗാനനിമ്മാതാക്കൾ ഒരു ഗണത്തിൽപെട്ടവരാണു്. അതുകൊണ്ടു് അവരെ രണ്ടായിട്ടല്ല, ഒന്നായിട്ടു കണ്ടുംകൊണ്ടാണു് ഇതെഴുതുന്നതു്. കവിയശസ്സിൻെറ കോണിപ്പടിയിലേക്കു കാലുയത്തിച്ചവിട്ടിയിട്ടു് എല്ലാംകൊണ്ടും കാമ്യമെന്നു തോന്നിയ പ്രലോഭനീയമായ സിനിമാലോകത്തിലേക്കു്, ആ കാലിളക്കി ഇറങ്ങിയ വാസനാഭാസുരന്മാരായ പാട്ടെഴുത്തുകാരുണ്ടിന്നു്. കവികളല്ലാതിരുന്നിട്ടും പാട്ടെഴുതുന്നവരുമുണ്ടു്. ഈ രണ്ടിനക്കാ

രുടെയും ഗാനരചനയാണിന്നു് മലയാളത്തിലെ, നാടക സിനിമാരംഗങ്ങളിലുള്ളതു്. ഈ ഗാനകവികൾ ഗാനങ്ങളെഴുതുന്നില്ല. നീലനിലാവും, ഇക്കിളിയും, സ്വപ്നവും പെണ്ണും ഒക്കെക്കൂടി കൂട്ടിച്ചേർത്തു് 'വൃത്തവും കോണും ചതുരവു'മല്ലാതെ കുറെ പാഴ്‌വരികൾ എഴുതിവയ്ക്കുന്നു. സംഗീതസംവിധായകൻ എന്ന ഐന്ദ്രജാലികൻ തന്റെ പിഞ്ഛികതൊട്ടുകഴിഞ്ഞു് ആ വരികൾക്കു് ഗാനധാര കൊണ്ടു് ജീവൻ നല്കി ആ നിർജ്ജീവ വരികളെ എഴുന്നേല്പിച്ചു നടത്തുന്നു. ക്ഷണികമായ അവയുടെ ജീവചലനം പരിമിതമാത്രകൾക്കുള്ളിൽ നിലച്ചും പോകുന്നു. എന്നിട്ടും അക്ഷരങ്ങൾ നിരത്തി ഗാനസംവിധയകന്റെ മുമ്പിൽ വച്ചുകൊടുത്തിട്ടു് നിസ്സഹായരായി നില്ക്കുന്ന ഗാനകർത്താക്കൾ അവകാശപ്പെടുന്നു അവരും കവികളാണെന്നു്! അവർ കവികളാണെങ്കിൽ ആയിക്കൊള്ളട്ടെ. കവികളെ കണ്ടറിയുന്ന കണ്ണുകൾ അവരെ തരംതിരിച്ചറിഞ്ഞുകൊള്ളുമെന്നു സമാധാനിക്കാം. അവർ ചുരുങ്ങിയപക്ഷം പാട്ടെഴുത്തുകാരെങ്കിലുമാണോ? അതാണു ചോദ്യം. സംഗീതസംവിധായകൻ, ഗാനരചയിതാവിൻെറ വരികൾക്കു കൊടുത്ത സംഗീതാത്മകത്വം ദൂരെ മാററിവച്ചിട്ടു് പച്ചയ്ക്കു്, നഗ്നമായി നിർജ്ജീവമായി, നിരർത്ഥകമായി അവശേഷിക്കുന്ന അക്ഷരങ്ങളെ ഒന്നു നോക്കു. അവിടെ കവിതയുമില്ല; ഗാനവുമില്ല. കുറെ അക്ഷരങ്ങളുടെ ചണ്ടിമാത്രം നാം അവിടെ കാണുന്നു. ഗാനരചന ഒരു സാക്ഷാൽ കവിയുടെ ശാണോപലകമാകുന്നു. കവിയുടെ കവിതാശക്തിയും, ഗായകൻെറ കലാവബോധവും ഒരേ അളവിൽ ഒത്തിണങ്ങിയ അസാധാരണ വാസനാസമ്പന്നനായ ഒരു പ്രതിഭാ

ധനികനല്ലാതെ ഒരിക്കലും ഒരു ഗാനരചയിതാവായി വിജയം വരിക്കാൻ കഴിയുകയില്ല. കവിയിൽ കവി മാത്രമേയുള്ളു. ഗാനരചയിതാവിൽ കവിയും ഗാതാവും തലയുയർത്തി ജീവിക്കുന്നു. ജയദേവനും, ത്യാഗരാജനും സ്വാതിതിരുനാളും താൽസേനനുമൊക്കെ ഒരു ജീവിതവുംകൊണ്ടാണു് നിത്യതയിലേക്കു് കടന്നുചെന്നതു്.

സംഗീതരചനയുടെ സാങ്കേതികാംശങ്ങളിൽ ഒന്നിനെ ഇവിടെ പരാമർശിക്കേണ്ടതു് ഒരാവശ്യമാണെന്നു തോന്നുന്നു. പല്ലവി, അനുപല്ലവി, ചരണം എന്നിങ്ങനെ പാട്ടിന്നു് മൂന്നു ഘടകങ്ങളുണ്ടല്ലൊ. സംഗീതത്തിൻെറ ഉപരിശാസ്ത്ര ഗ്രന്ഥങ്ങളിലെവിടെയും ഈ മൂന്നു ഘടകങ്ങൾക്കും ലക്ഷണം നിർവ്വചിച്ചിട്ടില്ലെന്നാണു് എൻെറ പരിമിതമായ അറിവിൽ തോന്നുന്നതു്. രാഗം, താളം, ശ്രുതി, ലയം എന്നിവയെല്ലാം ലക്ഷണനിർവ്വചനം ചെയ്ത സംഗീതാചാര്യന്മാർ പല്ലവിക്കും അനുപല്ലവിക്കും ചരണത്തിനും എന്തുകൊണ്ടു് ലക്ഷണം നിർവ്വചിച്ചില്ല എന്നറിഞ്ഞുകൂടാ. ഗാനങ്ങളുടെ ബന്ധദാർഢ്യത്തിനും, അർത്ഥഗൗരവത്തിൻെറ സമഞ്ജസമായ സംയോജനത്തിനുംവേണ്ടി പ്രതിഭാസമ്പന്നരും കലാമർമ്മജ്ഞരുമായ ഗാനകർത്താക്കൾ ഒരു ഗീതത്തിനു്, ശിരസ്സും ഉടലും പാദവും വേണമെന്നു് പരിചയംകൊണ്ടു് കണ്ടുവച്ചതാവാം. ഒരു പാട്ടു് ഒരു പൂർണ്ണസൃഷ്ടിയാണു്. ആ പൂർണ്ണതയുടെ ഘടകങ്ങളത്രെ പല്ലവിയും അനുപല്ലവിയും ചരണവും. ഇവ മൂന്നും കൂട്ടിച്ചേർത്തുള്ള ഒരു കവിതാശരീരത്തിന്നു് രാഗത്തിന്റെ ചോരയും താളത്തിന്റെ അസ്ഥിയും ലയത്തിൻെറ മജ്ജയും സംഗീ

ത്തിൻെറ മാംസവും സമീലീനമായി സംയോജിക്കു മ്പോൾ രൂപസൗന്ദര്യവും, ആശയത്തിൻെറ ആത്മാവു് അതിൽ ഉജ്ജ്വലിക്കുമ്പോൾ ഭാവസൗഭാഗ്യവും ഉണ്ടാകു ന്നു. മാനവഹൃദയങ്ങളിൽ വേരൂന്നിപ്പിടിച്ചുകിടക്കുന്ന ഏതു ഗാനങ്ങളെയും ഈ മാനദണ്ഡത്തിൽ പരിശോധി ക്കാവുന്നതും പരിശോധിക്കേണ്ടതുമാണ്. ഗാനരചനാ വിജയത്തിൻെറ രഹസ്യങ്ങളിലൊന്നു് ഈ ഘടനാ വൈഭവത്തെ ആശ്രയിച്ചിരിക്കുന്നു.

ഈ മാനദണ്ഡംവച്ചു നോക്കിയാൽ നമ്മുടെ പാ ട്ടെഴുത്തുകാരിൽ എത്രപേരുണ്ടു് ഈ ഘടനാപ്രക്രിയ യെ ആദരിക്കുന്നവരായിട്ടു്? മലയാള സാഹിത്യത്തി ൻെറ കലാവിഭാഗങ്ങളുടെ വളർച്ചയ്ക്കും മഹത്വത്തിനും ഗാനരചയിതാക്കൾ ഇനി ഉണ്ടാകേണ്ടിയിരിക്കുന്നു എ ന്നു് ഈ ലേഖകൻ ആഗ്രഹിക്കുന്നു. ഈയൽപാററകളെ പ്പോലെ മൂന്നേമുക്കാൽ നാഴികകൊണ്ടു പറന്നു ജീവിത മവസാനിപ്പിക്കുന്ന ഇന്നത്തെ സിനിമകളിലെയും നാട കങ്ങളിലെയും പാട്ടുകൾ, സാഹിത്യസംഗീതഭണ്ഡാഗാ രങ്ങൾക്കു മുതൽക്കൂട്ടുകളല്ല. ശിഥിലബന്ധങ്ങളും, ആശ യദരിദ്രങ്ങളുമാണു് ഇന്നത്തെ ഭൂരിപക്ഷം പാട്ടുകളും. നോവലിസ്റ്റുകൾ, ചെറുകഥാകാരന്മാർ, നിരൂപകന്മാർ, ചരിത്രലേഖകന്മാർ എന്നിവരെപ്പോലെ സാഹിത്യമ ണ്ഡലത്തിൽ ഗാനരചയിതാക്കൾ എന്ന ഒരു വിഭാഗ വും ഉണ്ടായേ തീരൂ. "ആപാത മധുരം" എന്നു് സം ഗീതത്തെ വിശേഷിപ്പിച്ച ആചാര്യന്നു്, സാഹിത്യ ത്തിൻെറ സർവ്വോൽകൃഷ്ടത പ്രഖ്യാപിക്കണമെന്നായി രിക്കണം പ്രധാന ഉന്നം എന്നു തോന്നുന്നു. 'ആപാത

Jawahar ... Children

മധുര'വും 'ആലോചനാമൃത'വുമായ രണ്ടുപാധികളുടെ സമൃക്കായ ബന്ധംകൊണ്ടു് വിശ്വമോഹനമായ ഒരു കലാവിഭവം മലയാളത്തിൽ വളർത്തിയെടുക്കേണ്ടതുണ്ടു്: ഗാനരചന എന്ന വിശിഷ്ട കലയെ.

മുൻഖണ്ഡികയിൽ പാട്ടിലെ പല്ലവി, അനുപല്ലവി, ചരണം എന്നിവയുടെ പാരസ്പര്യത്തെപ്പററി സൂചിപ്പിക്കയുണ്ടായി. എന്താണ് അവതമ്മിലുള്ള ബന്ധം? അതിന് പ്രസിദ്ധന്മാരായ ചില ഗാനരചയിതാക്കളെ സമീപിക്കേണ്ടതുണ്ടു്. ജയദേവൻെറ അഷ്ടപദിയിലെ ഓരോ ഗാനവും പരിശോധിച്ചുനോക്കൂ. ഒററ നോട്ടത്തിൽ പറഞ്ഞാൽ, പല്ലവി എന്ന അംശം, അനുപല്ലവിയുടെയും ചരണത്തിൻെറയും ആശയങ്ങളുടെ (അർത്ഥത്തിൻെറ) പൂരണമായ മർമ്മഘടകമാണ്. മറെറാരുവിധം പറഞ്ഞാൽ, അനുപല്ലവിയുടെയും ചരണത്തിൻെറയും അർത്ഥശൃംഖലയുടെ സമന്വയകേന്ദ്രമത്രെ പല്ലവി. ഇരയിമ്മൻതമ്പിയുടെ ഓരോ പാട്ടും ഈ അളവുകോലുവച്ചു പരിശോധിക്കാവുന്നതാണു്. ഒന്നുരണ്ടുദാഹരണങ്ങൾ മാത്രം എടുക്കാം. പ്രസിദ്ധമായ "പ്രാണനാഥനെനിക്കു നല്കിയ പരമാനന്ദ രസത്തെ ബാലേ പറവതിനെളുതല്ലെ"—എന്ന പാട്ടിലെ ഈ വരി ആ നീണ്ട പാട്ടിൻെറ പല്ലവിയാണല്ലൊ. അനുപല്ലവിയുമായുള്ള ബന്ധം നോക്കാം.

"എണനേർമിഴിമാർമണേ—സഖി—യേകാന്തേ
മണിമയ ശയനേ—(പ്രാണനാഥ...)

ഈ അനുപല്ലവി എന്ന സമസ്യയുടെ പൂരണമാണ് ആ പല്ലവി. ചരണത്തിൻെറ ഓരോ പാദവും, ശ്രോതാക്കളിൽ പ്രമോദവും പ്രതീക്ഷയും വളത്തിക്കൊണ്ടു് ഇങ്ങനെ പല്ലവി എന്ന മമ്മപ്രധാനമായ പൂരണത്തിൽ ചെന്നു കേന്ദ്രിച്ച് നിരതിശയമായ ആനന്ദം വളത്തുകയാണ്. ടി. സി. അച്യുതമേനോനെ സമീപിക്കു. ഒരുദാഹരണംമാത്രമെടുക്കാം; ഒരു വനവണ്ണനാഗാനം.

"വനമിതോ
ഭീതിദം
ദുഷ്ടമൃഗ
സഞ്ചിതം"—(വന)

ഇതാണു പല്ലവി. അനുപല്ലവി:—

"ദിനകരകരങ്ങളുണുപോലുമണയാതുള്ള—
(വനമി)"

അഭേദ്യമായ അയത്നസാധ്യമായ ബന്ധസൗന്ദയ്യത്തോടെ അനുപല്ലവി, പല്ലവിയെ പരിരംഭണം ചെയ്യുമ്പോളുള്ള ആ സുഖം എത്ര അവണ്ണനീയമാണ്! ലേഖനം നീണ്ടുപോകുമെങ്കിലും പ്രമേയത്തിൻെറ വിശദീകരണത്തിനുവേണ്ടി ചരണങ്ങളിലെ ഒരു പാദംകൂടി ഉദ്ധരിക്കട്ടെ. ചരണം:—

"ഉന്നതതരുക്ക-
ളിടതിങ്ങി

ദിവ്വി പൊങ്ങി,
വന്നനിലനണവതിനു
മാർഗ്ഗങ്ങൾ മങ്ങി,
പന്നഗ കനൽമിഴികളവിടവിടെ
മിന്നുന്നതൊന്നൊഴിഞ്ഞ
പരമൊരു ദീപ്തിയല്ലാതുള്ള—(വന)"

ഇങ്ങനെ പോകുന്നു, തഴക്കവും പഴക്കവുമുള്ള മലയാളത്തിലെ മുൻഗാമികളായ ഗാനനിർമ്മാതാക്കളുടെ കൃതികൾ. പഴയതിനെ, നല്ലതായാലും സ്വീകരിക്കയില്ലെന്നു ദൃഢവ്രതമെടുക്കുന്നതു് പുതുമയുടെ പേരിലുള്ള ഒരു 'ഫാഷനാ'യതുകൊണ്ടോ, ഗാനരചനയുടെ സാങ്കേതികാംശങ്ങളെക്കുറിച്ചുള്ള അജ്ഞതകൊണ്ടോ? രണ്ടായാലും ഇന്നത്തെ സിനിമയിലെയും നാടകങ്ങളിലെയും പാട്ടെഴുത്തുകാർ ഗാനശരീരത്തിൻെറ ഈ പരസ്പര ഘടനാശക്തിയെ കേവലം അവഗണിച്ചിരിക്കുന്നു. പാട്ടുകൾക്കു് അർത്ഥമെന്നൊന്നുണ്ടെന്നുതന്നെ അവർ വിചാരിക്കുന്നില്ലെന്നു തോന്നുന്നു. ഈ നിരങ്കുശത്വം നമ്മുടെ സാഹിത്യവേദിയിൽനിന്നുതന്നെ ഗാനവിഭാഗത്തെ കാലാന്തരത്തിൽ ഗളഹസ്തം ചെയ്തുകളഞ്ഞേക്കുമോ എന്നുവരെ ശങ്കിക്കേണ്ടതുണ്ടു്. ഗാനസംവിധായകൻെറ രാഗകാരുണ്യത്താൽ രക്ഷപെടുന്ന മലാളത്തിലെ ഗാനനിർമ്മാതാക്കൾ, മററുന്നുതന്നെ പറയാനുണ്ടെങ്കിലും തമിഴ് സിനിമാവേദിയിലെ ചില നല്ല പാട്ടെഴുത്തുകാരെ നോക്കി ലജ്ജിക്കുന്നില്ലെങ്കിൽ അതിനുള്ള ഹൃദയം അവർക്കുണ്ടായേ മതിയാവൂ. തമിഴിലെ ഒരു പ്രശസ്ത ഗാനരചയിതാവായ കണ്ണദാസൻെറ പാട്ടുകൾ നോക്കൂ. സംഗീ

തസംവിധായകന്റെ അനുഗ്രഹം കൂടാതെതന്നെ, ആ കവിയുടെ വരികൾക്ക് സ്വന്തകാലിൽ ഉറച്ച്; സാഹിത്യനഭസ്സിൽ തലയുയർത്തി നില്ക്കാൻ കഴിയും. അനാഥയായ ഒരു സ്ത്രീ നിശ്ശൂന്യമായ നിസ്സഹായതയുടെ മധ്യത്തിൽ, താൻ പ്രസവിച്ച ഒരു കൈക്കുഞ്ഞുമായി എന്തു ചെയ്യണമെന്നും എങ്ങോട്ടു പോകണമെന്നും തുമ്പില്ലാതെ വിഷമിച്ചിട്ട് ഒടുവിൽ സമാധാനിക്കുന്ന ഒരു പാട്ടുണ്ട് കണ്ണദാസന്റെ. അതിന്റെ പല്ലവിയുടെ അർത്ഥമിതാണ്:— "ഭൂമിക്ക് വൃക്ഷം ഒരു ഭാരമാണോ? വൃക്ഷത്തിന്ന് അതിന്റെ ഫലം ഭാരമാണോ? അല്ല; ഞാൻ പ്രസവിച്ച എന്റെ കുഞ്ഞ് എനിക്കെങ്ങിനെ ഭാരമാകും?" എത്ര ഹൃദയാവർജ്ജകമാണ് ആ ഗാനശില്പത്തിന്റെ ആശയസൗകുമാര്യം? അങ്ങിനെ എത്ര എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും കണ്ണദാസന്റെ ഗാനകൃതികളിൽ കാണാം. ദിവസംപ്രതിയെന്നോണം സിനിമകളും മാസംപ്രതിയെന്നോണം നാടകങ്ങളും അവതരിപ്പിക്കപ്പെടുന്ന മലയാളത്തിൽ, സംഗീതസംവിധായകന്റെ ഊന്നുവടി എടുത്തുകളഞ്ഞാൽ, തറപററിത്തകന്നുപോകാത്ത എത്ര പാട്ടുകൾ ആശയപൗഷ്കല്യത്തിലും ഗ്രഥനസൗന്ദര്യത്തിലും ജീവനുള്ളവയായിട്ടുണ്ടെന്നു് ഒരു വിവരണക്കണക്കെടുത്തുനോക്കേണ്ടതാണ്. ബംഗാളിയിലും ഹിന്ദിയിലുമുള്ള സിനിമാപ്പാട്ടുകളിൽ നല്ലൊരു ശതമാനം സമുന്നതമായ സാഹിത്യമാനദണ്ഡം പുലർത്തുന്നവയാണ്. "സിനിമാ കണ്ടു പുറത്തിറങ്ങുമ്പോൾ പത്തു പിള്ളേർ ആ പടത്തിലെ രണ്ടു പാട്ടെങ്കിലും പാടിക്കൊണ്ടു പുറത്തിറങ്ങുമെങ്കിൽ ആ സിനി

മയും അതിലെ പാട്ടുകളും വിജയിച്ചതായി വിചാരിക്കാം''—നമ്മുടെ രാജ്യത്തുള്ള ഒരു സിനിമാ പ്രൊഡ്യൂസർ ഈ ലേഖകനോട്ട് പറഞ്ഞതാണിത്. അപ്പോൾ ഒരു ഗായകകവി സിനിമാരംഗത്തേക്കു കടന്നുചെല്ലുമ്പോൾ അയാളുടെ സാക്ഷാൽ കവിത്വത്തിന്റെ കുപ്പായം അഴിച്ചു ദൂരെ മാററിവയ്ക്കണമെന്നു സാരം.

സിനിമയിലായാലും നാടകത്തിലായാലും മലയാളത്തിലെ ഗാനരചയിതാക്കൾ വ്യക്തിത്വമുള്ളവരാകണം. അവരിലെ കവികളെ കൊല്ലരുത്. അങ്ങനെ മലയാളത്തിലൊരു ഗാനരചനാപ്രസ്ഥാനം വളർത്തിയെടുക്കണം.

# അംഗുലീമാലൻ

"അംഗുലീമാലനുപോലു മാഹാത്മപദ മേകിയ
തുംഗമാം കരുണയെ നീ വിശ്വസിച്ചാലും.

കുമാരകവിയുടെ അന്തിമകാവ്യമായ കരുണയിലെ രണ്ടു വരികൾ! ഈ അനുസ്മരണയിൽനിന്നാണു് അധികംപേരും അംഗുലീമാലനെ കേൾക്കുന്നതുതന്നെ. ബുദ്ധമതചരിത്രകഥകളധികവും ഇന്നു കേരളീയ സാഹിത്യത്തിനു സുപരിചിതമാണു്. എന്നിട്ടും ഈ അംഗുലീമാലനെ നമുക്കു പരിചയമില്ല. ചിത്രവധം ചെയ്യപ്പെട്ടു ശ്മശാനത്തിൽ തള്ളപ്പെട്ട വാസവദത്തയ്ക്കു് ശാന്തിമാർഗ്ഗം ഉപദേശിക്കുമ്പോൾ, പരമപാപിഷ്ഠക്കുപോലും പരമമായ നിർവ്വാണത്തിന്നധികാരമുണ്ടെന്നു് അവളെ വിശ്വസിപ്പിക്കാനാണു് ഉപഗുപ്തൻ അംഗുലീമാലനെ ഉദ്ധരിച്ചതു്. പക്ഷേ അംഗുലീമാലൻ നമുക്കു പരിചിതനാണു്. പാലിഭാഷയിലുള്ള ബുദ്ധമതസാഹിത്യത്തിൽ നിന്നും മാത്രമേ സൂക്ഷ്മമായി നമുക്കു് അംഗുലീമാലനെ അറിയാനാവൂ.

കരുണയിലെ അംഗുലീമാലനു ഒരു കുറിപ്പു കൊടുത്തിട്ടുണ്ടു് ആശാൻ. അതുതന്നെ അപൂർണ്ണമാണു്. അ

വ്യക്തമാണു്. ചരിത്രസത്യത്തിന്നത്ര ഉപപന്നവുമല്ല. അപ്പോൾ അംഗുലീമാലനെ ശരിയായിത്തന്നെ പരിചയപ്പെടേണ്ടിയിരിക്കുന്നു.

ആരാണു് ഈ അംഗുലീമാലൻ? ഒരു പുരാവൃത്തമിതാ:-

## ഒന്നു്

കോസലം! പുരാണപ്രഥിതമായ കോസലം! ആ രാജ്യമാണു് കഥാരംഗം!

കോസലരാജാവിന്നു ഭക്തനും പണ്ഡിതനും പരമയോഗ്യനുമായി ഒരു പുരോഹിതനുണ്ടായിരുന്നു, ഗർഗ്ഗൻ. സന്താനരഹിതനായിരുന്ന ഗർഗ്ഗാചാര്യന്നു് ആററുനോററിരുന്നു് ഒരു പുത്രനുണ്ടായി. രാജാവും മന്ത്രിയുമൊക്കെ ച്ചേർന്ന വലിയ ഒരു സദസ്സിൽവച്ചു് പുരോഹിതൻ ആ കുട്ടിക്കു പേരിട്ടു–അഹിംസകൻ.

അഹിംസകൻ നല്ലവനായി വളൎന്നുവന്നു. രൂപത്തിലും ഭാവത്തിലും സൗന്ദര്യതേജസ്സോടുകൂടി അവൻ നാളിൽ നാളിൽ സകലക്കും പ്രേമഭാജനമായിത്തീൎന്നു– രാജാവിന്നുവരെ. വിദ്യാഭ്യാസത്തിന്നു കാലമായി. പുരോഹിതൻ രാജാവുമായി ആലോചിച്ചു. അക്കാലത്തെ ഭാരതത്തിലെ പ്രമുഖ വിദ്യാകേന്ദ്രങ്ങളിലൊന്നു് തക്ഷശിലയായിരുന്നു. ബൗദ്ധകാലീനഭാരതത്തിൽനിന്നും ആയിരം വൎഷത്തോളം അഖിലവിജ്ഞാനങ്ങളുടെയും അത്ഭുതപ്രകാശം ദേശദേശാന്തരങ്ങളിലേക്കു പ്രസരിപ്പിച്ച ഉദയഗിരിയായിരുന്നു തക്ഷശില. സൎവ്വജ്ഞാനനി

ധികളും, തപോധനന്മാരുമായി അന്നവിടെയുണ്ടായിരുന്ന ആചാര്യന്മാരിൽ പ്രമുഖനായിരുന്നു ദീശാപ്രമോക്ഷാചാര്യൻ. ആ മഹാഗുരുവിൻെറ സന്നിധിയിലാകട്ടെ, അഹിംസകൻെറ വിദ്യാഭ്യാസം എന്നു രാജാവും പുരോഹിതനുംകൂടി തീരുമാനിച്ചു. ജ്ഞാനതൃഷ്ണാത്തനും മഹാബുദ്ധിമാനും ശാന്തനും, ലളിതശീലനുമായ അഹിംസകന്നു് ദിഗന്തവിശ്രാന്തകീർത്തിമാനായ ദിശാപ്രമോക്ഷാചാര്യൻെറ വളക്കൂറുള്ള മണ്ണിൽ ആവോളം വളരുവാനും പുഷ്പിച്ചു ഫലപുഷ്കലമാകുവാനും കഴിയുമെന്നുതന്നെ രാജാവിനും പുരോഹിതനും ഉറപ്പുണ്ടായിരുന്നു.

അങ്ങനെതന്നെ സംഭവിക്കയും ചെയ്തു. അധികദിവസം വേണ്ടിവന്നില്ല, അഹിംസകന്നു ഗുരുനാഥന്റെ വാത്സല്യംനിറഞ്ഞ ഹൃദയം കവന്നെടുക്കുവാൻ. സൂചനമാത്രംകൊണ്ടു് ആചാര്യൻ ഉദ്ദേശിക്കുന്ന ഓരോ വിദ്യയുടെയും വിശാലമണ്ഡലം ശിഷ്യൻ തികച്ചും സ്വാധീനമാക്കിപ്പോന്നു. കുറഞ്ഞകാലംകൊണ്ടു് ശിഷ്യൻ ഗുരുവിനോളം വളന്നു. മഹാത്മാവായ ഗുരുനാഥൻ ശിഷ്യൻെറ വികാസംകൊണ്ടു തൻെറ ആചാര്യജീവിതം തന്നെ കൃതാത്ഥമായി എന്നു വിശ്വസിച്ചു. ഗുരുവിന്നു മാത്രമല്ല, ഗുരുപത്നിക്കും അഹിംസകൻ പ്രിയംകരനായിരുന്നു. സ്വഭത്താവിനു പാകംചെയ്യുന്ന വിശിഷ്ടഭോജ്യങ്ങളെല്ലാം ആ സാധ്വി പ്രിയപ്പെട്ട അഹിംസകന്നു പുത്രനിവ്വിശേഷമായ വാത്സല്യത്തോടെ കൊടുത്തുപോന്നു.

## ഒരു കാർമേഘം

ആ "ശാന്തമായ നഭസ്സിൽ ഒരു കാർകൊണ്ടൽവന്നു കേറു"കയായി! ഗുരുവിന്നും ഗുരുപത്നിക്കും അഹിംസകൻ അവരുടെ ആത്മഭാജനമായിത്തീരുന്തോറും അസൂയാബാധിതരായ സതീർത്ഥ്യന്മാർക്ക് അവൻ വിദ്വേഷത്തിന്റെയും വിമർശനത്തിന്റെയും ശരവ്യമായിത്തീന്നു. ആ അസൂയാവിദ്വേഷങ്ങളുടെ മുള്ളുനിറഞ്ഞ വിഷവല്ലി നാനാഭാഗത്തേയ്ക്കും പടൎന്നു പുഷ്പിക്കാൻ തുടങ്ങി. ആചാര്യന്നു് അവനിൽ വെറുപ്പും തെറ്റായ ധാരണയുമുണ്ടാക്കുവാനും അങ്ങനെ അവനെ ഗുരുസന്നിധിയിൽനിന്നു അകററിക്കളയാനുമായിരുന്നു അവരുടെ സംഘടിതശ്രമം. അതു അത്രവേഗം ഫലിച്ചില്ല. അവർ തങ്ങളുടെ ബുദ്ധിശാലയിൽനിന്നും അവസാനായുധം കണ്ടെടുത്തു. ഗുരുപത്നിക്കു് അഹിംസകനോടു് സ്നേഹവും അവന്നു ഗുരുപത്നിയോടുള്ള ഭക്തിയും അന്യഥാ വ്യാഖ്യാനിക്കപ്പെട്ടു. ആ വിദഗ്ദ്ധവ്യാഖ്യാനത്തിന്റെ ക്രൂരമ്പുകൾ, യുക്തിശക്തമായ വാചാലതയുടെ പാർവില്ലുകുലച്ച് അതിൽ തൊടുത്തുവിട്ടു അവർ. നിഷ്കളങ്കമായ ഗുരുഹൃദയത്തിൽ അതു തുളച്ചുകേറുതന്നെ ചെയ്തു!

അചിരേണ ഗുരുനാഥൻ അവനെ സംശയദൃഷ്ടിയോടെ നോക്കിത്തുടങ്ങി. ആ നോട്ടം ഉറച്ചു. അവനെ അകററിയാൽ പോരാ, ഈ ഭൂമുഖത്തു വച്ചിരുന്നുകൂടാ എന്നു്, തെററിദ്ധരിപ്പിക്കപ്പെട്ട ആ ഹൃദയം തീരുമാനിച്ചു.

മനുഷ്യഹൃദയത്തിന്റെ പരിവൎത്തനം!

ശക്തനാണു്, വാഗ്മിയാണു്, ബുദ്ധിമാനാണു്, മഹാപണ്ഡിതനാണു്, അഹിംസകൻ. ഉപായമെന്തെങ്കിലുംകൊണ്ടല്ലാതെ അവൻെറ അപരാധത്തിനു പ്രതികാരം ചെയ്യാനാവുകയില്ലെന്നറിയാം ആചാര്യന്നു്.

പ്രസന്നമായ ഒരു പുലരിപ്രഭയിൽ, നിത്യകർമ്മങ്ങളെല്ലാം കഴിഞ്ഞു് ശിഷ്യന്മാർക്കായി പാഠം തുടങ്ങും മുമ്പു് ആചാര്യൻ ഏകനായിരിക്കുന്നേടത്തേയ്ക്കു ശിഷ്യനെ വരുത്തി. അവൻ സാഷ്ടാംഗപ്രണാമം ചെയ്തു് എഴുന്നേററു് ആദരാഞ്ജലിയോടെ നിന്നു.

"മകനേ!" ആചാര്യൻ പറഞ്ഞു: "നിന്നിൽ നാം സന്തുഷ്ടനാണു്. നാം ഉദ്ദേശിച്ചതിലധികം നീ പഠിച്ചുകഴിഞ്ഞിരിക്കുന്നു. നീ അറിയാത്ത ഒരു ഭാവി നിന്നെക്കാത്തിരിക്കുന്നു. എന്നാൽ നിൻെറ ഗുരുകുലവാസം പൂർത്തിയാകണമെങ്കിൽ, നിന്റെ ഭാവിശോഭനമാകണമെങ്കിൽ, പാരമ്പര്യമുറയ്ക്കു് നീ ഗുരുദക്ഷിണചെയ്തു മടങ്ങിപ്പൊയ്ക്കൊള്ളു...

അഹിംസകൻെറ കണ്ണുകൾ സജലങ്ങളായി. അവൻ ഗൽഗദാക്ഷരങ്ങളിൽ ചോദിച്ചു:-

"ആചാര്യപാദരെ, അവിടുത്തെ ആജ്ഞ, സംശയലേശം കൂടാതെ അംഗീകരിക്കുകമാത്രമാണു് ഈ എളിയ ശിഷ്യൻെറ ധർമ്മം. എന്താണു് ഗുരുദക്ഷിണ ചെയ്യേണ്ടതെന്നു് കനിവായി അരുളിച്ചെയ്താലും!"

ഏതും മടിക്കാതെ ആചാര്യൻ പറഞ്ഞു:—

"മകനെ ഇന്നോളം ഒരു ശിഷ്യനോടും ഒരു ഗുരു

വും ആവശ്യപ്പെടാത്ത ഒരു ദക്ഷിണയാണ് നാം നിന്നോടാവശ്യപ്പെടുന്നതു്...''

''എന്തായാലും അരുളിച്ചെയ്യാൻ മടിക്കരുതു്. ഈ ശിഷ്യൻ അതു ചെയ്യാൻ കാത്തിരിക്കയാണു്.''—ആവേശത്തോടെ അഹിംസകൻ പറഞ്ഞു.

''ശരി. നീ നല്ലവനാണു്. മകനെ മനുഷ്യരുടെ വലത്തു കൈകളിൽനിന്നും ആയിരം വിരലുകൾ മുറിച്ചെടുത്തു കൊണ്ടുവന്നു കാഴ്ചവയ്ക്കുക. അതാണു് നാം ആവശ്യപ്പെടുന്ന ഗുരുദക്ഷിണ. നമ്മുടെ ഇഷ്ടദേവതയെ അർച്ചിക്കാനാണതു്.

ഗുരുഭക്തിയാൽ പരമാന്ധനായ ശിഷ്യനു്, സംശയമുണ്ടായില്ല, സങ്കോചമുണ്ടായില്ല. ഭയസംഭ്രമങ്ങളുണ്ടായില്ല. ആജ്ഞ, കേട്ടതു പാതി, കേൾക്കാത്തതു പാതി അവൻ ദീർഘദണ്ഡം നമസ്കരിച്ചു് ഗുരുസമക്ഷത്തുനിന്നും പാഞ്ഞു!

ഗുരുവിന്നറിയാമായിരുന്നു കൈവിരൽ മുറിച്ചെടുക്കാൻ ചെല്ലുമ്പോൾ ആളുകൾ അഹിംസകനെ കൊന്നു കൊള്ളുമെന്നു്. അങ്ങനെ തന്റെ വിദ്വേഷഭാജനമായ അവൻ ഒടുങ്ങിക്കൊള്ളുമെന്നു്.

## രണ്ടു്

കോസലരാജ്യത്തിന്റെ പ്രാന്തത്തിലാണു് സുപ്രസിദ്ധമായ ജാലിതം എന്ന ഘോരവനം. കുന്നുകളും കുണ്ടുകളും അംബരചുംബികളായ വന്മരങ്ങളുംകൊണ്ടു്

മനുഷ്യസഞ്ചാരില്ലാത്ത കൊട്ടങ്കാടാണത്. സൂര്യപ്രകാശമില്ലാതെ, പകലും രാത്രിയാണാക്കാട്ടിൽ.

തിട്ടക്കത്തിൽ എവിടെനിന്നോ സമ്പാദിച്ച മൂച്ച്യേറിയ രണ്ടായുധങ്ങളുമേന്തി അഹിംസകൻ ജാലിതവനോദരത്തിലേയ്ക്കു കുതിച്ചുചെന്നു. അരക്ഷണംകൊണ്ട് അരുണോദയം ക്രൂരമായ മദ്ധ്യാഹ്നമാവുക! ഫല്ലപുഷ്പമാല ഹണംവിട്ടത്തിയ മൂർഖപ്പാമ്പാവുക. മനുഷ്യൻ മഹാരാക്ഷസനാവുക! ജാലിതവനം തൊട്ടുചേൻ്റ പോകുന്ന ഒരു നടപ്പാത. വനാന്തരത്തിലെ ഹിംസ്രജന്തുക്കളെ ഭയന്നു പകലും അപൂർവ്വമായേ ആ വഴി ജനങ്ങൾ സഞ്ചരിക്കാറുള്ളൂ. ആരും കാണാതെ കൊട്ടങ്കാട്ടിനുള്ളിൽ മറഞ്ഞിരുന്നാൽ, അതുവഴി പോകുന്നവരുടെ വിരലുകൾ വെട്ടിയെടുക്കാൻ എളുപ്പമാണെന്നായിരുന്നു അവൻെറ നിശ്ചയം. അങ്ങനെ അവൻ അവൻെറ ജോലി തുടന്ു—അംഗുലീസംഭരണം. വഴിപോക്കരെ ആ വഴിയിൽ ദൂരെക്കണ്ടാൽ മതി. മഹാശക്തനും ഘോരരൂപിയുമായ അവൻ പുറകെ ഓടിയെത്തുകയായി, ഒററയടിക്കു നിലംപതിപ്പിക്കുകയായി, വിരലു മുറിച്ചെടുക്കുകയായി, കാട്ടിനുള്ളിലേയ്ക്കു് ഓടി മറയുകയായി. ആ വിരലുകൾ ഒരു വള്ളിയിൽകോത്തു് വല്ല മരക്കൊമ്പിലും കെട്ടിത്തൂക്കും, ഉണങ്ങാൻ. പലതും പക്ഷികൾ കൊണ്ടുപോകും. ചിലതു താഴെ വീഴും—ഒട്ടാകെ ചീഞ്ഞുനാറും. അവൻ കൊന്നൊടുക്കുന്ന വഴിയാത്രക്കാരായ നിർഭാഗ്യവാന്മാരുടെ ശവക്കൂമ്പാരങ്ങൾ അഴുകി നാറിയ ദുർഗ്ഗന്ധത്തോടു ചേൻ്റ് ആ നാററവുംകൂടിയപ്പോൾ ജാലിതവും പരിസരവും നരകമായി. അഹിംസകൻ ഭയ

ങ്കരനായ രാക്ഷസനായി! വിരല്പകൾ സംഭരിക്കുന്നതു സംഭരിക്കുന്നതു നഷ്ടപ്പെട്ടുന്നതു കണ്ടപ്പോൾ അവൻ ഒരു വിദ്യ എടുത്തു. ശേഖരിക്കുന്ന വിരല്പകളെല്ലാം ഒരു വള്ളിയിൽ കോർത്ത് അവൻ മാലയാക്കി കഴുത്തിലിട്ടു സൂക്ഷിച്ചു. അതെ, അവൻ അംഗുലീമാലനായി!

## ഒരു കൊടുങ്കാററ്

ഈ മനുഷ്യക്കുരുതിയുടെ കഥ നാട്ടിലെങ്ങും പരന്നു. ജനങ്ങൾ ആ വഴി യാത്രചെയ്യാതെയായി. വിരല്പകൾ ആയിരം തികയണ്ടേ? അവൻ രാത്രികളിൽ സമീപഗ്രാമങ്ങളിൽ കടന്നുതുടങ്ങി. വീടുകളുടെ അടച്ചിരിക്കുന്ന കതകുകൾ തട്ടിപ്പൊളിച്ചു തുറക്കും. ഉറങ്ങുന്നവരെയും, ഉണർന്നവരെയും വെട്ടിവീഴ്ത്തും. വിരല്പമുറിക്കും. നാടാകെ ഭയചകിതമായി! ജീവരക്ഷതേടി ജനങ്ങൾ സംഘടിതരായി രാജാവിനോടു സങ്കടം പറഞ്ഞു. രാജാവ് നാടെങ്ങും പെരുമ്പറയടിച്ചു വിളംബരംചെയ്തു. അംഗുലീമാലനെ പിടിച്ചു കെട്ടിക്കൊണ്ടുവരുവാൻ. ജനങ്ങൾ സംഘടിതരായി മുന്നോട്ടു വരാൻ. ആർക്കാണതിനു ധൈര്യം വരുക? രാജ്യം പിടിച്ചു കുലുക്കിയ ഈ കൊടുങ്കാററ്! ആരാണ് ഈ അംഗുലീമാലൻ?–പുരോഹിതശ്രേഷ്ഠൻ ഗർഗ്ഗൻ അന്വേഷിച്ചു. സൂക്ഷ്മമായ അന്വേഷണത്തിൽ ആശ്ചര്യകരമാംവിധം ഗർഗ്ഗൻ അറിഞ്ഞു, അംഗുലീമാലൻ തൻെറ പുത്രൻ അഹിംസകനാണെന്ന്. ആ ധർമ്മവ്രതൻ ഞെട്ടിപ്പോയി! സ്തംഭിച്ചുപോയി!

വർഷങ്ങൾക്കുശേഷം വൃദ്ധയായിത്തീർന്ന പുത്ര

വിരഹാർത്തയായ ഗൎഭപത്നിയുടെ ചെവിയിലുമെത്തി ഈ ഭയാനകവൃത്താന്തം. ആദ്യം ആ അമ്മ അതു വിശ്വ സിച്ചില്ല. വിശ്വസിക്കേണ്ടി വന്നപ്പോൾ ആ വൃദ്ധ ബോധംകെട്ടു വീണുപോയി. മകനെ എങ്ങിനെയെങ്കി ലുംകൂട്ടിക്കൊണ്ടുവരുവാൻ സ്വഭത്താവിൽ പ്രേരണ ചെലുത്തി ആ മാതാവു്. ക്രുദ്ധനായ വൃദ്ധൻ മറുപടി പറഞ്ഞു.

"ഞാൻ ബ്രാഹ്മണനാണു്. അവൻ ചണ്ഡാല നാണു്. ദുഷ്ടമൃഗമാണു്. എനിക്കവനെ ആവശ്യമില്ല. രാജാവു് അവനെ വേട്ടയാടി കൊന്നുകളയട്ടെ..."

വൃദ്ധ നെഞ്ചത്തടിച്ചു നിലവിളിച്ചു. വാതോരാ തെ മകനെ വിളിച്ചു നിലവിളിച്ചു. അവർ ഒരമ്മ യാണു്!

ആ അമ്മ പറഞ്ഞു:-

"ഞാനവൻെറ അമ്മയാണു്. ഞാൻ വേദനയനു ഭവിച്ചു പെററതാണവനെ. മകനെക്കാൾ വലുതായി ഒരമ്മയ്ക്കു മററൊന്നുമില്ല. ഞാനവനെ കളയുകയില്ല. ഇല്ല. എനിക്കെൻെറ മകനെ വേണം."—ഒരുന്മാദി നിയെപ്പോലെ ഭത്താവിൻെറ പ്രതിബന്ധത്തെ തെല്ലു പോലും ഗണിക്കാതെ ആ വൃദ്ധയായ അമ്മ പുറത്തിറ ങ്ങി ജ്വലിതവനത്തിലേക്കോടി.

## മൂന്നു്

കുളിർകാററു ചരാചരങ്ങളെ ഉണത്തുകയും, അഖി ലബാന്ധവനായ സൂര്യൻ ഇളംമഞ്ഞക്കരങ്ങൾകൊണ്ടു

പ്രപഞ്ചത്തെ തലോടുകയും ചെയ്യുന്നതിനുമുമ്പു്, ജേതൃവനവിഹാരത്തിൽ ഭഗവാൻ തഥാഗതൻ ഉണൎന്നു് "ലോകാവലോകനം" ചെയ്കയായിരുന്നു. ജീവൻെറ ഭൂതവൎത്തമാനഭാവികളെ സ്വന്തം മുഖം കണ്ണാടിയിലെന്നപോലെ കാണുന്ന ആ തപോനിധി തൻെറ മനോയവനികയിൽ ലോകാവലോകനംകൊണ്ടു് അന്നു കണ്ടതു്, കരാളരൂപിയായ അംഗുലീമാലൻ, കൈയിൽ ഉയൎത്തിയ കരവാളും ഓങ്ങിക്കൊണ്ടു്, അവനെ പെററു പാലൂട്ടി വളൎത്തിയ അവൻെറ അമ്മയെ കൊല്ലുവാൻ അവളുടെ നേരെ പാഞ്ഞുചെല്ലുന്നതാണു്. അവനെ ആ സാഹസോദ്യമത്തിൽനിന്നും തടയണമെന്നും, ആ രാക്ഷസനിലെ മനുഷ്യനെ ഉണൎത്തി എടുക്കണമെന്നും ഭഗവാൻ ഉറച്ചു. അദ്ദേഹം ഏകനായി ജാലിതവനത്തിലേയ്ക്കു പുറപ്പെട്ടു. വഴിയിൽ കണ്ടവർ, കണ്ടവർ ഭഗവാനെത്തടഞ്ഞു:—

"ഭഗവാൻ, ആ വഴിക്കു പോകരുതേ! അവിടെ കഴുത്തറുക്കുന്ന അംഗുലീമാലനുണ്ടു്. സ്വാമിൻ അവിടുന്നു് അങ്ങോട്ടു പോകരുതേ, പോകരുതേ."

ഭഗവാൻ, അതൊന്നും ശ്രദ്ധിച്ചില്ല. "പരദുഃഖശമനമോൎത്തു ഭിക്ഷതെണ്ടുന്ന ആ ശരണത്രയീധനൻ" മുമ്പേതന്നെ നടന്നു. അപ്പോഴേയ്ക്കും പുത്രവാത്സല്യാൎദ്രയായ ആ അമ്മ ജാലിതവനപ്രാന്തത്തോടടുത്തിരിക്കുന്നു. അംഗുലീമാലൻ അവളെ കണ്ടു. ഒററപ്പാച്ചിൽ, അവളുടെ നേരേ.

മനുഷ്യവംശചരിത്രത്തിൽ ഇന്നോളം കണ്ടിട്ടില്ലാ

ത്തതും, ഇനി കാണാൻ കഴിയാത്തതുമായ ഭീകരരംഗം! അവളുടെ കഴുത്തു മുറിച്ചു്, അവളുടെ കൈയറുത്തെടുക്കാനുള്ള കുതികൊള്ളൽ! അവനറിയാം, അവൾ അവൻെറ അമ്മയാണെന്നു്. എന്നാലെന്തു്? ഗുരുദക്ഷിണയ്ക്കു് അവനു കൈവിരൽ വേണം. തുറിച്ച കണ്ണും രോമരാജി വളൎന്നു കട്ടകെട്ടി തൂങ്ങി ഭീഭത്സമായ മുഖവും. ചെഞ്ചിടാഭാരവുമായി അർദ്ധനഗ്നനായി ആ ക്രൂരരാക്ഷസൻ വാളുയൎത്തി ഒററച്ചാട്ടമാണു് അമ്മയുടെ നേരേ.

അവൻെറ ഗുരുദക്ഷിണയ്ക്കു കൈവിരലുകളുടെ എണ്ണം തികയ്ക്കാനുള്ള ബദ്ധപ്പാടാണു്!

മാൻപേടയുടെ നേരേ കരിമ്പുലി ചാടി!

പക്ഷേ, അമ്മയുടെയും, മകൻെറയും മദ്ധ്യേ അതാ നില്ക്കുന്നു, പ്രഭാതസൂര്യനെപ്പോലെ ഭഗവാൻ ബുദ്ധൻ. അവൻ മിഴിച്ചുനോക്കി, ആ ധീരനാരെന്നു്! തൻെറ മുമ്പിൽ അങ്ങനെ ഒരു ജീവി അന്നോളം നിർഭീതനായി നിന്നിട്ടില്ല. എന്നാൽ ആദ്യം അവൻെറ കഴുത്തുവെട്ടി, കൈവിരൽ കൊയ്യുകതന്നെ. ഭഗവാൻെറ നേരെയായി അവൻെറ ആക്രമണം. ഭഗവാൻ ചിരിച്ചുകൊണ്ടു് തിരിഞ്ഞുനടന്നു സാവധാനം. എന്തൊരാശ്ചൎയ്യം! അവൻ അദ്ദേഹത്തെ പിടിക്കാൻ ഓടുകയാണു്. അദ്ദേഹം, സാവധാനത്തിൽ നടക്കുകമാത്രമേ ചെയ്യുള്ളു. പക്ഷേ, അവൻ ഓടുകതന്നെ, ഓട്ടം! എന്നിട്ടും, ഭഗവാൻ ബഹുദൂരത്തിലാണു്. അടുത്തെത്തുവാൻ അവനു കഴിയുന്നില്ല. മൂന്നു യോജന ഓടിയിട്ടും, പതുക്കെ നടക്കുന്ന ബുദ്ധദേവനെ സമീപിക്കാൻ അവനു കഴിഞ്ഞില്ല.

അവൻ കിതച്ചു്, ക്ഷീണിച്ച വിയർത്തു്, വിവശനായി ഓടിക്കൊണ്ടു്, മന്ദം മന്ദം നടക്കുന്ന ഭഗവാനോടു വിളിച്ചു പറഞ്ഞു:—

"ശ്രമണാ, നിൽക്കൂ. ഒന്നു നിൽക്കൂ..."

ഭഗവാൻ ശാന്തമായി മറുപടി പറഞ്ഞു:—

"ഞാൻ എപ്പോഴേ നിന്നു. അംഗുലീമാലാ, നീയും അതുപോലെ നില്ക്കുക."

അംഗുലീമാലൻ ആലോചിച്ചു. ശ്രമണന്മാർ കള്ളം പറയുകയില്ല. അദ്ദേഹം നിന്നിരിക്കുന്നു എന്നു പറയുന്നു. എന്നാൽ ഞാനെത്ര ഓടിയിട്ടും അദ്ദേഹത്തെ സമീപിക്കാൻ കഴിയുന്നില്ല. എന്താണു് ഇതിന്റെ അർത്ഥം? അവൻ ചോദിച്ചു:—"നിങ്ങൾ നിന്നിരിക്കുന്നുവെന്നു പറയുന്നു. പക്ഷേ, നിങ്ങൾ നടക്കുകയാണല്ലോ. ഞാൻ ഓടിയിട്ടും എത്തുന്നില്ലല്ലോ."

ഭഗവാൻ പറഞ്ഞു:—"അംഗുലീമാലാ. ഞാൻ ഹിംസ ചെയ്യാതെ കരുണയേയും, മൈത്രിയേയും അവലംബിച്ചു് ഉറച്ചുനില്ക്കുന്നു. നീ ഹിംസയ്ക്കുവേണ്ടി നില്ക്കാതെ ഓടുന്നു. ഞാൻ നില്ക്കുന്നേടത്തു നീയും ഉറച്ചുനില്ക്കുക."

അവൻ ചിന്തിച്ചു:—"ആരാണിത്ര ധീരമായി എന്നോടു സംസാരിക്കുന്നതു്? ഇദ്ദേഹമായിരിക്കുമോ, കൊട്ടാരവും, രാജ്യവും, രാജപദവികളും ഉപേക്ഷിച്ചുപോയി തീവ്രതപം ചെയ്തു ജീവന്മുക്തി നേടിയ സിദ്ധാ

ത്ഥൻ എങ്കിൽ ഞാൻ ഭാഗ്യവാനാണു്. അദ്ദേഹത്തിൻെറ കരുണയ്ക്കു ഞാൻ അഹ്നനായല്ലോ.''

അവൻ ഭഗവാനെ ആപാദചൂഡം ഒന്നു സൂക്ഷിച്ചുനോക്കി. അവൻെറ ഹൃദയം ത്രസിച്ചു. കാലുകൾ വിറച്ചു. അവൻെറ ബലിഷ്ഠഹസ്തങ്ങളിൽനിന്നും കൊലയായുധങ്ങൾ സ്വയം വഴുതിത്താഴെവീണു! അവൻ ആവേശത്തോടെ വിളിച്ചുപറഞ്ഞു:—

''ഇല്ല, ഇനി ഞാൻ പാപം ചെയ്കയില്ല. എന്നോട്ടു് അങ്ങേയ്ക്കനുകമ്പയുണ്ടായല്ലോ. ഭഗവാൻ, എന്നെ അവിടുന്നു സ്വീകരിക്കുമോ? ഞാനവിടത്തെ ആശ്രയിക്കുന്നു.'' അവൻ ദീഘദണ്ഡനമസ്കാരം ചെയ്തെഴുന്നേററു. താഴെക്കിടന്ന കൊലയായുധങ്ങളും, കഴുത്തിൽ കിടന്ന വിരൽമാലയും എടുത്തു് ആ കൊട്ടകാട്ടിനുള്ളിലേയ്ക്കു വലിച്ചെറിഞ്ഞു! ഭഗവാൻ അവനെ ആരാമത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി ധർമ്മോപദേശം ചെയ്തു ഭിക്ഷുവാക്കി.

അംഗുലീമാലനെ ജാലിതവനത്തിൽ ചെന്നു വേട്ടയാടാനുള്ള സംഘടിത ജനശക്തിയോടുകൂടി കോസലരാജാവു് പുറപ്പെട്ടു. സിംഹാസനങ്ങളെ ധമ്മശാസനങ്ങൾ നിയന്ത്രിച്ചിരുന്ന കാലമായിരുന്നു അതു്. ഭഗവാൻെറ അനുവാദത്തിനായി ജേതൃവനവിഹാരത്തിലെത്തി രാജാവു് ഭഗവാനോടു വിവരം പറഞ്ഞു. ഭഗവാൻ ചോദിച്ചു: ''രാജൻ, ഒരുപക്ഷേ അംഗുലീമാലൻ ഒരു ശ്രമണനായി (ബുദ്ധസന്യാസി) എന്നു വയ്ക്കുക. ആ ശ്രമണനെ കണ്ടാൽ അങ്ങെന്തു ചെയ്യും?''

"അതുണ്ടാകാത്ത കാര്യം"—രാജാവ് പറഞ്ഞു:-

"അങ്ങനെ കണ്ടാൽ ഞാൻ നമസ്കരിക്കും. അദ്ദേഹത്തിനു വേണ്ടതെല്ലാം കൊടുക്കും."

വിചിത്രാസനസ്ഥനായ ഭഗവാൻ ഇരുന്ന ഇരിപ്പിൽ, വിഹാരത്തിന്റെ ഒരു മുറിയിലേയ്ക്കു തന്റെ സ്വർണ്ണാഭമായ നീണ്ട കൈ ചൂണ്ടിക്കൊണ്ടു പറഞ്ഞു:-

"രാജൻ അതാ നോക്കു. താങ്കൾ അന്വേഷിക്കുന്ന അംഗുലീമാലൻ ഇന്നില്ല. ആ അംഗുലീമാലനില്ലുണ്ടായിരുന്ന അഹിംസകൻ ഇന്നു് അന്വത്ഥനാമാവായ ഒരു ശ്രമണനായിരിക്കുന്നു. അദ്ദേഹമാണു് അവിടെ ധ്യാനസ്ഥനായിരിക്കുന്നതു്."

രാജാവു് പെട്ടെന്നു് എഴുന്നേററു്, ആ മുറിയിലെ ധ്യാനസ്ഥനായ ശ്രമണന്റെ മുമ്പിൽ നമസ്കരിച്ചു.

ഭഗവാൻ ഒന്നു പുഞ്ചിരിക്കമാത്രം ചെയ്തു!

# പുനർജ്ജന്മം

അപാരവും അത്യഗാധവുമായ ഒരു പാരാവാരമാണ് സനാതനധർമ്മമെങ്കിൽ, അതിലെ ഒരു കീറാപ്പാറക്കെട്ടാണ് പുനജ്ജന്മം.

ലോകമതങ്ങളിൽ ഒട്ടധികവും, യുക്തിവാദികളെല്ലാവരും പുനർജ്ജന്മം എന്ന ഹൈന്ദവസിദ്ധാന്തത്തെ നിഷേധിക്കുന്നു. അതും ലാഘവത്തോടെ; പുച്ഛത്തോടെ. ക്രിസ്തുവിനു മുമ്പ് (ബി. സി.) 600 മുതൽ എ. ഡി. 200 വരെ ഭാരതത്തിൽ ഭാഗികമായെങ്കിലും പ്രചാരത്തിലിരുന്ന ചാർവ്വാകമതത്തിൻെറ ആചാര്യൻ, യുക്തിവാദത്തിൻെറ നിശിതമായ ഭാഷയിൽ പരിഹാസത്തിൻെറ തീക്ഷ്ണതയോടെ,

"ഭസ്മീഭൂതസ്യ ദേഹസ്യ
പുനരാഗമനം കുതഃ?"

എന്നു ചോദിച്ചിട്ടുണ്ട്. എന്നുവേണ്ടാ നിഷേധത്താൽ ഇത്ര വളരെ എളുപ്പമുള്ള ഒരു വിഷയം മതമേഖലയിൽ വേറേ ഇല്ല എന്നു പറയണം. ചക്ഷുരിന്ദ്രിയത്തിന് അഗോചരമായതിനെ വിശ്വസിക്കാതിരിക്കാനുള്ള മൗഢ്യത്തിന്റെ തേർവാഴ്ച ഇദാനീന്തനന്മാർക്കുന്നപോ

ലെ പ്രാചീനരിൽ പലക്കുമുണ്ടായിരുന്നു. ചാൎവ്വാകസിദ്ധാന്തങ്ങൾ വെന്തടിഞ്ഞ ചുടച്ചാമ്പലിൽനിന്നും കിളിൎത്തുപൊന്തിയ യുക്തിവാദത്തിന്നു്, ആധുനികഭൗതികവാദത്തിന്റെ വൎഷാപാതം താരും തളിരുമണിയിക്കുന്ന ഒരു വെറും 'ഓട്ടി'യുഗത്തിലാണു് നാം ഇന്നു ജീവിക്കുന്നതു്. അതുകൊണ്ടു് മതവിശ്വാസങ്ങളുടെ അധിഷ്ഠാനമായ സാക്ഷാൽ യുക്ത്യനുഭവമണ്ഡലം പഴഞ്ചനെന്നവഹേളിക്കപ്പെട്ടിരുന്നു. ഇരുപതാം നൂററാണ്ടിലേക്കു വളൎന്നുകയറി പാശ്ചാത്യരുടെ സയൻസ്, ഭാരതത്തിലെ ഋഷികളുടെയും 'കോടിസൂൎയ്യപ്രകാശപ്രതിഭാപ്രസര'നായ ആചാൎയ്യശങ്കരന്റെയും ആദ്ധ്യാത്മികസിദ്ധാന്തങ്ങളിലേക്കു വള്ളി നീട്ടാൻ തുടങ്ങിയിട്ടേയുള്ളു. പാശ്ചാത്യഭൗതികശാസ്ത്ര (സയൻസ്) മണ്ഡലത്തിലെ ഉജ്ജ്വലഭാസ്സുരനായ ആർതർ എഡിംഗ്ടൺ അദ്ദേഹത്തിന്റെ അവസാനഗ്രന്ഥത്തിൽ ഈ വസ്തുത തുറന്നു പറഞ്ഞിട്ടുണ്ടു്. ഐൻസ്റ്റീനും, ജീൻസും, വൈററ്ഹെഡുമൊക്കെ എഡിംഗ്ടന്റെ ചേരിയിൽ കാലുറപ്പിച്ചു നില്ക്കുന്നുമുണ്ടു്. അതുകൊണ്ടു് തികച്ചും ഭൂതമാത്രവിശ്വാസത്തിന്റേതായ ഈ കാലഘട്ടത്തിൽ പാശ്ചാത്യസയൻസിനെ ആശ്രയിക്കാതെതന്നെ ഭാരതീയരുടെ കീറാമുട്ടിയായ പുനൎജ്ജന്മസിദ്ധാന്തത്തിലേക്കു് ഒന്നെത്തിനോക്കുക മാത്രം ചെയ്യാം.

ഇവിടെ ഒരു കാൎയ്യംകൂടി മുഖമായി പറയേണ്ടതുണ്ടു്. മഹത്തായ സനാതനധൎമ്മസൗധത്തിൻെറ അസ്ഥിഭാരശിലയാണു് പുനൎജ്ജന്മസിദ്ധാന്തം. പക്ഷേ, ആ സിദ്ധാന്തത്തിൻെറ മാത്രമായ ഒരാധികാരികഗ്രന്ഥം ഇവിടെ കണ്ടെത്താവുന്നതല്ല. ഗൗതമൻെറ ന്യായശാസ്ത്ര

മാണു് ആ സിദ്ധാന്തപ്രപഞ്ചത്തിലേക്കു ശാശ്വതപ്രകാശം പരത്തുന്ന അനഘഗ്രന്ഥമെന്നുവേണം പറയാൻ.

ക്ലേശഭൂയിഷ്ഠമാണു് ജീവിതം; വേദനാഭരിതമാണു്. ഈ ജീവിതത്തിൽ അനുനിമിഷം അനുഭവപ്പെടുന്ന ആയിരമായിരം വിഷയങ്ങളുടെ സമ്മർദ്ദത്തിൽനിന്നു വിമുക്തിനേടുവാൻ ഒട്ടധികം സഹായിക്കുന്ന സയുക്തികമായ ഒരു സിദ്ധാന്തസംഹിതയത്രെ പുനർജ്ജന്മം. ഈ ജന്മംകൊണ്ടു സർവ്വവും അവസാനിക്കുന്ന ക്ഷണപ്രഭാചഞ്ചലമായ ഒരു മിന്നലൊളി മാത്രമല്ല ജീവിതമെന്നും ജീവാത്മാവിൻെറ സുദീർഘമായ ഭ്രമണസഞ്ചാരത്തിൽ മരണംതന്നെ ഒരു വിശ്രമംമാത്രമാണെന്നും, ആത്മാവിൻെറ അവ്യാഹതമായ വികാസപുരോഗതിയെ തടഞ്ഞുനിറുത്തുവാൻ ആർക്കുംതന്നെ സാദ്ധ്യമല്ലെന്നും ഉള്ള സയുക്തികവിശ്വാസം അമിതവും അമൃതോപമവുമായ ആശ്വാസത്തിന്നു നിദാനമാകുന്നു.

ചിന്താശക്തിയുടെ ഉജ്ജ്വലമായ വെളിച്ചത്തിൽ ഒരു പരിശോധനയ്ക്കു നാം പരികരബദ്ധരാവുക.

ഒരാൾ ജനിക്കുന്നതും മരിക്കുന്നതും നാം കാണുന്നുണ്ടു്. എന്നാൽ മരിച്ചയാൾതന്നെയാണീ ജനിച്ചതെന്നുള്ളതിന്നു വല്ല തെളിവുമുണ്ടോ? ഒരു പാത്രം ഉണ്ടാകുന്നതും ഉടയുന്നതും അതിൻെറ കാരണപദാർത്ഥമായ മണ്ണിൽനിന്നും വേറൊരു പാത്രം ഉണ്ടാകുന്നതും നമ്മുടെ അനുഭവത്തിലുണ്ടു്. ഇതിനെ ശാസ്ത്രഭാഷയിൽ 'പ്രത്യക്ഷപ്രമാണം' എന്നു വ്യവഹരിക്കുന്നു. എന്താണു് ഈ പ്രത്യക്ഷപ്രമാണം? പ്രമാണം എന്നാൽ 'പ്രമ'യുടെ ക

രണം എന്നാണർത്ഥം ഇന്ദ്രിയങ്ങൾ മുഖേന വെളിപ്പെടുന്നതുകൊണ്ടാണു് ഇതിനെ പ്രത്യക്ഷപ്രമാണമെന്നു പറയുന്നതു്. ഇന്ദ്രിയങ്ങൾക്കു് 'അക്ഷങ്ങൾ' എന്നു പേരുണ്ടു്. പ്രത്യക്ഷം എന്ന പദത്തിലെ 'പ്രതി' എന്ന ഉപസർഗ്ഗത്തിനു് 'പ്രതിഗതം' എന്ന അർത്ഥം കിട്ടുന്നു. പ്രതിഗതം എന്നുവച്ചാലോ, 'ആശ്രിതം' എന്നു അർത്ഥം. അതുകൊണ്ടു് ഇന്ദ്രിയങ്ങളെ ആശ്രയിച്ചിരിക്കുന്ന ജ്ഞാനം ഏതോ അതത്രെ പ്രത്യക്ഷപ്രമാണം. മണ്ണിൽനിന്നുണ്ടായ പാത്രം അതിൽതന്നെ വിലയിക്കുകയും പിന്നെയും ഉണ്ടാവുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്നു് പ്രത്യക്ഷപ്രമാണംകൊണ്ടു ഗ്രഹിക്കാം. എന്നാൽ ജീവാത്മാവിൻെറ ജനനമോ മരണമോ ഈ ദുർബ്ബലമായ പ്രത്യക്ഷപ്രമാണംകൊണ്ടു തെളിയിക്കാൻ കഴിയുന്നതല്ലെന്നുവരുന്നു. അതിനാൽ പ്രത്യക്ഷപ്രമാണം പുനർജ്ജന്മ വിശ്വാസത്തിന്നു സഹായകമല്ല. പിന്നെയോ? യാതൊന്നുകൊണ്ടു ജ്ഞാനം ഉണ്ടാകുന്നുവോ, അതുതന്നെ പ്രമാണം. എന്നാൽ ഒരു വിഷയത്തെക്കുറിച്ചുള്ള ജ്ഞാനം മൂന്നുവിധത്തിലുണ്ടാകാം: പ്രത്യക്ഷം; അനുമാനം; ആഗമം. അഗ്നിയുടെ സാന്നിധ്യമുള്ള പാകശാലയിൽ ഉള്ളതും, അഗ്നിയുടെ സാന്നിധ്യമില്ലാത്ത ജലാശയങ്ങളിലും മററും ഇല്ലാത്തതുമായ ധൂമത്തെ, പർവ്വതത്തിലോ പുൽക്കുമ്പാരങ്ങളിലോ കാണുമ്പോൾ, അവിടെ അഗ്നിയുണ്ടു് എന്ന സാമാന്യജ്ഞാനം ഉണ്ടാകുന്നു. ഇതുതന്നെയാണു് അനുമാനപ്രമാണം. അഗ്നിയുള്ളേടത്തു് പുകയുണ്ടു് എന്ന നിയതസാഹചര്യത്തെ—ഒരിക്കലും വ്യത്യാസപ്പെടാത്ത സഹഭാവത്തെ—ഗ്രഹിച്ചിരിക്കുന്നവർക്കു പർവ്വതത്തിലോ പുൽക്കുമ്പാരത്തിലോ, ഇടതടവി

ല്ലാതെ പൊങ്ങുന്ന ധൂമപടലത്തെക്കാണുമ്പോൾ അവിടെ അഗ്നിയുണ്ടെന്നുള്ള സാമാന്യജ്ഞാനമുണ്ടാകുന്നു. അടുക്കളയിൽനിന്നും മററുമുള്ള പ്രത്യക്ഷപ്രമാണമാണ് ഈ അനുമാനപ്രമാണത്തെ ഉപജീവിപ്പിക്കുന്നതു്. ആത്മാവിൻെറ ജനനം മരണം മുതലായ പ്രത്യക്ഷപ്രമാണങ്ങളല്ലായ്കയാലും അനുമാനം പ്രത്യക്ഷത്തെ അനുഗമിക്കുന്നതുകൊണ്ടും അനുമാനപ്രമാണപ്രകാരവും ആത്മാവിനു പുനർജ്ജന്മമുണ്ടെന്നു തെളിയുന്നില്ല. പിന്നെ വല്ല ശ്ലോകവും ചൊല്ലിയാൽ മതിയോ, പുനർജ്ജന്മം തെളിയിക്കാൻ?

ശ്ലോകങ്ങളും മഹാത്മാക്കളുടെ വചനങ്ങളുംകൊണ്ടു് സങ്കീർണ്ണമായ ഈ മഹാപ്രശ്നത്തിനു മതിയായ സമാധാനമുണ്ടാകുന്നില്ലെങ്കിൽ പിന്നെന്താണൊരു പോംവഴി? വിവിധങ്ങളായ ശിഥിലവിചാരങ്ങളിൽനിന്നും, ബഹുമുഖങ്ങളായ വിഭ്രമങ്ങളിൽനിന്നും മടങ്ങി നമ്മുടെ ബുദ്ധിയെ ഇവിടെ സജീവങ്ങളായ ചിന്തകൾക്കു വിധേയമാക്കണം. നമ്മുടെ ചിന്താസ്വാതന്ത്ര്യമാണു്, ഈ കാണിച്ച പൂർവ്വപക്ഷങ്ങളുടെ കൂരിരുട്ടിൽനിന്നും നമ്മെ സിദ്ധാന്തത്തിൻെറ വെളിച്ചത്തിലെത്തിക്കേണ്ടതു്.

ഒന്നാമതായി, അടിയുറച്ച ഒരു ശാസ്ത്രീയ് സിദ്ധാന്തത്തെ ഇവിടെ അപഗ്രഥിച്ച് കുലംകഷമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

"ജ്ഞാനജന്യാദ്ഭവേദിച്ഛ,
ഇച്ഛാജന്യാദ്ഭവേത് കൃതിഃ
കൃതിജന്യാദ്ഭാവച്ചേഷ്ടാ
ചേഷ്ടാജന്യാദ്ഭവേത് ക്രിയാ."

(ജ്ഞാനത്തിൽനിന്നു് ഇച്ഛയും, ഇച്ഛയിൽനിന്നു് കൃതി=ഉത്സാഹവും, കൃതിയിൽനിന്നു ചേഷ്ടയും, ചേഷ്ടയിൽനിന്നു ക്രിയയും ഉണ്ടാകുന്നു എന്നത്ഥം.) ഒരു കഷകൻ വയലിൽ കൃഷിചെയ്യുന്നു. ആ വ്യാപാരത്തിന്നു മുമ്പിൽ അയാളുടെ കരചരണാദ്യവയവങ്ങൾക്കു ചേഷ്ടയുണ്ടായിരിക്കണം. ചേഷ്ടക്കു കാരണമായി പ്രവൃത്തിയിൽ ഉത്സാഹവും, ഉത്സാഹത്തിൻെറ മുമ്പിലായി കഷകവൃത്തിയിൽനിന്നു കിട്ടുന്ന ആദായംകൊണ്ടു സുഖമായി ജീവിക്കാമെന്നുള്ള ഇച്ഛയും, ഇച്ഛയുടെ ദാതാവായി കൃഷിയെപ്പററിയുള്ള ജ്ഞാനവും അയാൾക്കു നിയതമായി ഉണ്ടായിരിക്കണം—ഉണ്ടായിരുന്നേ മതിയാവൂ. ഈ ദൈവികനിയമത്തെ ഉല്ലംഘിക്കുന്ന ഒരു കമ്മവും ഒരിടത്തും നടക്കുന്നില്ല. ഇതു് ഒന്നാന്തരം പ്രത്യക്ഷപ്രമാണമത്രെ.

ഈ ഉറപ്പേറിയ പ്രത്യക്ഷപ്രമാണവുമായി പ്രസൂതികാശയ്യയിൽ കിടക്കുന്ന ഒരു ചെറുപൈതലിനെ പരിശോധിക്കാം. ആ ചോരക്കുഞ്ഞു് അവൻെറ വിരൽ ഊററിക്കുടിക്കുകയാണു്. അതുവഴി ആ കാൎയ്യത്തിൻെറ നിയതസാഹചര്യം ചേഷ്ടാദികളുണ്ടെന്നുള്ള സാമാന്യജ്ഞാനംമൂലം അവനിൽ ആ പ്രവൃത്തിയെക്കുറിച്ചുള്ള ജ്ഞാനവും വ്യാപാരത്തിന്നായുള്ള ഇച്ഛാദിയും ഇരിപ്പുണ്ടെന്നു പ്രത്യക്ഷസിദ്ധമല്ലേ? ക്ഷുൽപിപാസാദിയുടെ നിവൃത്തിക്കുവേണ്ടി വല്ലതും കഴിക്കണമെന്നു് ആ കുഞ്ഞു് ഇച്ഛിക്കുകയും അതുവഴി പ്രവൃത്തിപരനാവുകയും ചെയ്യുതാണു് നാം കണ്ടതു്. എന്നാൽ പ്രവൃത്തിയുടെ പൂൎവ്വനിമിഷംവരെ ആ ചെറുകുഞ്ഞിന്നു് ആ വ്യാ

പാരത്തെക്കുറിച്ചുള്ള ജ്ഞാനം ഉണ്ടാവാനൊട്ടുമവസരവു മില്ല. അതുകൊണ്ടു് ആ കുഞ്ഞിന്റെ ജീവൻ പൂർവ്വത്തിൽ അനുഭവിച്ച ജ്ഞാനങ്ങളാണു് അവന്റെ വർത്തമാനത്തിലെ ഇച്ഛാദികൾക്കു കാരണമെന്നു് തീർച്ചയായും നമുക്കനുമാനിക്കാം. ശങ്കാകളങ്കം സ്പർശിക്കാത്ത മഹത്തായ ഒരനുമാനമാണിതു്. പ്രത്യക്ഷപ്രമാണത്തിന്റെ സഹായത്തോടുകൂടി ഉപജീവിക്കുന്ന ഈ അനുമാനപ്രമാണത്തെ ഇന്നോളമുമുള്ള ഒരു യുക്തിവാദത്തിനും നേരിടാൻ കഴിയുകയില്ല.

നാം ഒരു കുടം കാണുന്നു. അതു് ഉണ്ടായതും നശിക്കുന്നതും സാവയവത്വം തുടങ്ങിയ ധർമ്മങ്ങളോടുകൂടിയതുമാകയാൽ കാര്യഭൂതമത്രെ. എന്നാൽ കാര്യപദാർത്ഥമായ കുടത്തിനു ഒരു കർത്താവുണ്ടായിരിക്കണം. ഉണ്ടുതാനും. ഇതു് പ്രത്യക്ഷപ്രമാണമാണു്. ഈ പ്രപഞ്ചം ഉണ്ടായതും നശിക്കുന്നതുമാകയാൽ കാര്യഭൂതമാണെന്നതിൽ തർക്കമില്ല. കാര്യത്തിന്നു് കാരണമായി ഒരു കർത്താവുണ്ടായിരുന്നേതീരൂ എന്ന നിശ്ചയം ഈശ്വരാനുമാനത്തെ ഉപജീവിപ്പിക്കയും ചെയ്യുന്നു. അപ്പോൾ പ്രത്യക്ഷപ്രമാണത്തിൽ ഉപജീവിക്കുന്ന അനുമാനത്തെ തകർക്കുവാൻ സാധ്യമല്ലെന്നു വരുന്നു. അതുകൊണ്ടു് ജ്ഞാനം ഇച്ഛ മുതലായവയുടെ പിന്നാലെ കാലിടറാതെ നടന്നാൽ നാം നേരേ ചെന്നെത്തുന്നതു പുനർജ്ജന്മത്തിന്റെ ശ്രീകോവിലിലാണു്.

എന്നാൽ ഇവിടെ ഒരു ചോദ്യമുണ്ടു്. എന്തിനാണീ പുനർജന്മവിശ്വാസം? പാപം ചെയ്യാതിരിക്കാനും

പുണ്യം ചെയ്യാനുമാണ് പുനർജ്ജന്മവിശ്വാസമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ദേഹനാശത്തോടുകൂടി സർവ്വവും അവസാനിക്കുന്നില്ലെന്നും വാസനയും കാര്യവും അറെറാടുങ്ങുംവരെ ആത്മാവിന്നു ദേഹാന്തരപ്രാപ്തി നിയതമായി ഉണ്ടായിരിക്കുമെന്നും ഉള്ള യുക്ത്യനുഭവങ്ങളുടെയും ശാസ്ത്രത്തിന്റെയും സിദ്ധാന്തങ്ങളിലുള്ള വിശ്വാസം ജീവിതത്തിന്നു സമാശ്വാസവും സമാധാനവും നല്കുന്ന യാഥാർത്ഥ്യങ്ങളാകുന്നു.

ഒരു വീട്ടിൽനിന്നും മറെറാരു വീട്ടിലേക്കു മാറിത്താമസിക്കുന്ന ഒരാൾക്ക് ആദ്യത്തെ വീട്ടും അവിടുത്തെ അനുഭവങ്ങളും നല്ല ഓർമ്മയുണ്ടാകും. എന്നു മാത്രമല്ല, അവ പറയുവാനും കഴിയും. എന്നാൽ പഴയ ദേഹത്തെ ഉപേക്ഷിച്ച് പുതിയ ദേഹം കൈക്കൊണ്ട ഒരു ദേഹിക്ക് എന്തുകൊണ്ട് തൻെറ കഴിഞ്ഞ ജന്മത്തിലെ അനുഭവങ്ങൾ പറയുവാൻ സാധിക്കുന്നില്ല? ഇതൊരു ശരിയായ ചോദ്യമാണ്. ഇതിന്നു ശ്രദ്ധേയമായ ഉത്തരംതന്നെ പറയാം.

നമ്മുടെ ഉള്ളിൽ കോടാനുകോടി വിഷയങ്ങളെക്കുറിച്ചുള്ള ബോധസ്ഫുലിംഗങ്ങളുണ്ട്. വിഷയങ്ങളുടെ സാന്നിദ്ധ്യം ഇല്ലാത്ത അവസരത്തിലും ഒരുപക്ഷെ, നമുക്കവയെ സ്മരിക്കാൻ സാധിക്കുന്നു. നമ്മുടെ മുമ്പിൽ ഒരു വിളക്കു കത്തുന്നു. ഇന്ദ്രിയങ്ങളിൽക്കൂടി നമ്മുടെ മനോവൃത്തി ഒഴുകി വിളക്കിൻെറ ആകൃതിയെ വഹിക്കുന്നു. മനോവൃത്തിയുടെ ആകൃതിയിൽ ബോധവും വ്യാപരിക്കുന്നു. ഇങ്ങനെ എത്രകോടി വിഷയങ്ങളെ നേ

രിട്ട കണ്ടറിയുന്നുവോ ആ അറിവുകളെല്ലാം മനസ്സിൽ തന്നെ സൂക്ഷ്മമായി തങ്ങിക്കിടക്കുന്നു. ആ കിടപ്പിനെയാണു് വാസന, അഥവാ സംസ്കാരമെന്നു പറയുന്നതു്. അന്തർമ്മണ്ഡലത്തിൽ മങ്ങിമയങ്ങിക്കിടക്കുന്ന അത്തരം ബോധസ്ഫുലിംഗങ്ങളെ ഉണർത്തത്തക്കവണ്ണം വല്ല സംഭവങ്ങളുമുണ്ടാകുമ്പോൾ അവ ഉണരുകയായി. അവയത്രെ സ്മൃതിരൂപങ്ങളായ ബോധങ്ങൾ. ഉദ്ബോധജനകങ്ങളായ സംഗതികളെ നമുക്കു് സ്മരിക്കാൻ കഴിയുന്നതു് തലച്ചോറുമുഖേനയാണു്. ആ തലച്ചോറു ക്ഷയിച്ചു് നൂതനശരീരം പ്രാപിക്കുമ്പോൾ ആ ശരീരത്തിലെ തലച്ചോറും നൂതനമായിരിക്കും. അപ്പോൾ ശരീരാന്തരപ്രാപ്തനായ ദേഹിക്കു് ഭൂതകഥകൾ സ്മരിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതിലെന്താണത്ഭുതപ്പെടാനുള്ളതു്? അഴർത്തുകഴിഞ്ഞ കൊല്ലങ്ങളിലെ, മാസങ്ങളിലെ, ദിവസങ്ങളിലെ സംഭവങ്ങൾതന്നെ നമുക്കു്, പറയാനും ചിലപ്പോൾ ഓർക്കാൻതന്നെയും കഴിയുന്നില്ലെങ്കിൽ മരണയവനികയിൽ അന്തർദ്ധാനം ചെയ്ത ജീവാത്മാക്കൾക്കു് മുൻജന്മത്തിലുള്ള അനുഭവങ്ങൾ എങ്ങനെ അനുസ്മരിക്കാൻ കഴിയും? ഒരുദാഹരണംകൊണ്ടിതു വ്യക്തമാക്കാം. പ്രസംഗം കേൾക്കാൻ വന്നിരുന്ന ഒരാൾ കുറച്ചു നേരത്തേക്കു് അവിടെയിരുന്നു് ഒന്നുറങ്ങിപ്പോയെന്നുവയ്ക്കുക. അയാൾ ഒരു സ്വപ്നം കാണുന്നു എന്നും വയ്ക്കുക. ഈ ജനകീയ യുഗത്തിൽ, താനൊരു മന്ത്രിയായെന്നും രാജകീയസുഖങ്ങളൊക്കെ അനുഭവിക്കുന്നു എന്നുമായിരിക്കാം അയാൾ കാണുന്ന സ്വപ്നം. എന്നാൽ അയാൾക്കു് കല്പിതമായ സ്വപ്നലോകത്തിൽ വച്ചു്, താൻ ഇന്നയാളാണെന്നോ, ഇവിടെ പ്രസംഗം

കേൾക്കാൻ വന്നതാണെന്നോ, പ്രസംഗം കേൾക്കാൻ വന്നതുമുതൽ സ്വപ്നലോകത്തിലേക്ക പ്രവേശിക്കുംവരെ തനിക്ക് ഇന്നതെല്ലാം അനുഭവപ്പെട്ടിട്ടുണ്ടെന്നോ സ്മരിക്കവാൻ സാധിക്കുന്നില്ല എന്നിരിക്കെ,—കല്പിതമായ സ്വപ്നശരീരത്തിൽ പ്രവേശിച്ച ഒരു പുരുഷന്നു് ആ ലോകത്തിൽവച്ചു്, ജാഗ്രദവസ്ഥയിലുള്ള തലച്ചോറും ഇന്ദ്രിയങ്ങളും കരചരണാദ്യവയവങ്ങളുടെ സാന്നിദ്ധ്യം കൂടിയും ഉണ്ടായിട്ടും ഏതാനും നിമിഷങ്ങൾമാത്രം മുമ്പിൽ അനുഭവിക്കപ്പെട്ടവയെ അനുസ്മരിക്കുവാൻ സാധിക്കുന്നില്ല. എങ്കിൽ, തലച്ചോറും ശരീരവും ത്യജിച്ചു് അന്ധകാരമായ മരണമറയുടെ അപ്പുറത്തുകടന്നു് നൂതനമായ ശരീരവും തലച്ചോറും സ്വീകരിച്ചിരിക്കുന്ന ഒരു ദേഹിക്കു് തൻെറ അനുഭവങ്ങൾ അനുസ്മരിക്കാനോ പറയാനോ കഴിയുന്നില്ലെങ്കിൽ അതിലെന്തുണ്ടൊരു തെററു്?

അന്തഃകരണോപാധി മുഖേനയാണു്, ആത്മാവു പരിപൂൎണ്ണനാണെങ്കിലും അവനിൽ ഗമനാഗമങ്ങൾ കല്പിക്കുന്നതു്. വിസ്താരഭയത്താൽ ചുരുക്കട്ടെ, ഇവിടെ ബുദ്ധിമാന്മാർ സംശയരഹിതരും, ബുദ്ധിശൂന്യർ ശങ്കിച്ചു വിഷമിക്കുന്നവരുമാണു്. രണ്ടാമത്തെ കൂട്ടർ പുനർജന്മത്തെച്ചൊല്ലി കൊഞ്ഞനം കാട്ടുകതന്നെ ചെയ്യും.

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. ML    Acc No. 6391

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

ML

സ്വാമി ബ്രഹ്മവ്രതൻ
അത്തപ്പൂവുകൾ

6391